# ചൂണ്ടൽ ഗ്രാമപഞ്ചായത്ത്
# ISO-9001-2015

## ജനകീയാസൂത്രണ പദ്ധതി

## അവസ്ഥാരേഖ
## (സ്റ്റാറ്റസ് റിപ്പോർട്ട്)

**2026–2027**



## ഗ്രാമസ്വരാജ് നമ്മുടെ സ്വപ്നം



**ശ്രീ. പിണറായി വിജയൻ**
**കേരള മുഖ്യമന്ത്രി**



**ശ്രീ. എം.ബി. രാജേഷ്**
**തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി**

**നവകേരള സൃഷ്ടിക്കായ് നമുക്കൊന്നിക്കാം സർക്കാർ ഒപ്പമുണ്ട്**

# ഉള്ളടക്കം

1. ആമുഖം

2. പൊതുവിവരങ്ങൾ

3. സാമൂഹ്യ സാംസ്കാരിക ചരിത്രം

4. അധ്യായങ്ങൾ

    1. മൃഗ സംരക്ഷണം

    2. കാർഷികം

    3. വനിതാവികസനം

    4. പട്ടികജാതിക്ഷേമം

    5. പൊതുഭരണം

    6. സാമൂഹ്യനീതി

    7. ജൈവവൈവിധ്യം

    8. ദാരിദ്ര്യലഘൂകരണം

    9. ആരോഗ്യം

    10. കുടിവെള്ളം ശുചിത്വം

    11. ഉപസംഹാരം

# ആമുഖം



സുഹൃത്തേ,

കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി ആവിഷ്ക്കരിത്ത ജനകീയാസൂത്രണത്തിന്റെ കാൽനൂറ്റാണ്ട് കാലംകൊണ്ട് കേരളത്തിന് വിപ്ലവകരമായ വികസന നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ വികസന സൂചികകളിൽ കേരളം ദേശീയ തലത്തിൽ പ്രഥമസ്ഥാനം ലഭിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രധാനം പ്രാദേശികാസൂത്രണത്തിൽ നാം പുലർത്തുന്ന നിഷ്ഠയും മികവുമാണ്.

ഈ കാലയളവിൽ നിരവധി മാതൃകാപരമായ പദ്ധതികൾ നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കാനായിട്ടുണ്ട്. കൃഷി, ആരോഗ്യം, സമ്പൂർണ്ണശുചിത്വം, വിദ്യാഭ്യാസം, ഗതാഗതം, കുടിവെള്ളം തുടങ്ങിയ എല്ലാ രംഗത്തും നിരവധി വികസന പ്രവർത്തനങ്ങൾ ആണ് ഇക്കാലയളനിൽ നടന്നത്. ഈ പ്രവർത്തനങ്ങളെ വിലയിരുത്തുകയാണ് ഈ അവസ്ഥാരേഖ (Status Report)തയ്യാറാകുന്നതിലൂടെ ഉദ്ദേശിക്കുന്നത്. ഇതിന്റെ അടിസ്ഥാലനത്തിലാണ് പുതിയ പദ്ധതികൾ രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

കേന്ദ്ര സർക്കാർ പതിവുപോലെ തുടരുന്ന വിവേചനങ്ങളും സൃഷ്ടിക്കുന്ന പ്രതിസന്ധികളും സാമ്പത്തികഞെരുക്കങ്ങളും സംസ്ഥാന സർക്കാരിനെ വല്ലാതെ ബുദ്ധിമുട്ടിലാകുന്നുണ്ട്. എങ്കിലും കഴിഞ്ഞകാലങ്ങളിൽ സംസ്ഥാനം നേടിയ നേട്ടങ്ങളെയാകെ സംരക്ഷിച്ചും വിവിധ മേഖലകളിൽ വികസനം ഉറപ്പാക്കിയും മുന്നോട്ടുപോകുവാൻ സംസ്ഥാന സർക്കാരിനു സാധിച്ചിട്ടുണ്ട്. സർവ്വോന്മുഖമായ വികസനവും ത്വരിതഗതിയിലുള്ള സമ്പത്തിക വളർച്ചയും കൈവരിയ്ക്കുക എന്നതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാതലായ ദൗത്യം. ഈ ദൗത്യത്തിന് പൂരമായ നിലപാടുകളാണ് ഈ ഭരണസമിതിയും പിൻതുടരുന്നത്.

സംസ്ഥാന ഗവൺമെന്റിന്റെ നയസമീപനങ്ങൾക്ക് അനുസരിച്ച് കഴിഞ്ഞവർഷങ്ങളിൽ ഭൗതിക സാഹചര്യം വികസിപ്പിക്കുന്ന പദ്ധതിക്കൊപ്പം മാലിന്യസംസ്കരണ രംഗത്തും വൻ കുതിച്ചുചാട്ടമാണ് നാ നടത്തിയത്.

കഴിഞ്ഞകാല പദ്ധതികളോട് സഹകരിച്ച ത്രിതല പഞ്ചായത്ത് പ്രതിനിധികൽ ആസൂത്രണ സമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ എന്നിവരോടുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം തുടർപ്രവർത്തനങ്ങളിൽ നിങ്ങളേവരുടേയും സഹായ സഹകരണങ്ങൾ സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊള്ളുന്നു.

അഭിവാദ്യങ്ങളോടെ,
സിനി പ്രസാദ്
പ്രസിഡന്റ്, ചൂണ്ടൽ ഗ്രാമപഞ്ചായത്ത്

# ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| 1. | പേര് | : ചൂണ്ടൽ ഗ്രാമപഞ്ചായത്ത് |
| 2. | ഓഫീസ് ആസ്ഥാനം | : കേച്ചേരി |
| 3. | ഉൾപ്പെടുന്ന വില്ലേജുകൾ | : ചൂണ്ടൽ, എരനെല്ലൂർ, ചിറനെല്ലൂർ |
| 4. | ബ്ലോക്ക് പഞ്ചായത്ത് | : ചൊവ്വന്നൂർ |
| 5. | ജില്ലാ പഞ്ചായത്ത് | : തൃശൂർ |
| 6. | താലൂക്ക് | : കുന്നംകുളം |
| 7. | ലോകസഭ മണ്ഡലം | : തൃശൂർ |
| 8. | നിയമസഭ മണ്ഡലം | : മണലൂർ |
| 9. | വിസ്തീർണ്ണം | : 19.98 ച.കി.മീ. |

## അതിരുകൾ

| | |
|---|---|
| വടക്ക് | : കടങ്ങോട് പഞ്ചായത്ത് |
| കിഴക്ക് | : വേലൂർ-കൈപ്പറമ്പ് പഞ്ചായത്തുകൾ |
| തെക്ക് | : കണ്ടാണശ്ശേരി പഞ്ചായത്ത് |
| പടിഞ്ഞാറ് | : കണ്ടാണശ്ശേരി, ചൊവ്വന്നൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ | : 32436 |
| പുരുഷൻ | : 15295 |
| സ്ത്രീകൾ | : 17141 |
| ജനസാന്ദ്രത | : 1526 ച.കി.മീ. |
| വാർഡുകൾ | : 18 |
| സാക്ഷരത | : 95.6% |

# ഗ്രാമപഞ്ചായത്ത് ഭരണസമിതി



**സിനി പ്രസാദ്**
പ്രസിഡന്റ്



**ജിഷ സുനിൽകുമാർ**
വൈസ് പ്രസിഡന്റ്



**ഷൈല പുഷ്പാകരൻ**
വികസന സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**ജൂലറ്റ് വിനു**
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**സച്ചിൻ പ്രകാശ്**
ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാൻഡിംഗ്
കമ്മിറ്റി ചെയർപേഴ്സൺ



**ഷീബ ശിവരാമൻ**
മെമ്പർ, വാർഡ് 1



**രമേഷ് കെ.എം.**
മെമ്പർ, വാർഡ് 2



**ജെസ്സി ജോസഫ്**
മെമ്പർ, വാർഡ് 4



**ലിജു സി.എം.**
മെമ്പർ, വാർഡ് 5



**അനുഷ ഷാഫർ**
മെമ്പർ, വാർഡ് 6



**റസിയ അലി**
മെമ്പർ, വാർഡ് 7



**ഹക്കീം ടി.കെ.**
മെമ്പർ, വാർഡ് 8



**ടി.കെ. സെബി**
മെമ്പർ, വാർഡ് 9



**പോൾസൺ കെ.എൽ.**
മെമ്പർ, വാർഡ് 10



**സഹല പി.എസ്.**
മെമ്പർ, വാർഡ് 11



**ദിവ്യ നിഖിൽ**
മെമ്പർ, വാർഡ് 13



**ഷജിന**
മെമ്പർ, വാർഡ് 14



**ഉമ്മർ പി.എം.**
മെമ്പർ, വാർഡ് 16



**മിനി രാജേഷ്**
മെമ്പർ, വാർഡ് 17



**അനീഷ് ആന്റണി**
മെമ്പർ, വാർഡ് 19



**ശ്രീ. സുരേഷ്ഗോപി**
ബഹു. എം.പി. തൃശൂർ



**ശ്രീ. മുരളി പെരുനെല്ലി**
ബഹു. എം.എൽ.എ. മണലൂർ



**ശ്രീമതി. മേരി തോമസ്**
ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്



**ശ്രീ. സി.ജി. രഘുനാഥ്**
പ്രസിഡന്റ്, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്



**ശ്രീമതി ലീല രാമകൃഷ്ണൻ**
ജില്ലാ പഞ്ചായത്ത് അംഗം



**ശ്രീ.രാഗേഷ് കണിയാംപറമ്പിൽ**
ജില്ലാ പഞ്ചായത്ത് അംഗം



**ശ്രീമതി ജിനി കെ.എസ്.**
ബ്ലോക്ക് മെമ്പർ



**ശ്രീമതി രമ വേലായുധൻ**
ബ്ലോക്ക് മെമ്പർ



**ശ്രീ. ആന്റോ പോൾ**
ബ്ലോക്ക് മെമ്പർ



**ശ്രീമതി പ്രമിത സജീവ്**
ബ്ലോക്ക് മെമ്പർ



**ശ്രീ. മാറ്റ്ലി എം.സി.**
ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറി

## ചൂണ്ടൽ ഗ്രാമപഞ്ചായത്ത്

# ആസൂത്രണ സമിതി അംഗങ്ങൾ 2026 – 27

| ക്രമ നമ്പർ | പേര് | സ്ഥാ[redacted] | ഫോൺ നമ്പർ |
|---|---|---|---|
| 1. | **സിനി പ്രസാദ്**<br>പ്രസിഡന്റ്, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് | ചെയർപേഴ്സൺ | 9496046022 |
| 2. | **ടി.സി. സെബാസ്റ്റ്യൻ മാസ്റ്റർ** | വൈസ് ചെയർമാൻ | 9847718911 |
| 3. | **മാറ്റ്ലി എം.സി.**<br>സെക്രട്ടറി, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് | കൺവീനർ | 9496046023 |
| 4. | **പി.കെ.വത്സൻ** | പ്ലാൻ ഫെസിലിറ്റേറ്റർ | 9447068990 |
| 5. | **ഷൈല പുഷ്പാകരൻ** വികസന<br>സ്റ്റാന്റിംഗ് [redacted] | [redacted]മ്മിറ്റി മെമ്പർ | 9605552310 |
| 6. | [redacted] ക്ഷേമകാര്യ<br>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | കമ്മിറ്റി മെമ്പർ | 9446626886 |
| 7. | **സച്ചിൻ പ്രകാശ്** ആരോഗ്യ വിദ്യാഭ്യാസ<br>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | കമ്മിറ്റി മെമ്പർ | 9645636140 |
| 8. | **ജിഷ സുനിൽകുമാർ** ധനകാര്യ<br>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | കമ്മിറ്റി മെമ്പർ | 9645805189 |
| 9. | **ജിജുമാസ്റ്റർ** | കമ്മിറ്റി മെമ്പർ | 9846318739 |
| 10. | **എം.ബി. പ്രവീൺ** | കമ്മിറ്റി മെമ്പർ | 9961524770 |
| 11. | **അനൂപ് പി.ബി.** | കമ്മിറ്റി മെമ്പർ | 9526128401 |
| 12. | **രേഖ സുനിൽ** | കമ്മിറ്റി മെമ്പർ | 9072310132 |
| 13. | **എം.പീതാംബരൻ** | കമ്മിറ്റി മെമ്പർ | 9947467982 |
| 14. | **പി.കെ.രാജൻ മാസ്റ്റർ** | കമ്മിറ്റി മെമ്പർ | 9446995822 |
| 15. | **സെബാസ്റ്റ്യൻ ചൂണ്ടൽ** | കമ്മിറ്റി മെമ്പർ | 9656773351 |
| 16. | **ഫൈസൽ ടി.എ.** | കമ്മിറ്റി മെമ്പർ | 8129602640 |
| 17. | **ജയകൃഷ്ണൻ എ.** | കമ്മിറ്റി മെമ്പർ | 9847133083 |
| 18. | **എ.വി. വല്ലഭൻ** | കമ്മിറ്റി മെമ്പർ | 9496028504 |
| 19 | **കെ.എ. സെയ്ഫുദ്ദീൻ** | കമ്മിറ്റി മെമ്പർ | 9048389782 |
| 20 | **ആൻസി വില്ല്യംസ്** | കമ്മിറ്റി മെമ്പർ | 9526182684 |
| 21. | **പി. മാധവൻ** | കമ്മിറ്റി മെമ്പർ | 9747672274 |

## പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | : | മാറ്റ്ലി എം.സി. |
| അസി. സെക്രട്ടറി | : | ബിന്ദു ജോസഫ് |
| കൃഷി ഓഫീസർ | : | ഭുവന സി.എം. |
| അസി. എഞ്ചിനിയർ LSGD. | : | അരുൺ ടി. |
| മെഡിക്കൽ ഓഫീസർ PHC | : | ഡോ. ശ്രീകാന്ത് |
| മെഡിക്കൽ ഓഫീസർ ISM | : | ഡോ. ജാസ്സുലക്ഷ്മി |
| മെഡിക്കൽ ഓഫീസർ Homeo | : | ഡോ. പ്രേം ദീഷ്ന |
| വെറ്ററിനറി സർജൻ | : | ഡോ. പ്രിയ |
| ഹെഡ്മിസ്ട്രസ്സ് GUPS ചൂണ്ടൽ | : | ഷീജ ജോസ് |
| ICDS സൂപ്പർവൈസർ | : | ഷൈനി സി.ജെ. |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | : | ലിജി ഇ.പി. |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | : | പ്രിയ യു. |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | : | ജിഷ കെ.ജി. |

---

### എം. എൻ. ആർ. ഇ. ജി ജീവനക്കാർ

| | | |
|---|---|---|
| **അക്രഡിറ്റഡ് എഞ്ചിനിയർ** | : | **ധന്യ വി.** |
| **ഓവർസിയർ** | : | **രമേഷ് കെ.വി.** |
| **എക്കൗണ്ടന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ** | : | **കെ.ഡി.ആൻസി** |
| **ആതിര വി.വി.** | : | **ഡാറ്റ എൻട്രി** |

# ചൂണ്ടൽ ഗ്രാമപഞ്ചായത്ത്
# ഓഫീസ് ജീവനക്കാർ

| | | |
|---|---|---|
| 1. | മാറ്റ്ലി എം.സി. | സെക്രട്ടറി |
| 2. | ബിന്ദു ജോസഫ് | അസി. സെക്രട്ടറി |
| 3. | മഞ്ജുഷ | ഹെഡ് ക്ലർക്ക് |
| 4. | ശാലിനി എസ്.എസ്. | അക്കൗണ്ടന്റ് |
| 5. | സിന്ധു കെ.ടി. | സീനിയർ ക്ലർക്ക് |
| 6. | രേഖ പി.ആർ. | സീനിയർ ക്ലർക്ക് |
| 7. | മിനിമോൾ പി.എ. | സീനിയർ ക്ലർക്ക് |
| 8. | ആര്യ സി.എസ്. | ക്ലർക്ക് |
| 9. | | ക്ലർക്ക് |
| 10. | സന്ധ്യ എ.കെ. | ക്ലർക്ക് |
| 11. | അരുൺ ടി. | അസി. എഞ്ചിനിയർ (LSGD) |
| 12. | മിന്നു ഡേവിഡ് | ഓവർസിയർ ഗ്രേഡ് II (LSGD) |
| 13. | സജിത്ത് പി.എസ്. | ഓവർസിയർ (താൽക്കാലികം) |
| 14. | ശ്രീജ എ.എസ്. | ക്ലർക്ക് (താൽക്കാലികം) |
| 15. | ശരത് ചന്ദ്രൻ എം | ടെക്നിക്കൽ അസിസ്റ്റന്റ് |
| 16. | മേരി ജിഷ പി.ജെ. | ഹെൽത്ത് ഇൻസ്പെക്ടർ |
| 17. | നിമ്മി കെ.പി. | ഡാറ്റ എൻട്രി ഓപ്പറേറ്റർ |
| 18. | ലിസി എം.വി. | പാർട്ട് ടൈം സ്വീപ്പർ |
| 19. | നൗഷാദ് പി.ബി. | ഡ്രൈവർ |
| 20. | ബ്രോലിൻ റാഫേൽ | ഓഫീസ് അസിസ്റ്റന്റ് |
| 21. | അനുശ്രീ പി. വിജയൻ | ഓഫീസ് അസിസ്റ്റന്റ് |
| 22. | ഫസ്ന പി.എൻ | പ്രൊജക്ട് അസിസ്റ്റന്റ് |
| 23. | അമ്പിളി എൻ.കെ. | സാക്ഷരത പ്രേരക് |
| 24. | ത്രേസ്യാമ്മ ഇ.ഒ. | സാക്ഷരത പ്രേരക് |
| 25. | അർഷ | എസ്.സി. പ്രൊമോട്ടർ |

# മുൻ പഞ്ചായത്ത് ഭരണസമിതികൾ 1953 – 2025

**1. 1953–1962**

1. ടി. ജോസഫ് ജോർജ്ജ്
2. പി.പി.കൃഷ്ണൻകുട്ടി
3. പി.സി.ജോസ്
4. എൻ.രാമൻമേനോൻ
5. കെ.വി.ജോസഫ്
6. സി.സി.ഇയ്യപ്പൻ
7. പി.കെ.കുട്ടപ്പൻ

<u>പ്രസിഡന്റ്</u>
ടി. ജോസഫ് ജോർജ്ജ്

**2. 1964 – 1979**

1. കെ.പി.അരവിന്ദാക്ഷൻ
2. സി.യു.രാമൻ
3. പി.വി.കൃഷ്ണൻകുട്ടി
4. പി.ഐ.ചേറുകുട്ടി
5. ടി.കെ.ചാക്കോ
6. ടി.ഐ.കൊച്ചുവർക്കി
7. വി.പി.പോൾ
8. പി.ഐ.കുഞ്ഞുമോൻ
9. പി.കെ. ശാരദ

<u>പ്രസിഡന്റ്</u>
കെ.പി.അരവിന്ദാക്ഷൻ

**3. 1979 – 1988**

1. എ.എം.ഷൺമുഖൻ
2. ടി.എം.പോൾ
3. ഐ.വി.ഇയ്യുകുട്ടി
4. സി.എം.ഗോപാലൻ
5. എം.കെ.വാസുദേവൻ
6. പി.സി.ജോസ്
7. പി.മാധവൻ
8. ടി.ചന്ദ്രൻ
9. ടി.എൻ.ത്രേസ്യ
10. കെ.എം. ഐമുണ്ണി

<u>പ്രസിഡന്റ്</u>
എ.എം. ഷൺമുഖൻ

**4. 1988 – 1995**

1. വി.പി.പോൾ
2. പി.എ.ഉമ്മർമാസ്റ്റർ
3. എൻ.പി.മേരി
4. പി.കെ.പങ്കുണ്ണി
5. സി.എം.ഗോവിന്ദൻ
6. ഉഷ ജോസ്
7. എം.എ.സുബ്രഹ്മണ്യൻ
8. ആഷിക് മുഹമ്മദ്
9. സി.കെ.ജോസ്
10. പി.മാധവൻ
11. ടി.ആർ.സുബ്രഹ്മണ്യൻ

<u>പ്രസിഡന്റുമാർ</u>

വി.പി.പോൾ

എം.എ.സുബ്രഹ്മണ്യൻ

പി.മാധവൻ

**5. 1995–2000**

1. എൻ.പി.മേരി ടിച്ചർ
2. എം.കെ.കുഞ്ഞുമോൻ
3. വി.പി.പോൾ
4. കെ.രാജലക്ഷ്മി
5. സുമ മോഹൻദാസ്
6. എ.വി.വല്ലഭൻ
7. സുഭദ്ര സുബ്രഹ്മണ്യൻ
8. ജോഷികുമാർ വി.ആർ.
9. തോമസ് മാങ്ങൻ
10. എൻ.കെ.മുഹമ്മദ്കുട്ടി
11. ബീന വിജയൻ

<u>പ്രസിഡന്റുമാർ</u>

സുമ മോഹൻദാസ്

എൻ.പി.മേരിടീച്ചർ

സുഭദ്ര സുബ്രഹ്മണ്യൻ

**6. 2000 – 2005**

1. എം.ബി.പ്രവീൺകുമാർ
2. ജോസ് പോൾ ടി.
3. എം.എ.സുബ്രഹ്മണ്യൻ
4. പി.കെ.സുഗതൻ
5. കെ.എ. അലി
6. സക്കീന അബ്ദുള്ളമാസ്റ്റർ
7. പുഷ്പലത ബാബു
8. ലിറ്റസ് ടീച്ചർ
9. ടി.സി.സെബാസ്റ്റ്യൻമാസ്റ്റർ
10. കെ.എം.കുഞ്ഞുമുഹമ്മദ്
11. കെ.പി.വിശ്വനാഥൻ
12. സെഫിയ ഇബ്രാഹിം
13. സി.സി.ശ്രീകുമാർ
14. കൊച്ചുറാണി ജോയ്

<u>പ്രസിഡന്റുമാർ</u>

എം.എ.സുബ്രഹ്മണ്യൻ

കൊച്ചുറാണി ജോയ്

ജോസ് പോൾ ടി.

**7. 2005 – 2010**

1. പി.കെ.ജയശ്രീ
2. ഐ.വി.ഇയ്യുകുട്ടി
3. എ.കെ.ജെയിംസ്
4. സെഫിയ ഇബ്രാഹിം
5. എൻ.എ.ഇക്ബാൽ
6. ടി.ടി. നിക്സൻ
7. കെ.ഐ.ചന്ദ്രൻ
8. തങ്ക കുമാരൻ
9. അജി കുയിലത്ത്
10. ലിസി ബേബി
11. ബീന & കോമളം കൃഷ്ണൻ
12. പി.എ.പ്രകാശൻ
13. കെ.പി.രമേഷ്
14. രമ മനോഹരൻ
15. സി.സി.ശ്രീകുമാർ
16. ടി.എ.മുഹമ്മദ് ഷാഫി
17. എ.എ.അബ്ബാസ്

പ്രസിഡന്റ്
കെ.പി.രമേഷ്

**8. 2010 – 2015**

1. കെ.പി.രമേഷ്
2. കെ.വനജ
3. വിജി സുബ്രഹ്മണ്യൻ
4. പി.വി.വിശ്വംഭരൻ
5. ഷെറീന സിദ്ധിഖ്
6. വി.കെ.സുനിൽകുമാർ
7. പ്രിയദർശിനി സുരേഷ്
8. ടി.ഒ. സെബി
9. ലൗസി ജോൺസൺ
10. ടി.സി.സെബാസ്റ്റ്യൻ മാസ്റ്റർ
11. പി.ബി. നൗഷാദ്
12. പി.ടി.ജോസ്
13. ടി.എസ്. ബിന്ദു
14. സെഫിയ ഇബ്രാഹിം
15. എം.എ. സുബൈർ
16. സി.വി.വത്സൻ
17. മേഴ്സി ജോർജ്
18. മാഗി ജോൺസൺ

പ്രസിഡന്റ്
സെഫിയ ഇബ്രാഹിം

**9. 2015 – 2020**

1. രേഖ സുനിൽ
2. എം.ബി. പ്രവീൺ
3. സ്നുഗിൽ സുബ്രഹ്മണ്യൻ
4. വി.സി. സിനി
5. പി.കെ. സുഗതൻ
6. ഷീബ ജയപ്രകാശൻ
7. കെ.എസ്. കരീം
8 ഷാന്റി ജോസ്
9. ഹരിഹരസുതൻ (ഷാജി കുയിലത്ത്)
10. ആൻസി വില്ല്യംസ്
11. ശാന്ത ഹരിദാസൻ
12. സ്റ്റെല്ല ജോസ്
13. കെ.പി. രമേഷ്
14. യു.വി. ജമാൽ
15. ഷീജ അശോകൻ
16. ഷൈല പുഷ്പാകരൻ
17. എം.കെ. ആന്റണി
18. മുഹമ്മദ് ഷാഫി

പ്രസിഡന്റ്
കെ.എസ്. കരീം

**10. 2020 – 2025**

1. കെ.ടി. ബാലകൃഷ്ണൻ
2. രേഖ സുനിൽ
3. ജൂലറ്റ് വിനു
4. എൻ.ഡി. സജിത്കുമാർ
5. നജ്‌ല സിറാജുദ്ദീൻ
6. ആന്റോ പോൾ വി.
7. അഞ്ജു പ്രേമദാസ്
8 ടി.പി. പ്രജീഷ്
9. സ്മിത ഷാജി
10. ധനേഷ് ചുള്ളിക്കാട്ടിൽ
11. പി.എസ്. സന്ദീപ്
12. പി.ടി. ജോസ്
13. സുനിത ഉണ്ണികൃഷ്ണൻ
14. വി.പി. ലീല
15. ഹസനുൽ ബന്ന
16. ജിഷ്ണു എൻ.എസ്.
17. നാൻസി ആന്റണി
18. മാഗി ജോൺസൺ

പ്രസിഡന്റ്
രേഖ സുനിൽ

# സാമൂഹ്യ സാസ്കാരിക ചരിത്രം

ഇന്നത്തെ തലപ്പിള്ളി താലൂക്കിന് പുറമെ പൊന്നാനി മുതൽ ചേറ്റുവ വരെയുള്ള തീരപ്രദേശവും കൂടി ഉൾപ്പെട്ട 74 വില്ലേജുകൾ അന്ന് തലപ്പിള്ളി രാജവംശത്തിന് കീഴിലായിരുന്നു. അവരുടെ തലസ്ഥാനമാകട്ടെ ഇന്ന് ചിറ്റിലപ്പിള്ളി എന്നറിയപ്പെടുന്ന ചിറ്റുതലപ്പിള്ളി ആയിരുന്നു. സംഘകാലകൃതികളിൽ ഊര്, പട്ടണം, തെരുവ്, ചേരി എന്നെല്ലാം ചേർത്താണ് പ്രധാന സ്ഥലങ്ങൾക്ക് പേര് നൽകിയിരുന്നത്. തലപ്പിള്ളി രാജവംശത്തിന് കീഴിലുള്ള വിവിധ സ്ഥലങ്ങളിൽ വടക്കുള്ള വടക്കാം ചേരിക്കും, കീഴ്ഭാഗത്തുള്ള കീഴ്ചേരി എന്നറിയപ്പെടുന്ന ഇന്നത്തെ കേച്ചേരിക്കും അന്നേ വൻ വാണിജ്യപ്രാധാന്യമുണ്ടായിരുന്നു. ഇതിനോട് ചേർന്ന് കിടക്കുന്ന അന്നത്തെ 16 വില്ലേജുകൾ ഉൾപ്പെട്ട ചൂണ്ടൽ പ്രവിശ്യ അഥവാ ചൂണ്ടൽ പ്രവൃത്തി എന്നൊക്കെ അറിയപ്പെട്ടിരുന്ന ചൂണ്ടൽ ആസ്ഥാനമായ പ്രദേശം പണ്ടുമുതലേ സമ്പന്നമായിരുന്നു എന്ന് പ്രശസ്ത ചരിത്രകാരനായ വി.വി.കെ. വാലത്ത് കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'കേരളത്തിലെ സ്ഥലനാമ ചരിത്രങ്ങൾ' എന്ന പുസ്തകത്തിൽ പറയുന്നു.

വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്കാലത്ത് പഞ്ചായത്തുകളെ ഗ്രേഡ് ചെയ്തിരുന്നു. ഇതിൽ മലബാർ എന്നും കൊച്ചി എന്നും പ്രദേശങ്ങൾ വിഭജിക്കപ്പെട്ടിരുന്നതിൽ കൊച്ചി പ്രദേശത്ത് മൂന്ന് ഗ്രേഡ് വൺ പഞ്ചായത്തുണ്ടായിരുന്നതായും അതിലൊന്നായിരുന്നു ചൂണ്ടൽ എന്നും ചരിത്രകാരന്മാർ അവകാശപ്പെടുന്നുണ്ട്. സ്വാതന്ത്ര്യം ലഭിക്കുന്നതിന് വളരെ മുമ്പു തന്നെ ഇവിടെ ചൂണ്ടൽ മാതൃകാ പഞ്ചായത്ത് രൂപം കൊണ്ടിരുന്നു. ഇന്നത്തെ കണ്ടാണശ്ശേരി കൂടി ഉൾപ്പെട്ടതായിരുന്നു അന്നത്തെ ചൂണ്ടൽ പഞ്ചായത്ത്. ഈ പഞ്ചായത്തിന് അന്നു തന്നെ പ്രസിഡണ്ട് വൈസ് പ്രസിഡണ്ട്, മെമ്പർമാർ എന്നിവരുണ്ടായിരുന്നു. കണ്ടെഴുത്തും കേട്ടെഴുത്തും പ്രകാരംഭൂമിയുടെ കൈവശാവകാശം തിട്ടപ്പെടുത്തി റവന്യു നികുതി അടയ്ക്കുന്ന സമ്പ്രദായം അന്ന് നിലവിലുണ്ടായിരുന്നു. ഈ നികുതി അടയ്ക്കുന്നവർക്ക് മാത്രമായിരുന്നു അന്ന് വോട്ടവകാശം ഉണ്ടായിരുന്നത്. എല്ലാവരും കൂടിയിരുന്ന് കൈപൊക്കി കാണിച്ചായിരുന്നു മെമ്പർമാരെ തെരഞ്ഞെടുത്തിരുന്നത്. ഇതിനുപുറമെ നോമിനേറ്റ് ചെയ്യപ്പെട്ടിരുന്ന പറോത്തിക്കാരൻ എന്നറിയപ്പെടുന്ന വില്ലേജ് ഓഫീസറും കൂടി ഉൾപ്പെട്ടതായിരുന്നു അന്നത്തെ ഭരണസമിതി. മാസത്തിലൊരിക്കലായിരുന്നു അന്ന് സാധാരണ മീറ്റിംഗുകൾ കൂടിയിരുന്നത്. സാധാരണ മീറ്റിംഗുകളിൽ മൂന്നിലൊന്ന് സ്പെഷ്യൽ മീറ്റിംഗുകളിൽ രണ്ടിലൊന്നുമായിരുന്നു. അന്നത്തെ കോറം. അത്യാവശ്യഘട്ടങ്ങളിൽ പ്രസിഡണ്ടിനോ എക്സിക്യൂട്ടീവ് അതോറിറ്റിക്കോ മുൻകൂട്ടി അനുവാദം വാങ്ങാതെ തന്നെ പ്രവൃത്തികൾ നടത്താൻ കഴിയുമായിരുന്നു. പക്ഷെ അടുത്ത മീറ്റിംഗിൽ അത് അവതരിപ്പിച്ച് അംഗീകാരം നേടണമെന്നത് നിർബന്ധമായിരുന്നു. എല്ലാവർഷവും ഓഡിറ്റ് നടത്താൻ ലോക്കൽ ഫണ്ട് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. കാഞ്ഞിങ്ങാട്ട് ശങ്കരൻ നായർ, ചൂണ്ടൽ പരുവക്കാട്ട് അപ്പുമേനോൻ, മറ്റം ചെമ്പ്ര ഐപ്പുണ്ണി എന്നിവർ ആദ്യകാല പ്രസിഡണ്ടുമാരും അവർക്ക്ശേഷം നോമിനേഷൻ സമ്പ്രദായം നിലവിൽ വന്നതോടെ സി.സി. തോമസ് മാസ്റ്റർ, പാറന്നൂർ പുറവൂർ കേശവകൈമൾ എന്നിവരും പ്രസിഡണ്ടുമാരായിട്ടുണ്ട്. അന്ന്

പഞ്ചായത്ത് കെട്ടിടം നിലനിന്നിരുന്നത് എടവന ഗണേശൻ നമ്പൂതിരി സൗജന്യമായി നൽകിയതും ഇന്ന് വില്ലേജ് ഓഫീസ് നിലനിൽക്കുന്നതുമായ സ്ഥലത്തായിരുന്നു.

തുടർന്ന് കൊച്ചി ആസ്ഥാനമായി കൊച്ചി പ്രജാമണ്ഡലം രൂപംകൊള്ളുകയും ചൂണ്ടലിൽ നിന്നും നിരവധി പേർ സ്വാതന്ത്ര്യസമരത്തിൽ പങ്കാളിയാവുകയും ചെയ്തു. 1947ൽ ഭാരതം സ്വതന്ത്രമായതിനുശേഷം ചൂണ്ടലിനെ പുനർവിഭജനം നടത്തുകയും 1952-53ൽ തലപ്പിള്ളി താലൂക്കിന് കീഴിൽ ചൂണ്ടൽ, എരനെല്ലൂർ, ചിറനെല്ലൂർ വില്ലേജുകളടങ്ങുന്ന ഇന്നത്തെ ചൂണ്ടൽ പഞ്ചായത്ത് നിലവിൽ വരികയും ചെയ്തു. 1953ൽ നടന്ന തെരഞ്ഞെടുപ്പിൽ ടി ജോസഫ് ജോർജ്ജ് പ്രസിഡണ്ടായി ആദ്യത്തെ ജനകീയ സമിതി അധികാരത്തിൽ വന്നു. 1960 ജനുവരി പതിനെട്ടിന് എറണാകുളത്ത് വെച്ച് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ശ്രീ. ജവഹർലാൽ നെഹ്റു കേരളത്തിൽ പഞ്ചായത്തീരാജിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തിയതോടെ എല്ലാ പഞ്ചായത്തുകളും പുതിയ നിയമ സംവിധാനത്തോടെ പ്രവർത്തനം തുടങ്ങി. 1976ൽ ചൂണ്ടൽ പഞ്ചായത്തിന്റെ ആസ്ഥാനം ഇന്നത്തെ കേച്ചേരിയിലേക്ക് മാറ്റി വാടകക്കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. 1984 ആഗസ്റ്റ് പഞ്ചായത്ത് പുതുതായി നിർമ്മിച്ച സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി.

തൃശൂരിൽ നിന്നും 17 കി.മീ. വടക്കുമാറി സ്ഥിതി ചെയ്യുന്ന ചൂണ്ടൽ പഞ്ചായത്ത് അക്ഷാംശം വടക്ക് 10 36’നും 10 30 വടക്കിനും ഇടയിൽ പൂർവ്വ രേഖാംശം 76’ 0’ 41” കിഴക്കിനും 76’ 8’ 47.5’ ഇടയിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ പ്രദേശത്ത് ഏറ്റവും ഉയരത്തിൽ നിൽക്കുന്ന പെരുമല കുന്നിന് സമുദ്രനിരപ്പിൽ നിന്നും 87 മീറ്റർ ഉയരമുണ്ട്. എന്നാൽ ഏറ്റവും താഴ്ന്ന പ്രദേശമായ പറപ്പൂർ കായൽ സമുദ്ര നിരപ്പിൽ നിന്നും 1 മീറ്റർ ഉയരത്താണ്. പഞ്ചായത്തിന്റെ ചെരിവ് 2 മുതൽ 25 വരെ വടക്ക് കിഴക്ക് ഭാഗത്തുനിന്നും തെക്ക് പടിഞ്ഞാറോട്ടാണ്. ഇവിടെ 45% പ്രദേശം എക്കൽ മണ്ണും, 25% പ്രദേശം ചരലും, 25% പ്രദേശം ചെങ്കല്ലും, 5% പ്രദേശം പാറയുമാണ്. ഇതൊരു കാർഷിക പ്രദേശമാണ്. നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, കശുമാവ്, മരച്ചീനി, പച്ചക്കറികൾ, പശു, ആട്, കോഴി എന്നിവയാണ് പ്രധാനകൃഷി. അതിവിടെ ഒരു സംസ്കാരത്തിന്റെ ഭാഗമായി നിലനിർത്തിപ്പോരുന്നു. മാർച്ച് മുതൽ മെയ് വരെ നല്ല ചൂടുള്ള കാലാവസ്ഥയും, ജൂൺ മുതൽ ആഗസ്റ്റ് വരെ തെക്ക് പടിഞ്ഞാറൻ മൺസൂൺ അഥവാ കാലവർഷവും ഒക്ടോബർ മുതൽ നവംബർ വരെ വടക്കു കിഴക്കൻ മൺസൂൺ അഥവാ തുലാവർഷവും, ഡിസംബർ മുതൽ ഫെബ്രുവരി വരെ നല്ല തണുപ്പുള്ള മഞ്ഞുകാലവുമാണ്.

സമുദ്രനിരപ്പിൽ നിന്നും ഏകദേശം ആറായിരം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന മച്ചാട് മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന കേച്ചേരി പുഴയുടെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന പെരുമല കുന്നും ചൂണ്ടൽകുന്നും അവിടെ യഥേഷ്ടം പുഴയ്ക്ക് കുറുകെ കടന്നുപോകുന്ന ദേശീയപാതയും, അതിനിരുഭാഗത്തുമുള്ള നെൽവയലുകളും നിരവധി തോടുകളും, കാവുകളും, കുളങ്ങളും ചൂണ്ടൽപാറയും, ചിറനെല്ലൂർ കോട്ടയുടെ അവശിഷ്ടങ്ങളും പാറന്നൂർ ചിറയും ഉൾക്കൊള്ളുന്നു.

ആയുർവേദ ചികിത്സാരംഗത്തും ചൂണ്ടലിന് എക്കാലത്തും അഭിമാനിക്കാവുന്നവരാണ്

അഷ്ടവൈദ്യന്മാരിലെ ഒരു കുടുംബമായ ആലത്തിയൂർ നമ്പിയുടെ കുടുംബം. കൊട്ടാരത്തിൽ ശങ്കുണ്ണി എഴുതിയ ഐതിഹ്യമാലയിൽ പോലും ആലത്തിയൂർ നമ്പിയെ പരാമർശിക്കുന്നുണ്ട്. ബലാചികിത്സാ രംഗത്തും നേത്രചികിത്സാരംഗത്തും പ്രകാശിച്ചുനിൽക്കുന്ന കൊടയ്ക്കാട് വൈദ്യ കുടുംബവും ചൂണ്ടലിന്റെ പേര് വാനോളം ഉയർത്തിയിട്ടുണ്ട്. മറ്റ് നിവരവധി വൈദ്യകുടുംബങ്ങ ളുടെയും, നേത്രചികിത്സകരുടെയും വിഷ ചികിത്സകരുടെയും നാട് കൂടിയാണിത്. ഏതുതരം അസ്ഥിരോഗങ്ങൾക്കും പച്ചമരുന്നുകളും ഉഴിച്ചിൽ പിഴിച്ചിൽ തുടങ്ങിയ ചികിത്സാരീതിയിലൂടെ ഭേദമാക്കിയിരുന്ന പന്തീരായിൽ അപ്പുട്ടി വൈദ്യരും, വിഷചികിത്സാരംഗത്ത് പ്രവർത്തിച്ചിരുന്ന പാറന്നൂർ ചെറുവത്തൂർ മാത്തു, വറീത് തുടങ്ങിയവരുംസ പെരുമണ്ണ് എടയ്ക്കാടത്ത് കുടുംബ ക്കാരും ചൂണ്ടൽ പൂലോത്ത് കൃഷ്ണനന്ഡ നായർ എന്നീ വിഷവൈദ്യരും, മൃഗചികിത്സാരംഗത്ത് പ്രവർത്തിച്ചിരുന്ന ചൂണ്ടൽ ഇട്ട്യേച്ചൻ വൈദ്യർ, തോമ വൈദ്യർ, ചാക്കുണ്ണി വൈദ്യർ, പറപ്പൂപ റമ്പിൽ ഇറ്റാമകുട്ടി വൈദ്യർ, തലക്കോട്ടുകര ഗോവിന്ദൻ വൈദ്യർ, കുട്ടൻ വൈദ്യർ, തെക്കേക്കര ചേറുകുട്ടി എന്നിവരെല്ലാം ചികിത്സാരംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രശസ്ത കവി യൂസഫലി കേച്ചേരി, ആനചികിത്സാവിദഗ്ധൻ ഡോ. രാധാകൃഷ്ണൻ കൈമൾ, സംസ്കൃത പണ്ഡിതൻ ഇ.പി.ഭരതപിഷാരടി, ഭാഷാപണ്ഡിതനും പത്രാധിപരുമായിരുന്ന പി.ടി.ലാസർ, പ്രശസ്ത ചിത്രകാരൻ സി.എൽ. ചിത്രകാരൻ എന്നിവരെല്ലാം നമ്മുടെ പഞ്ചായത്തിന്റെ പ്രശ സ്തിയുയർത്തിയവരാണ്.

1953 മുതൽ 2020 വരെ 10 ഭരണസമിതികളാണ് ചൂണ്ടൽ പഞ്ചായത്തിൽ ഭരണം നടത്തിയത്. 9 ഭരണസമിതികളിലായി 15 പ്രസിഡന്റുമാരാണ് ഉണ്ടായിട്ടുള്ളത്. 1953 മുതൽ 1962 വരെ ടി. ജോസഫ് ജോർജ്ജും 1964 മുതൽ 1979 വരെ കെ.പി. അരവിന്ദാക്ഷനും 1979 മുതൽ 1988 വരെ എ. എം ഷൺമുഖനും 88 മുതൽ 95 വരെ വി.പി. പോൾ, എം.എ. സുബ്രഹ്മണ്യൻ, പി. മാധവൻ എന്നിവരും 96 മുതൽ 2000 വരെ സുമ മോഹൻദാസ്, എം. പി. മേരി ടീച്ചർ, സുഭദ്ര സുബ്രഹമണ്യൻ എന്നിവരും 2000 മുതൽ 2005 വരെ എം. എ. സുബ്രഹ്മണ്യൻ, കൊച്ചുറാണി ജോയ്, ജോസ്പോൾ ടി. എന്നിവരും 2005 മുതൽ 2010 വരെ കെ.പി. രമേഷും, 2011 മുതൽ 2015 വരെ സെഫിയ ഇബ്രാഹിമും, 2016 മുതൽ 2020 വരെ കെ.എസ്. കരീമുമാണ് പ്രസിഡന്റുമാർ. ഇപ്പോൾ രേഖ സുനിൽ ആണ് പ്രസിഡന്റ്. ഏറ്റവും കൂടുതൽ കാലം പഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിച്ചത്. ശ്രീ. കെ.പി. അരവിന്ദാക്ഷനാണ്. 16 വർഷം.

1953 – 1996 വരെയുള്ള 43 വർഷക്കാലം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പരിമിത അധികാരം മാത്രമുള്ള ഒരു സ്ഥാപനം മാത്രമായിരുന്നു. എന്നാൽ ഇക്കാലയളവിൽ പരിമിതികൾക്കുള്ളിൽ നിന്നും നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ അന്നത്തെ ഭരണസമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ ഇന്നുള്ള പല സ്ഥാപനങ്ങളും നിലവിൽവന്നത് ഇക്കാലയളവിലാണ്. പഞ്ചായത്തിലെ ഭൂരഹിതരും ഭവനരഹിതരുമായവർക്കുവേണ്ടി സ്ഥലം വാങ്ങി 4 സെന്റ് വീതം പതിച്ചു നൽകി 5 കോളനികൾ ആരംഭിച്ചത് ഈ കാലയളവിലാണ്. പഞ്ചായത്തിൽ ഇന്നുള്ള ഭൂരിപക്ഷം സർക്കാർ ഓഫീസുകളും പ്രവർത്തനം തുടങ്ങിയത് ഇക്കാലത്താണ്.

വൈദ്യുതി, ഗതാഗതം, കുടിവെള്ളം എന്നീ മേഖലകളിൽ ഈ കാലയളവിൽ ഏറെ

മുന്നേറുവാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മഹാഭൂരിപക്ഷം പ്രദേശത്തും തെരുവു വിളക്കുകൾ സ്ഥാപിച്ചു കഴിഞ്ഞു. പഞ്ചായത്തിലെ 90% ശതമാനത്തിലധികം ഗ്രാമീണ റോഡുകളും ടാറിങ്ങ് പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികജാതി കോളനികളിലെ മുഴുവൻ റോഡുകളും ടാറിങ്ങ് പൂർത്തിയായി കഴിഞ്ഞു. പഞ്ചായത്തിൽ18 വാർഡുകളിലായി 32 സ്വാശ്രയകുടിവെള്ള പദ്ധതികളുണ്ട്. K.W.A. യുടെ പൈപ്പ് ലൈനുകളും പഞ്ചായത്തിന്റെ 80% പ്രദേശത്തും ഉണ്ട്. എന്നാൽ കുടിവെള്ള രംഗത്ത് ഇപ്പോഴും വലിയ പ്രതിസന്ധി നേരിടുകയാണ്. നിലവിൽ പഞ്ചായത്തിന്റെ 80% പ്രദേശവും വരൾച്ച ബാധിതപ്രദേശമാണ്. ഈ അവസ്ഥക്ക് മാറ്റം വരുത്താൻ സാധിക്കണം. ഭവനനിർമ്മാണരംഗത്ത് നിരവധിയാകുന്ന പദ്ധതികൾ പിന്നിട്ട നാളുകളിൽ നടത്തിയെങ്കിലും ഇപ്പോഴും നിരവധി പേർ സ്വന്തമായി വീടില്ലാത്തവരായിട്ടുണ്ട്. ലൈഫ് പദ്ധതിയിലൂടെ ഭവന നിർമ്മാണ രംഗത്ത് വലിയം മാറ്റം വരുത്തുവാൻ നമുക്ക് സാധിക്കും. വീടില്ലാത്ത ആരുംതന്നെ പഞ്ചായത്തിൽ ഉണ്ടാകരുത് എന്നതാണ് നമ്മുടെ ലക്ഷ്യം. ഭൂമിക്ക് രേഖയില്ലാതെ പുറമ്പോക്കിലും മിച്ചഭൂമിയിലും കൂര വച്ച് താമസിക്കുന്ന വലിയൊരു വിഭാഗം ആളുകൾ ഉണ്ട്. കാർഷിക മേഖലയിൽ ഇക്കാലയളവിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. എന്നാൽ ഈ രംഗത്ത് സ്വയം പര്യാപ്തതയിൽ എത്താൻ ഏറെ പ്രവർത്തനങ്ങൾ ആവശ്യമാണ്. കൃഷിഭൂമിയുടെ അളവിൽ വരുന്ന കുറവ് ഗൗരവമായി കാണുന്നു. കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണത വൻതോതിൽ വർദ്ധിച്ചുവന്നതാണ് ഇതിനു കാരണം. ജലസേചനസൗകര്യത്തിന്റെ അഭാവവും ഉൽപ്പന്നങ്ങൾക്ക് വിലയില്ലാത്തതും വിദഗ്ധ തൊഴിലാളികളുടെ അഭാവവും ഇതിന് ഒരു പ്രധാന കാരണമാണ്. വിദ്യാഭ്യാസ രംഗത്ത് ഏറെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടന്ന കാലഘട്ടമാണ് പിന്നിട്ടത്. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ കാലയളവിൽ വന്നിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി നിരവധിയാകുന്ന പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടന്നിട്ടുണ്ട്. 1997 ൽ കേരളത്തിൽ നടന്ന സാക്ഷരതാ യജ്ഞം നമ്മുടെ പഞ്ചായത്തിലും വൻവിജയമായിവരുന്നു. 94% പേർ സാക്ഷരരാണ്. പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് വലിയ കുതിച്ചുചാട്ടമാണ് നമ്മൾ നടത്തിയിട്ടുള്ളത്. അടച്ചുപൂട്ടൽ ഭീഷണിയെ നേരിട്ട നമ്മുടെ സർക്കാർ സ്കൂളുകളിൽ ധാരാളം പുതിയ കുട്ടികൾ വന്നുചേരുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്.

2017 ലെ അഭൂതപൂർവ്വമായ വളർച്ച, 2018 ലെ മഹാപ്രളയം, 2019ലെ വെള്ളപ്പൊക്കം 2020-21 ലെ കോവിഡ് മഹാമാരി എന്നിവ ഉണ്ടാക്കിയ ദുരിതങ്ങൾ വളരെ വലിയ തോതിലല്ലെങ്കിലും നമ്മുടെ പഞ്ചായത്തിലും കാര്യമായി ബാധിച്ചു. മഹാപ്രളയത്തിൽ ഒരു ജീവൻ നഷ്ടപ്പെട്ടു. കോവിഡ് മഹാ മാരിയിൽ 9 പേർ മരണമടഞ്ഞു. എല്ലാ ദുരന്തങ്ങളേയും വമ്പിച്ച കൂട്ടായ്മയിലൂടെ നേരിടാൻ നമുക്ക് സാധിച്ചു. ദുരിതാശ്വാസ ക്യാമ്പുകൾ സ്തുത്യർഹമായ രീതിയിൽ വലിയ ജനകീയ സഹകരണ ത്തോടെ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. കോവിഡ് കാലത്ത് സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദ്ദേശങ്ങൾ അക്ഷരംപ്രതി പാലിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ അടുക്കളയും തല ക്കോട്ടുകര ധ്യാനകേന്ദ്രത്തിൽ സംഘടിപ്പിച്ച ക്യാമ്പും ഒരുപാട്പേർക്ക് പ്രയോജനപ്രദമായിരുന്നു. ദുരന്ത നിവാരണ ദുരിതാശ്വാസ നടപടികളിൽ പഞ്ചായത്തിന്റെ നേതൃത്വവും ജനങ്ങളുടെ സഹകരണവും ചരിത്രത്തിന്റെ ഭാഗമായി.

ചരിത്രത്തിൽനിന്ന് ഊർജ്ജം സംഭരിച്ച് ലക്ഷ്യത്തിലേക്ക് നമുക്കൊരുമിച്ച് മുന്നേറാം.

# വികസന സമീപനം

25 വർഷങ്ങൾ പിന്നിട്ട ജനകീയാസൂത്രണപ്രവർത്തനങ്ങൾ സമഗ്രമായി വിലയിരുത്തിക്കൊണ്ടാണ് അടുത്ത 10 വർഷം മുന്നിൽ കണ്ടുകൊണ്ട് ഒരു വികസന സമീപനത്തിന് നാം രൂപം നൽകുന്നത്. ഗ്രാമപഞ്ചായത്തിന് അനുവദിക്കപ്പെടുന്ന പദ്ധതി വിഹിതത്തോടൊപ്പം ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും സംസ്ഥാന, കേന്ദ്രസർക്കാരുകളുടേയും പദ്ധതിവിഹിതവും, എം.പി., എം.എൽ.എ. എന്നിവരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാകുന്ന തുകയും, തൊഴിലുറപ്പ് പദ്ധതിയിലൂടെ ആരംഭിക്കുന്ന തുകയും, കൂടാതെ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ സാമ്പത്തിക പങ്കാളിത്തവും ഉൾപ്പെടുത്തിക്കൊണ്ടാണ് വിഭവ സമാഹരണം ലക്ഷ്യമിടുന്നത്. ജൈവ അജൈവ മാലിന്യ സംസ്കരണം, അഭ്യസ്ഥവിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കൽ, എല്ലാവർക്കും വീട്, കൃഷി, കുടിവെള്ളം, ലിംഗനീതി, സാമൂഹ്യനീതി, പരിസ്ഥിതി സംരക്ഷണം എന്നീ രംഗങ്ങളിൽ സമഗ്രവും മാതൃകാപരവുമായ പ്രവർത്തനമാണ് പഞ്ചായത്ത് പ്രത്യേകം ലക്ഷ്യം വയ്ക്കുന്നത്. **തരിശുരഹിത പഞ്ചായത്ത്, ഭവനരഹിതർ ഇല്ലാത്ത പഞ്ചായത്ത്, കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെട്ട പഞ്ചായത്ത്, സാമൂഹ്യ സുരക്ഷയും സ്ത്രീ സുരക്ഷയും ഉറപ്പുവരുത്തിയ പഞ്ചായത്ത്, പൊതുവിദ്യാലയങ്ങൾ എല്ലാം മികവിന്റെ കേന്ദ്രങ്ങളായി മാറിയ പഞ്ചായത്ത്, ആരോഗ്യ രംഗത്ത് മുന്നിൽ നിൽക്കുന്ന പഞ്ചായത്ത്, മാലിന്യം സമ്പത്താക്കി മാറ്റിയ ജൈവ- അജൈവ മാലിന്യരഹിത പഞ്ചായത്ത്, ശിശു ബാല സൗഹൃദ പഞ്ചായത്ത്, പരിസ്ഥിതി സൗഹൃദ പഞ്ചായത്ത്, തൊഴിൽ രഹിതരില്ലാത്ത പഞ്ചായത്ത്** എന്നിവയാണ് നാം വിഭാവനം ചെയ്യുന്നത്. കേരള സർക്കാർ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഹരിതകേരളം, ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണം തുടങ്ങിയ മിഷനുകളുടേയും നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് നാം ലക്ഷ്യത്തിലെത്തും.

പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ജൈവ - അജൈവ മാലിന്യ സംസ്കരണത്തിൽ മാതൃകാപരമാസ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനാകണം. അജൈവ മാലിന്യങ്ങൾ വീടുകളിൽനിന്നും ശേഖരിക്കുന്നതിനായി പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിത കർമ്മസേനയും, അത് കളക്റ്റ് ചെയ്ത് ക്ലീൻ കേരള മിഷന് കൈമാറുന്നതിനായി ആരംഭിച്ചിട്ടുള്ള എം.സി.എഫ് ഉം, പഞ്ചായത്തിനെ പൂമുറ്റമാക്കുന്നതിനായിട്ടുള്ള ബൃഹത്തായ് പദ്ധതി “പൂമുറ്റം” സമഗ്ര ശുചീകരണ പദ്ധതിയും ഈ രംഗത്ത് നല്ല കാൽവയ്പ്പുകളാണ്. ഇനിയും ഏറെ മുന്നേറാനുണ്ട്. വീടില്ലാത്ത മുഴുവൻ ആളുകൾക്കും വാസ യോഗ്യമായ വീട് ഒരുക്കുന്നതിനായി വിശ്രമമില്ലാതെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വീട് നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലവും അംഗൻവാടികൾക്കും, കളിസ്ഥലം ഒരുക്കുന്നതിനും സംഭാവനയായി ഭൂമി ലഭ്യമാക്കാനായി എന്നതും എടുത്തുപറയേണ്ടതാണ്. പഞ്ചായത്തിലെ 1000 ജനസംഖ്യയിൽ 5 പേർക്കെങ്കിലും തൊഴിൽ കണ്ടെത്തുക എന്ന പ്രവർത്തനത്തിനും ഈ പദ്ധതി കാലഘട്ടത്തിൽ തുടക്കം കുറിക്കുകയാണ്. വർക്ക് അറ്റ് ഹോം മാതൃകയിൽ ‘വർക്ക് നിയർ ഹോം’ എന്ന ലക്ഷ്യം നേടാനായി തൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും തൊഴിൽ സംരംഭകരുടെ ബാങ്ക് വായ്പയുടെ പലിശയിളവ് നൽകുന്നതിനും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്.

പഞ്ചായത്ത് ഓഫീസിന് ആധുനിക സൗകര്യങ്ങളോടെയുള്ള പഞ്ചായത്തിലെ എല്ലാം

അംഗൻവാടികൾക്കും സ്ഥലവും കെട്ടിടവും എല്ലാ വാർഡുകളിലും ഒരു കളിസ്ഥലം, വാർഡ് കേന്ദ്രങ്ങളിൽ വ്യായാമ കേന്ദ്രങ്ങൾ, റോഡുകളുടെ സൗന്ദര്യവൽക്കരണം, ജീവിതശൈലീരോഗങ്ങൾ വീടുകളിൽ ചെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം, എല്ലാ ഹെൽത്ത് സെന്ററുകളിലും ആഴ്ചയിൽ 3 ദിവസം ഡോക്ടറുടെ സേവനം, വാർഡുകേന്ദ്രങ്ങളിൽ ആരോഗ്യക്യാമ്പുകൾ തുടങ്ങി ബൃഹത്തായ പദ്ധതികൾക്ക് 2022-23 വാർഷിക പദ്ധതിയിൽതന്നെ തുടക്കംകുറിക്കുകയാണ്.

സുതാര്യവും സുഗമവുമായ സേവനങ്ങൾ നൽകുന്ന മാതൃകാ കാര്യാലയമായി പഞ്ചായത്ത് ഓഫീസ് പ്രവർത്തനക്ഷമമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. നിമിഷങ്ങൾക്കുള്ളിൽ മുഴുവൻ ആളുകളിലേക്കും സ്ഥാപനങ്ങളിലേക്കും വിവര വിനിമയവും സേവനങ്ങളും നൽകുന്നതിന് ആവശ്യമായ അത്യന്താധുനിക സൗകര്യങ്ങൾഗ്രാമപഞ്ചായത്ത് ഓഫീസിൽ സുസജ്ജമായിരിക്കും. സേവനാവകാശങ്ങളും വിവരാവകാശങ്ങളും കൃത്യമായും പൂർണ്ണമായും കാര്യക്ഷമമായും പാലിക്കപ്പെടും. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ സേവന ലക്ഷ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ സംവിധാനങ്ങൾ പൂർത്തിയാക്കും. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ കടഛ സർട്ടിഫിക്കറ്റ് നേടിയെടുക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിലും പ്രത്യേക സാഹചര്യങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ മറ്റു അത്യാവശ്യ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പൊതു സമൂഹത്തിന്റേയും വ്യക്തികളുടേയും പങ്കാളിത്തത്തോടെ ഒരു ക്ഷേമനിധി രൂപീകരിക്കും. പഞ്ചായത്തിന്റെ തനതു വരുമാന മാർഗ്ഗങ്ങൾ ശാസ്ത്രീയമായി പരിഷ്ക്കരിച്ച് ചോർച്ചകൾ ഇല്ലാതാക്കി ഇപ്പോഴത്തേതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ കഴിയണം. വിശദമായി തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ അനുസരിച്ച് എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയ ഓഫീസ് സമുച്ചയം ഈ പദ്ധതിക്കാലത്തുതന്നെ സാധ്യമാക്കണം. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും വേണം.

പശ്ചാത്തല വികസനത്തിൽ പിന്നിട്ട 25 വർഷങ്ങളിലൂടെ നമുക്ക് വളരെയധികം മുന്നേറാനായിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണികളും കാനകളുടെ നിർമ്മാണവും ഇനിയും പൂർത്തീകരിക്കാനുണ്ട്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് വലിയ ഊന്നൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. അവശ ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്ന പ്രവർത്തനം അഭംഗുരം തുടരേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്കെട്ടാം ഒരുപോല പ്രാധാന്യം നൽകുന്ന ഒരു പദ്ധതികാലഘട്ടമായിരിക്കും പതിനാലാം പഞ്ചവത്സരപദ്ധതി.

# വിഭവ സമാഹരണം

പഞ്ചായത്തിന്റെ സമഗ്രപുരോഗതിയും സ്ഥായിയായ വികസനവുമാണ് നമ്മുടെ ലക്ഷ്യം. എല്ലാ അർത്ഥത്തിലും സംതൃപ്തമായ ഒരു സമൂഹമാണ് നമുക്ക് വേണ്ടത്. ഇതിന് ആവശ്യമായ സൃഷ്ടിപരവും പ്രായോഗികവുമായ പദ്ധതികളും കർമ്മ പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. വമ്പിച്ച തോതിലുള്ള വിഭവ സസമാഹരണം ഇതിന് അത്യന്താപേക്ഷിതമാണ്.

വിഭവ സമാഹരണത്തിന്റെ എല്ലാ സ്രോതസ്സുകളും പരമാവധി ഉപയോഗപ്പെടുത്തികൊണ്ടു മാത്രമേ ലക്ഷ്യത്തിലെത്താൻ സാധിക്കൂ. ലഭ്യമാകുന്ന വിഭവങ്ങൾ സമയബന്ധിതമായും കൃത്യമായും ചിലവാക്കുവാൻ സാധിച്ചാൽ മാത്രമേ ആഗ്രഹത്തിനൊത്ത് ഉയരാൻ സാധിക്കുകയുള്ളൂ.

കഴിഞ്ഞ 2017-2022 കാലയളവിൽ വിവിധ സ്രോതസ്സുകളിൽനിന്ന് നമുക്ക് സമാഹരിക്കാൻ സാധിച്ചതുക 328948429 രൂപയായിരുന്നു. എന്നാൽ വിവിധ പദ്ധതികളിലൂടെ നമുക്ക് ചിലവഴിക്കാൻ സാധിച്ചത് 226183641 രൂപയാണ്. അതായത് 68.75%. 2021-22 സാമ്പത്തിക വർഷത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ ഫണ്ടും ചിലവഴിക്കാനായിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിൽ മാത്രമല്ല പദ്ധതി നിർവ്വഹണത്തിലും അതീവ ജാഗ്രതയും ശ്രദ്ധയും പുലർത്താനാകണം. എങ്കിൽ മാത്രമേ പദ്ധതി നിർവ്വഹണ രംഗത്ത് 100% ത്തിലെത്താൻ നമുക്ക് സാധിക്കുകയുള്ളൂ. വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

**2017-2022 പഞ്ചവത്സര പദ്ധതി**

| | 2017-18 | | | 2018-19 | | | 2019-20 | | | 2020-21 | | | 2021-22 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| [illegible] | [illegible] | [illegible] | % | [illegible] | [illegible] | | [illegible] | [illegible] | | [illegible] | [illegible] | | [illegible] | [illegible] | |
| [illegible] | 15597611 | 13942777 | 89.42 | 18056110 | 15219218 | 84.15 | 15769863 | 10070293 | 63.86 | 18336131 | 14891523 | 81.22 | 20400062 | 16715910 | 81.94 |
| [illegible] | 8179000 | 6120870 | 74.84 | 8177567 | 7024227 | 85.86 | 8850042 | 4650859 | 52.52 | 9675065 | 5391624 | 55.74 | 8572582 | 7021000 | 82.66 |
| [illegible] | 21957715 | 8109112 | 36.93 | 11401902 | 7983358 | 70.02 | 12852290 | 7374871 | 57.38 | 19751135 | 10822655 | 55.11 | 13727981 | 7007550 | 51.06 |
| [illegible] | 18656623 | 10960194 | 58.75 | 20741925 | 12515909 | 61.37 | 19727510 | 9525154 | 47.33 | 23978035 | 17312998 | 72.2 | 17000676 | 15671508 | 92.18 |
| [illegible] | 4943000 | 2196255 | 44.43 | 5550000 | 2581246 | 46.52 | 5488520 | 4188170 | 76.3 | 5488955 | 2929931 | 51.59 | 7754345 | 4424217 | 57.2 |

14-ാം പഞ്ചവത്സര പദ്ധതിയിൽ ത്രിതല പഞ്ചായത്തിന്റെ വിഹിതമായിതന്നെ 50 കോടിയോളം രൂപ ലഭ്യമാകാനിടയുണ്ട്. എം.പി., എം.എൽ.എ. ഫണ്ടുകളും, സഹകരണ ബാങ്കുകൾ, ബാങ്കുകൾ, മറ്റ് സ്ഥാപനങ്ങൽ, വ്യക്തികൾ, വിവിധ ഏജൻസികൾ എന്നിവയിലൂടെ സമാഹരിക്കുവാൻ കഴിയുന്നത് ഇതിനുപുറമെയാണ്. ഇത് ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രീയവും പ്രായോഗികവുമായ പദ്ധതികൾ രൂപീകരിക്കുവാനും നമുക്ക് കഴിയണം. മേൽപറഞ്ഞ എല്ലാ ഫണ്ടുകളും ഏകോപിപ്പിച്ചുകൊണ്ട് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ കൂടിയാലോചനകളും ചർച്ചകളും സംഘടിപ്പിക്കേണ്ടതുണ്ട്. ഈ പഞ്ചായത്ത് അതിർത്തിയിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളുടേയും ചുക്കാൻ പിടിക്കുന്നത് പ്രാദേശിക സർക്കാരായി മാറാൻ ഗ്രാമപഞ്ചായത്തിന് കഴിയേണ്ടതുണ്ട്.

വികസന പ്രവർത്തനങ്ങൾക്കും ആസ്തിവികസനത്തിനുമായി വ്യക്തികളിൽനിന്നും സംഘടന കലിൽനിന്നും ഭൂമിയും മർറു സംഭാവനയായി ലഭിക്കുന്നതിനുള്ള സാധ്യത വർദ്ധിച്ചുവരികയാണ്. ഇത് വിഭവസമാഹരണത്തിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. ലൈഫ് മിഷനുവേണ്ടിയും അംഗൻവാടികൾക്കും കളിസ്ഥലമൊരുക്കുന്നതിനും വേണ്ടി സൗജന്യമായി ഭൂമി ലഭിച്ചത് ഈ ദിശയി ലുള്ള പ്രവർത്തനങ്ങൾക്ക് ആവേശം നൽകും.

2022-2023 വർഷത്തെ പദ്ധതി വാർഷിക പദ്ധതിയായി 4746700.00 രൂപയാണ് വിവിധ സ്രോതസ്സു കളിലൂടെ നാം കണ്ടെത്തുന്നത്. വിശദവിവരങ്ങൾ പട്ടികയായി ചേർക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നും പ്രത്യേകമായി ലഭിക്കുന്ന പദ്ധതികൾ ഇതിനുപുറമെയാണ്.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. നഗരമാതൃകയിൽ വികസിച്ചുവരുന്ന കേച്ചേരി പട്ടണമടക്കമുള്ള ചൂണ്ടൽ പഞ്ചായത്തിലെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് അടക്കമുള്ള നികുതി വരുമാനത്തിൽ ഇനിയും വർദ്ധനവുണ്ടാകേണ്ടതുണ്ട്. വീട്ടുനികുതി 100% പിരിച്ചെടുക്കാൻ കഴിഞ്ഞു എന്നത് എടുത്തുപറയേണ്ടതാണ്.

## 2025 – 2026 വർഷത്തെ പദ്ധതി അവലോകനം

പതിനാലാം പദ്ധതിയുടെ അവസാനപാദത്തിലാണ് നാം. പദ്ധതികളും നടത്തിപ്പുമായി ബന്ധ പ്പെട്ട് ആദ്യഘട്ടത്തിൽ ചില പ്രശ്നങ്ങൾ പൊതുവേ നേരിട്ടിരുന്നു. അതിനെ അതിജീവിച്ചുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിൽ മുന്നേറിക്കൊണ്ടരിക്കുകയാണ്. 2024-25 വർഷത്തിൽ 92 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പടെ 308 പദ്ധതികൾക്കാണ് നമുക്ക് അംഗീകരം ലഭിച്ചത്.

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടു ള്ള വഴിയോര വിശ്രമകേന്ദ്രം (Take a brake) പണി പൂർത്തീകരിച്ചു. വാർഡ് 1 ലും വാർഡ് 16ലെയും അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. വാർഡ് 1 ലും വാർഡ് 15ലും പുതിയ അങ്കണവാടികളുടെ നിരമ്മാണം ആരംഭിച്ചു. ഹെൽത്ത് സെന്റർ ജനകീയാരോഗ്യകേന്ദ്രമാ ക്കുന്നതിന്റെ ഭാഗമായ കെട്ടിടത്തിന്റെ പണി അവസാനഘട്ടത്തിലാണ്. ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ സവിശേഷ പദ്ധതിയായ **'ചേലോട് ചൂണ്ടൽ'** സമഗ്ര ശുചീകരണ പദ്ധതിയുടെ ഭാഗമായി ശുചിത്വ സേനയുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. കുടുംബശ്രീയുടെ **'സർവിംങ്ങ് ഗ്രൂപ്പ്'** സജ്ജമായിരിക്കു ന്നു. ബഡ്സ് സ്കൂളിന്റെ നിർമ്മാണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന കൃഷി, വെറ്ററിനറി, സാമൂഹ്യക്ഷേമ പദ്ധതികൾ നടന്നുവരുന്നു. ലൈഫ് വീടുകളുടെ നിർമ്മാ ണത്തിൽ വലിയ മുന്നേറ്റം നടത്താൻ നടപ്പുവർഷം നമുക്ക് കഴിഞ്ഞിട്ടുണ്ട്.

## ചൂണ്ടൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് വരവ് വിവരങ്ങൾ

| ഇനവിവരം | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 ഫെബ്രുവരി വരെ |
|---|---|---|---|---|---|
| വസ്തുനികുതി | 8274380 | 8122484 | 7895801 | 9948079 | 7911172 |
| തൊഴിൽനികുതി | 1707200 | 2150940 | 2335440 | 1838630 | 1065330 |
| ലൈസൻസ് | 2150940 | 404120 | 302650 | 463700 | 311300 |

# 9. പ്രോജക്ടുകളും വിശദാംശങ്ങളും
## ചൂണ്ടൽ ഗ്രാമപഞ്ചായത്ത് 2026-27 വാർഷിക പദ്ധതി
## വിഭവ വകയിരുത്തലുകൾ

| ക്രമ നം. | വിഭവ സ്രോതസ്സുകൾ | വകയിരുത്തുന്ന തുക |
|---|---|---|
| 1 | **വികസന ഫണ്ട്** | |
| | 1. പൊതുവിഭാഗം | 36878000 |
| | 2. പട്ടികജാതി ഉപപദ്ധതി | 9066000 |
| | 3. പട്ടികവർഗ്ഗ ഉപപദ്ധതി | 0 |
| | **ആകെ** | 45994000 |
| 2 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (BASIC) | |
| 3. | ധനകാര്യകമ്മീഷൻ (ഗ്രാന്റ് (TIED) | |
| | **ആകെ** | |
| 4 | **മെയിന്റനൻസ് ഫണ്ട്** | |
| | 1. റോഡ് ഇതരം | 7902000 |
| | 2. റോഡ് | 17712000 |
| 5 | തനത് ഫണ്ട് | 25000000 |
| | **ആകെ** | **28114000** |

# പൊതുഭരണം ധനകാര്യം

## വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ

| | | |
|---|---|---|
| ചെയർമാൻ | : | ജിഷ സുനിൽകുമാർ (വൈസ് പ്രസിഡന്റ്) |
| വൈസ് ചെയർപേഴ്സൺ | : | പി മാധവൻ |
| കൺവീനർ | : | മാറ്റ്ലി എം.സി. (പഞ്ചായത്ത് സെക്രട്ടറി) |

ഭരണഘടനയുടെ 73-74 ഭേദഗതിയെപിൻതുടർന്ന് കേരള പഞ്ചായത്ത്രാജ് നിയമം നിലവിൽവന്നിട്ട് രണ്ടര പതിറ്റാണ്ടുകൾ പിന്നിട്ടുകഴിഞ്ഞു. കേരളീയ സാമൂഹിക ജീവിതത്തിന്റെ അനിഷേധ്യ ഘടകങ്ങളായി പ്രാദേശീക സർക്കരുകൾഈ കാലയളവിൽ മാറിയെന്നത് നിസ്തർക്കമാണ്. ഓരോ കുടുംബത്തിന്റേയും ജീവിതത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ പ്രാദേശിക സർക്കാരുകളുടെ സാന്നിദ്ധ്യം പ്രകടമാണ്. 1995-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ ഓരോ പഞ്ചായത്തിനും വിട്ടുകിട്ടിയ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ആയുർവേദ വെറ്റിനറി ഡിസ്പെൻസറികൾ, കൃഷിഭവനുകൾ പ്രാഥമിക വിദ്യാലയങ്ങൾ, അംഗൻവാടികൾ, ഐ.സി.ഡി.എസ്. ഓഫീസ്, പൊതു കേന്ദ്രങ്ങൾ എന്നിവ കൈമാറിയവയിൽപെടും. ജനകീയാസൂത്രണംവഴി പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ ഗുണപരമായ വലിയ മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പൊതു സംവിധാനങ്ങളുടെ സേവന ഗുണത ഉയർത്തുക എന്നത് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഈ കാര്യത്തിൽ നാം ഇനിയും വളരെ മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. അംഗൻവാടികളിലേയും പൊതു വിദ്യാലയങ്ങളിലേയും കുട്ടികളുടെ കുറവ് ഇവയുടെ നിലനിൽപ്പിനെതന്നെ ചോദ്യംചെയ്യുന്നുണ്ട്. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെമേൽ ഇപ്പോഴും നിലനിൽക്കുന്ന വകുപ്പുനിയന്ത്രണം പഞ്ചായത്തുകളുടെ ഇടപെടലുകൾക്ക് പലപ്പോഴും സടസ്സമാകുന്നുണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഒന്നാം തലമുറ പ്രശ്നങ്ങളെ കേരളം ഏറെക്കുറെ ഭംഗിയായി മറികടന്നു. പ്രദേശിക പദ്ധതികളുടെ ആസൂത്രണത്തിനും നടത്തിപ്പിനുമുള്ള വ്യവസ്ഥാപിത സംവിധാനം ക്രമപ്പെടുത്തുക, പ്രാദേശീക പദ്ധതികളുടെ സാങ്കേതികവും ഗുണപരവുമായ മേന്മ ഉറപ്പുവരുത്തുക, ജനപങ്കാളിത്തവും സുതാര്യതയും വർദ്ധിപ്പിക്കുക, ഉത്പാദന മുരടിപ്പിനെ അഭിമുഖീകരിക്കുക, പാരിസ്ഥിതിക സന്തുലനും ഉറപ്പാക്കുക, പ്രാദേശിക സമ്പത്ത് വ്യവസ്ഥയെ ശക്തിപ്പെടുത്തുക, നേതൃത്വതല സ്ത്രീ പങ്കാളിത്തം ഉയർത്തുക, ദരിദ്ര വിഭാഗങ്ങളുടെ ജീവിത ഗുണത ഉയർത്തുക തുടങ്ങിയ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനുസൃതമായ പദ്ധതികളും പരിപാടികളുമാണ് രൂപപ്പെടുത്തേണ്ടത്. ഇതിനുതകുന്ന പദ്ധതികൾ രൂപപ്പെടുത്തുക എന്നതാണ് ഇന്നത്തെ അനിവാര്യത..

### നേട്ടങ്ങൾ

പൊതുഭരണം ധനകാര്യം എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗമായി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വളരെ മാതൃകാപരവും വിജയകരവുമായ പദ്ധതികാളാ കഴിഞ്ഞ കുറേവർഷങ്ങളായി നടപ്പിലാക്കി വരുന്നത്.

നിലവിലുള്ള പഞ്ചായത്ത് ഓഫീസ് നവീകരണത്തിനുവേണ്ടി നിരവധി പദ്ധതികളിൽ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. തന്മൂലം സമയബന്ധിതവും കാര്യക്ഷമതയോടും കൂടി സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ട്. ISO ഭാഗമായി ഫ്രണ്ട് ഓഫീസ് നവീകരിച്ചു. ആധുനികമായ സൗകര്യങ്ങൾ, ഇരിപ്പിടം, വിവിധ സേവന അറിയിപ്പ് ബോർഡുകൾ, സ്റ്റാഫ് പാറ്റേൺ, ജനപ്രതിനിധികളുടെ വിവരങ്ങൾ, കുടിവെള്ള സൗകര്യം ഫീഡിംഗ് റൂം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും ഫ്രണ്ട് ഓഫീസും ബാക്ക് ഓഫീസും രണ്ടുഫ്ളോറുകളിൽ ആയതിനാൽ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. എല്ലാ ഘടക സ്ഥാപനങ്ങളും കൂടി ഒറ്റ കോമ്പൗണ്ടിൽ എന്ന സൗകര്യംകൂടി ഉണ്ടെങ്കിൽ അത് പൊതുജനങ്ങൾക്ക് വളരേയേറെ സൗകര്യപദമായിരിക്കും. പഞ്ചായത്ത് ഓഫീസ്, റോഡിന് അരികിലായതിനാൽ വളരെയധികം Noice pollution അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റേണ്ടത് അനിവാര്യമാണ്.

കെ.സ്മാർട്ട് സംവിധാനത്തിലേക്ക് പഞ്ചായത്തിന്റെ സേവനങ്ങൾ മാറുന്ന ഘട്ടത്തിലാണ് നാം ഇപ്പോൾ. അതിനുവേണ്ട ഭൗതിക സാഹചര്യങ്ങൾ നാം ഒരുക്കി കഴിഞ്ഞു.

പുതിയ ബസ്റ്റാന്റ് ബിൽഡിംഗിനോട് ചേർന്ന് പുതിയ പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ് നിർമ്മിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ പൂർത്തിയായിവരുന്നു. 10 കോടി സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നിർമ്മിയ്ക്കുന്ന ബിൽഡിംഗിന് പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ചുകഴിഞ്ഞു.

2. തെരുവുവിളക്ക് പരിപാലനം : ചൂണ്ടൽ പഞ്ചായത്തിൽ തെരുവുവിളക്ക് പരിപാലനത്തിനുവേണ്ടി എല്ലാവാർഷിക പദ്ധതിയിലും തുക വകയിരുത്തി പദ്ധതി നടപ്പിലാക്കാറുണ്ട്. തന്മൂലം ആളുകൾക്കും യാത്ര സുഗമമായി നടത്തുന്നതിന് സാധ്യമാവുന്നു.

സമ്പൂർണ്ണ വെളിച്ചം നമുക്ക് ഏറെക്കുറെ പൂർത്തീകരിക്കുവാൻ ആയിട്ടുണ്ട്.

കേച്ചേരി പുഴ സംരക്ഷണം (പുനർജ്ജനി) എന്ന പദ്ധതിക്ക് ഫണ്ട് വകയിരുത്തുകയും അനധികൃതമായി കേച്ചേരി പുഴയുടെ തീരത്തുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വിജയകരമായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.

ഇതിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി സൈൻ ബോർഡുകൾ, സി.സി.ടി.വി., കയർ ഭൂവസ്ത്രം അണിയൽ എന്നീ പ്രവർത്തികൾകൂടി ഏറ്റെടുത്ത് കേച്ചേരിപുഴ സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ നവീകരണത്തിന് ഫണ്ട് വകയിരുത്തി പ്രവർത്തി നടപ്പിലാക്കുക വഴി പ്രദേശവാസികളായ ജനങ്ങൾക്ക് വളരേയേറെ സൗകര്യവും സാമ്പത്തിക ലാഭവും ഉറപ്പുവരുത്തുന്നു. കമ്മ്യൂണിറ്റി ഹാളിനു ചുറ്റുമുള്ള പരിസരത്ത് ഗാർഡൻ പോലുള്ള സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ പദ്ധതിവഴി നടപ്പിലാക്കാവുന്നതാണ്.

ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ ഗ്യാസം ക്രിമിറ്റോറിയം സ്ഥാപിയ്ക്കുകവഴി നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ ഒഴിവായി. എന്നിരുന്നാലും എല്ലാവർഷവും കൃത്യമായ പരിപാലനത്തിനുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

ചൂണ്ടൽ കുന്ന് ശ്മശാനത്തോട് ചേർന്ന് നാം നിർമ്മിച്ച ജൈവവൈവിധ്യ പാർക്ക് സാമൂഹ്യ

പഠന കേന്ദ്രം നിർമ്മാണം പൂർത്തീകരിച്ചു. അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉടൻ പദ്ധതികൾ നാം ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്.

ചൂണ്ടൽ പി.എച്ച്.സി., കമ്മ്യൂണിറ്റി ഹാൾ എന്നിവടങ്ങളിൽ അനർട്ട് മുഖാന്തിരം സോളാർ പാനലും സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ ഘടകസ്ഥാപനങ്ങളിലും മറ്റും സോളാർ പാനലുകൾ സ്ഥാപിച്ച് ഊർജ്ജസംരക്ഷണം ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ കൂടുതലായതിനാലും എല്ലാ വർഷവും ഭീമമായ തുകയാണ് കുടിവെള്ളവിതരണത്തിന് വരുന്നത്. വിവിധ സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് കിണർ റീചാർജിംഗിന് / മഴനീർ കൊയ്ത്ത് എന്നിവക്കുള്ള ചിലവ് നിലവിലെ കുടിവെള്ള പദ്ധതികളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിന്, പദ്ധതികൾ രൂപീ കരിക്കേണ്ടതുണ്ട്.

1.1.4

## പഞ്ചായത്തിന്റെ തനത് വരുമാനം സംബന്ധിച്ച വിവരങ്ങൾ

| ഇനവിവരം | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 ഡിസംബർ വരെ |
|---|---|---|---|---|---|
| വസ്തുനികുതി6288280 | 8274380 | 8122484 | 7895801 | 4419027 | |
| തൊഴിൽനികുതി3605370 | 1707200 | 2150940 | 2335440 | 1666490 | |
| ലൈസൻസ് | 330920 | 2150940 | 404120 | 302650 | 390000 |

1.1.4 സദ്ഭരണം (എ) കമ്പ്യൂട്ടർവൽക്കരണം

| സ്ഥാപനം | നെറ്റ് കണക്ടിവിറ്റി | കമ്പ്യൂട്ടർ | | |
|---|---|---|---|---|
| | | ആവശ്യമായത് | നിലവിലുള്ളത് | ഉപയോഗക്ഷമയുള്ളത് |
| പഞ്ചായത്ത് ഓഫീസ് | ഉണ്ട് | 18 | 17 | 17 |

**പശ്ചാത്തല സൗകര്യങ്ങൾ**

| ക്രമനമ്പർ | ഘടകങ്ങൾ | പര്യാപ്തത |
|---|---|---|
| 1. | കെട്ടിട സൗകര്യം | |
| | തദ്ദേശ സ്വയംഭരണ സ്ഥാപനം ഘടക സ്ഥാപനം | സ്ഥലം പരിമിതമാണ്. |
| 2. | നിലവിലുള്ള കെട്ടിടങ്ങളിലെ സ്ഥല സൗകര്യം | |
| | തദ്ദേശ സ്വയംഭരണ സ്ഥാപനം ഘടക സ്ഥാപനം | സ്ഥലം പരിമിയുണ്ട് |
| | കോൺഫറൻസ് ഹാൾ | സ്ഥല പരിമിയുണ്ട് |
| 3. | പുനരുദ്ധാരണം ആവശ്യമായ ആസ്ഥികൾ | |
| | തദ്ദേശ സ്വയംഭരണ സ്ഥാപനം | പുതിയ കെട്ടിടം ആവശ്യമാണ് |

## ചൂണ്ടൽ ഗ്രാമപഞ്ചായത്ത്
## ഘടകസ്ഥാപനങ്ങളിലെ ജീവനക്കാർ – ഇനം തിരിച്ച്

| ക്രമ നം | സ്ഥാപനങ്ങൾ | സ്ഥിരം | താല്ക്കാലികം | ആകെ |
|---|---|---|---|---|
| 1 | ചൂണ്ടൽ ഗ്രാമപഞ്ചായത്ത് | 13 | 4 | 17 |
| 2 | തൊഴിലുറപ്പ് പദ്ധതി ഓഫീസ് | 0 | 4 | 4 |
| 3 | അസി.എഞ്ചിനീയറുടെ കാര്യാലയം | 2 | 2 | 4 |
| 4 | കുടുംബാരോഗ്യകേന്ദ്രം, ചൂണ്ടൽ | 18 | 2 | 20 |
| 5 | വി.ഇ.ഒ ഓഫീസ് | 2 | 0 | 2 |
| 6 | ജി.എൽ.പി.എസ്, കേച്ചേരി | 10 | 2 | 12 |
| 7 | ജി.യു.പി.എസ്, ചൂണ്ടൽ | 10 | 0 | 10 |
| 8 | ആയുർവ്വേദ ഡിസ്പെൻസറി | 2 | 0 | 2 |
| 9 | കൃഷി ഭവൻ | 4 | 0 | 4 |
| 10 | വെറ്ററിനറി ഡിസ്പെൻസറി | 4 | 0 | 4 |
| 11 | ഹോമിയോ ഡിസ്പെൻസറി | 2 | 1 | 3 |

# പൊതുഭരണം - ധനകാര്യം

## ദീർഘകാല പരിപ്രേക്ഷ്യം

1. പഞ്ചായത്ത് ഓഫീസിൽ ഇരുന്ന് പഞ്ചായത്ത് അതിർത്തിയിലെ മുഴുവൻ ഭവനങ്ങളിലെയും സ്ഥാപനങ്ങളിലെയും പഞ്ചായത്തുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും നിമിഷങ്ങൾക്കുള്ളിൽ അറിയാനുള്ള സംവിധാനം പൂർണ്ണമാക്കുക.
2. പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട എല്ലാതരം സേവനങ്ങളും ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭിക്കും എന്ന് ഉറപ്പ് വരുത്തണം. ഇതിനുവേണ്ടിയുള്ള സാങ്കേതിക സൗകര്യങ്ങൾ പൂർത്തിയാക്കുക.
3. പഞ്ചായത്ത് പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുക.
4. തനത് ഫണ്ട് ഇന്നത്തേതിന്റെ രണ്ട് ഇരട്ടിയാക്കി വർദ്ധിപ്പിക്കുക.
5. ആധുനിക സൗകര്യങ്ങളോടുകൂടിയ പഞ്ചായത്ത് ഓഫീസ് സമുച്ചയം സജ്ജീകരിക്കുക.
6. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സമ്പൂർണ്ണ വികസനം മാസ്റ്റർ പ്ലാൻ അനുസരിച്ച് പൂർത്തിയാക്കുക.

## 2026-27 പദ്ധതിനിർദ്ദേശങ്ങൾ

1. പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം 4 നിലകളിലായി ലിഫ്റ്റ് സംവിധാനത്തോടുകൂടി പൊതുജന, വയോജന, വികലാംഗ സൌഹൃദമായി അടിയന്തിരമായി പണി പൂർത്തീ കരിക്കേണ്ടതാണ്. (മിനി സിവിൽ സ്റ്റേഷൻ രൂപത്തിൽ), ഘടകസ്ഥാപനങ്ങൾ ഉൾപ്പെടെ ഒരു കെട്ടിടത്തിൽ കൊണ്ടുവരേണ്ടതാണ്.
2. സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും, പ്രതിപക്ഷ മെമ്പർമാർ, മെമ്പർമാർ എന്നിവർക്ക് പ്രത്യേക കാമ്പിൻ
3. ജീവനക്കാർക്ക് പ്രത്യേകിച്ച് വനിത ജീവനക്കാർക്ക് അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തൽ
4. പഞ്ചായത്തിൽ എത്തുന്ന പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് വയോജനങ്ങൾക്ക് വേണ്ട അടിസ്ഥാന സൌകര്യങ്ങൾ
5. കഫ്തീരിയ, ബസ്സ്റ്റാന്റ് വിപുലീകരണം, കുടുംബശ്രീയ്ക്ക് മീറ്റിംഗ് ഹാൾ എന്നിവ കൂടി പുതിയ പഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിൽ ഉൾപ്പെടുത്തണം
6. നിലവിലുള്ള ഓഫീസിന്റ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകളും, മറ്റ് അനുബന്ധ ഉപകരണങ്ങളും അടിയന്തിരമായി വാങ്ങേണ്ടതാണ്.
7. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിലേക്കായി കാരണം കാണിക്കൽ നോട്ടീസ്, സ്റ്റോപ്പ് മെമ്മോ, അദാലത്തുകൾ എന്നീ നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. പഞ്ചായത്തിന്റെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക
9. ലൈസൻസ് നടപടികൾ കർശനമാക്കുക
10. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നികുതി പരിഷ്ക്കരണം നടത്തുക
11. പഞ്ചായത്ത് വക കടമുറികൾ ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തി വാടകയ്ക്ക് നൽക്കുക.
12. നികുതി പിരിവിന് ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

# കാർഷിക മേഖല

**വർക്കിംഗ് ഗ്രൂപ്പ്**

| | | |
|---|---|---|
| ചെയർമാൻ | : | ഷൈല പുഷ്പാകരൻ<br>(വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) |
| വൈസ് ചെയർപേഴ്സൺ | : | എം. പീതാംബരൻ |
| കൺവീനർ | : | ഭുവന (കൃഷി ഓഫീസർ) |

## ഭൂപ്രകൃതി

സമുദ്ര നിരപ്പിൽനിന്നും ഏകദേശം 6000 അടി ഉയരത്തിൽ നിലകൊള്ളുന്ന മച്ചാട് മലയിൽ നിന്നാരംഭിച്ച് വിവിധ ദേശങ്ങളിൽ കൂടി ഒഴുകിയെത്തുന്ന കേച്ചേരി പുഴയുടെ ഇരുഭാഗങ്ങളിലായി കിടക്കുന്ന ചൂണ്ടൽ, എരനെല്ലൂർ, ചിറനെല്ലൂർ വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശമാണ് ചൂണ്ടൽ ഗ്രാമപഞ്ചായത്ത്. പെരുമല കുന്ന്, ചൂണ്ടൽ കുന്ന്, ചൂണ്ടൽ പാറ, കേച്ചേരി പുഴ എന്നിവ ഈ പഞ്ചായത്തിന്റെ പ്രകൃതി മനോഹരമാക്കുന്നു. 19.98 ചതുരശ്രകിലോമീറ്ററാണ് പഞ്ചായത്തിന്റെ വിസ്തൃതി. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം.

1. ഉയർന്ന സമതലം
2. ചെറുചെരുവുകൾ
3. ഇടത്തരം ചെരുവുകൾ
4. സമതലം
5. താഴ്ന്ന പ്രദേശങ്ങൾ

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ 20 മീറ്റർ താഴെ 20നും 40നും ഇടയ്ക്ക് 40 മീറ്ററിനുള്ളിൽ എന്നിങ്ങനെ മൂന്നായി തിരിക്കാം.

കുന്നിൻ പ്രദേശങ്ങൾ - പെരുമല കുന്ന്, പന്നിശ്ശേരി കുന്ന് എന്നിവയാണ്. സമുദ്ര നിരപ്പിൽനിന്നും ഏറ്റവും ഉയർന്നുനിൽക്കുന്നത് പെരുമല കുന്നാണ്. ഏറ്റവും താഴ്ന്ന പ്രദേശം പറപ്പൂർ കായലാണ്. 70% പ്രദേശത്ത് ചരൽ കലർന്ന കളിമണഅണും, 16% പശിമരാശി മണ്ണും, 14% ചരൽമണ്ണും അണ്. കാർഷിക മേഖലക്കാണ് മുൻതൂക്കം. പ്രധാന കൃഷിയിനങ്ങൾ നെല്ല്, കവുങ്ങ്, തെങ്ങ്, വാഴ, കശുമാവ്, മരിച്ചീനി, പച്ചക്കറികൾ എന്നിവയാണ്.

### കാർഷിക മേഖല

19.98 ചതുരശ്ര കിലോമീറ്ററാണ് പഞ്ചായത്തിന്റെ വിസ്തൃതി. കാർഷിക മേഖലക്ക് പ്രാധാന്യം നൽകുന്ന പ്രദേശമാണ് ചൂണ്ടൽ ഗ്രാമപഞ്ചായത്ത്. റബ്ബർ കൃഷി ഉൾപ്പെടെ എല്ലാത്തരം കൃഷിയ്ക്കും

അനുയോജ്യമായ പ്രദേശമാണിത്. കൃഷി മുഖ്യ ഉപജീവനമായി കരുതുന്ന ഒരു വലിയ വിഭാഗം ആളുകൾ ഈ പ്രദേശത്തിലുണ്ട്. പെരുമല കുന്നും കേച്ചേരി പുഴയും നിരവധി കൈതോടുകളും ചൂണ്ടൽ പഞ്ചായത്തിലെ കാർഷിക മേഖലക്ക് ലഭിച്ച അനുഗ്രഹങ്ങളാണ്. പ്രധാനമായും കർഷകർ വിളവിറക്കുന്നത് മുണ്ടകൻ, വിരിപ്പ് എന്നീ രണ്ട് സമയങ്ങളിലാണ്. ഈ പ്രദേശത്ത് മുണ്ടകൻ വിള ക്കാണ് പ്രാധാന്യം പുഞ്ചകൃഷി പൊതുവായി ഇവിടെ ചെയ്തുവരുന്നില്ല. അതിന്റെ കാരണമെന്നത് വരൾച്ച മൂലമുള്ള ജലലഭ്യതയുടെ അഭാവമാണ്.

കൃഷിയുടെ ചിലവിന്റെ വർദ്ധനവും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. വാഴാനി ഡാമിലെ വെള്ളത്തെ ആശ്രയിച്ചാണ് പ്രധാനമായും കൃഷി നടക്കുന്നത്. രണ്ട് പ്രധാന ചിറകളിലാണ് വെള്ളം സംഭരിക്കുന്നത്. പാറന്നൂരും പെരുമണ്ണും. പഞ്ചായത്തിലെ കൃഷിക്കനുയോജ്യമായ ആകെ ഭൂമിയുടെ അളഴവ് 1992.5 ഹെക്ടർ ആണ്. ഇതിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ ആകെ വിസ്തൃതി 1861.63 ഹെക്ടർ ആണ്. മുണ്ടകൻ 250 ഹെക്ട റോളം ഭൂമിയിലും വിരിപ്പ് 20 ഹെക്ടറോളം ഭൂമിയിലും നിലവിൽ വിളവിറക്കുന്നു. പഞ്ചായത്തിലെ ആകെ തരിശുഭൂമിയുടെ വിസ്തൃതി 117.95 ഹെക്ടർ ആണ്. കൃഷിയോഗ്യമായിട്ടും കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമിയുടെ അളവ് 113.0 ഹെക്ടർ ആണ്. ഒമ്പത് പാടശേഖരങ്ങളാണ് ചൂണ്ടൽ ഗ്രാമപഞ്ചായ ത്തിലുള്ളത്. പാറന്നൂർ പാടശേഖരം, ചൂണ്ടൽ പാടശേഖരം, പയ്യൂർ പാടശേഖരം, പെരുമണ്ണ് പാടശേ ഖരം, തലക്കോട്ടുകര പാടശേഖരം, പറപ്പൂക്കായൽ പാടശേഖരം, എരനെല്ലൂർ പാടശേഖരം, കണ്ണേ പ്പാടം പാടശേഖരം, പട്ടിക്കര പാടശേഖരം എന്നിവയാണ്. കൃഷിയോഗ്യമല്ലാത്ത ഭൂമിയുടെ അളവ് 5.0 ഹെക്ടറാണ്. തൽക്കാല തരിശ് ഭൂമി 16.0 ഹെക്ടറും കാർഷികതര ഭൂമി 5.5 ഹെക്ടറും വയൽ 531.0 ഹെക്ടറുമാണ്.

ചൂണ്ടൽ പഞ്ചായത്തിലെ നിവാസികളിൽ 2184 കർഷകരുണ്ട്. 1465 പുരുഷന്മാരും 719 സ്ത്രീകളും ഇതിൽ ഉൾപ്പെടുന്നു. പഞ്ചായത്തിലെ ആകെ കർഷക തൊഴിലാളികളുടെ എണ്ണം 1506 ആണ്. ഇതിൽ 904 പുരുഷ തൊഴിലാളികളും 602 സ്ത്രീ തൊഴിലാളികളും ഉൾപ്പെടുന്നു. സ്വന്തം ഭൂമിയുള്ള കർഷക രിൽ 545 പുരുഷന്മാരും 375 സ്ത്രീകളും ഉൾപ്പെടുന്നു. നെൽകൃഷിയാണ് ഓരോ കർഷകരും പ്രധാന വിളയായി കൃഷി ചെയ്യുന്നത്. കൂടാതെ കവുങ്ങ്, വാഴ, പച്ചക്കറികൾ, നാണ്യവിളകളായ കുരുമുളക്, ജാതി, കിഴങ്ങുവർഗ്ഗങ്ങളായ മരച്ചീനി, ചേമ്പ്, ചേന, കാച്ചിൽ, ഇലക്കറികൾ തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ട്. ജൈവ കൃഷിക്ക് മുൻഗണന കൊടുത്തുകൊണ്ട് ഏതാനും വാർഡുകളിൽ ജൈവ കൃഷി ചെയ്യുന്നുണ്ട്. നിലവിൽ 350 ഹെക്ടർ ഭൂമിയിൽ നെൽകൃഷിയും 350ഓളം ഹെക്ടർ ഭൂമിയിൽ കവുങ്ങ്, തെങ്ങ് എന്നിവയും 15 ഹെക്ടർ ഭൂമിയിൽ വാഴകൃഷിയും, 200 ഹെക്ടർ ഭൂമിയിൽ കുരുമുളക് കൃഷിയും 6 ഹെക്ടറോളം ഭൂമിയിൽ ജാതി കൃഷിയും3 ഹെക്ടറോളം ഭൂമിയിൽ ചേന ചേമ്പ് തുടങ്ങി യവയും കൃഷി ചെയ്തുവരുന്നു. 10 ഹെക്ടറോളം ഭൂമി തരിശുഭൂമിയാണ്. വനഭൂമി പഞ്ചായത്തിന്റെ പരിധിയിൽ വരുന്നില്ല. തൈകൾക്കും കൃഷിഭവനെയും വളം ലഭിക്കുന്നതിന് വളം ഡിപ്പോയെയു മാണ് ആശ്രയിക്കുന്നത്. പച്ചക്കറി ക്ലസ്റ്റർ എന്നീ രീതിയിലും കൃഷി ചെയ്യുന്നുണ്ട്.

ഉല്പാദിപ്പിക്കുന്ന കാർഷിക വിളകളുടെ വിപണനത്തിനായി കർഷക മിത്ര എന്ന സംവിധാ നത്തെ ഉപയോഗപ്പെടുത്തുന്നു.

## ഭൂവിനിയോഗം

ഏകദേശം 1998.0 ഹെക്ടർ ഭൂവിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഒരു പഞ്ചായത്താണ് ചൂണ്ടൽ ഗ്രാമപഞ്ചായത്ത്. മൊത്തം ഭൂവിസ്തൃതിയുടെ 30 ശതമാനത്തോളം അതായത് ഏകദേശം 618.42 ഹെക്ട റോളം നെൽ വയൽ പ്രദേശങ്ങളാണ്. എന്നാൽ നെൽവയലുകളുൽ പൂർണ്ണമായും നെൽ കൃഷി ചെയ്യു ന്നില്ല. തെങ്ങ് അധികമായുള്ള മിശ്രിത വിള കൃഷിയ്ക്കാണ് ഈ പഞ്ചായത്തിലെ കർഷകർ മുഖ്യ പ്രാധാന്യം നൽകുന്നത്. ഏകദേശം 479.992 ഹെക്ടറോളം (23%) പ്രദേശത്താണ് വരുന്നത്. മിശ്രിത വിളകളായി കൃഷി ചെയ്തുവരുന്ന പ്രധാന വിളകൾ കവുങ്ങ്, വാഴ പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ജാതി, കിഴങ്ങുവർഗ്ഗങ്ങളായ മരച്ചീനി, ചേമ്പ്, ചേന, കാച്ചിൽ കൂർക്ക, ഇലക്കറികൾ തുട ഹ്ങിയവയാണ്. റബ്ബർ കൃഷി ഏകദേശം 31.744 ഹെക്ടറോളം (2%) ചെയ്തുവരുന്നു. കൃഷിയിടങ്ങ ളോടൊപ്പം ഈ പ്രദേശത്തെ ജലസേചന സൗകര്യങ്ങൾക്കായും മറ്റും 0.964 ഹെക്ടറോളം ജലസ്രോ തസ്സുകളും പഞ്ചായത്തിലുണ്ട്. കൂടാതെ 43.533 ഹെക്ടറോളം പ്രദേശം ജനവാസകേന്ദ്രമാണ്.

## ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | വിസ്ത്രീർണ്ണം (ഹെ) | ശതമാനം |
|---|---|---|---|
| 1. | തെങ്ങ് | 438.927191 | 21.36 |
| 2. | തെങ്ങ് അധികമായുള്ള മിശ്രിത വിളകൾ | 479.99892 | 23.36 |
| 3. | കുറ്റിച്ചെടികൾ | 9.765131 | 0.49 |
| 4. | തരിശുഭൂമി | 6.844285 | 0.33 |
| 5. | മശ്രിത വിളകൾ | 402.820177 | 19.61 |
| 6. | വെള്ളക്കെട്ട് | 21.494798 | 1.05 |
| 7. | ജനവാസകേന്ദ്രം | 43.533291 | 2.12 |
| 8. | റബ്ബർ | 31.744959 | 1.54 |
| 9. | വിരിപ്പ് / മുണ്ടകൻ | 618.423041 | 30.1 |
| 10. | ജലസ്രോതസ്സുകൾ | 2054.52 | 0.05 |
| | ആകെ | 2054.52 | 100 |

## ജല വിഭവ സ്ഥിതി

കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ജലസേചനം ഒരു പ്രധഘാന പങ്ക് വഹിക്കുന്നുണ്ട്.

ചൂണ്ടൽഡ പഞ്ചായത്തിൽ പുഴകളും, കുളങ്ങളും, തോടുകളും, കിണറുകളും, കനാലും, നിർച്ചാലുകളും ഉണ്ട്. ഇത് എല്ലാംതന്നെ ഈ പ്രദേശത്തെ ഉറവ വറ്റാത്ത ജലസാന്നിദ്ധ്യമാണ്. വേനൽക്കാലമാകുമ്പോൾ അവയിലെ ജലനിരപ്പ് ക്രമാതീതമായി കുറയുന്നു. ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ കൃഷിക്കാവശ്യമായ ജലസേചന അപര്യാപ്തതയും കുടിവെള്ള ക്ഷാമവും വർഷംതോറും രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ കേച്ചേരി പുഴയും നിരവധി കൈത്തോടുകളും പ്രധാന ജല സാന്നിദ്ധ്യങ്ങളാണ്. കേച്ചേരി പുഴ പഞ്ചായത്തിന് കുറുകെ ഒഴുകുന്നുവെങ്കിലും ജല ലഭ്യതയുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന അവസ്ഥാവിശേഷമാണ്. തുലാവർഷത്തിന്റെ ഗതിയനുസരിച്ചാണ് കുടിവെള്ള ലഭ്യത നിലനിൽക്കുന്നത്. തെക്ക് പടിഞ്ഞാറ് മൺസൂൺ കാലത്ത് 1998 മില്ലീമീറ്ററും വടക്കു കിഴക്കൻ മൺസൂൺ കാലത്ത് 736 മില്ലീ മീറ്ററും അടക്കം ഈ പ്രദേശത്തെ ശരാശരി മഴ ലഭ്യത 2930മില്ലീമീറ്ററായി കണക്കാക്കപ്പെട്ടിരിക്കുന്നു. പട്ടിക്കര കായലും പറപ്പൂർ കായലുമാണ് ഈ പഞ്ചായത്തിലെ രണ്ട് കായലുകൾ, ഫെബ്രുവരി മുതൽ ജൂൺ വരെ പൊതുവെ വരൾച്ച അനുഭവപ്പെടുന്ന കാലമാണ്. 2018ലെ വെള്ളപ്പൊക്കം വളരെ മോശമായി ബാധിച്ച പ്രദേശമാണിത്. പ്രധാനമായി ചൂണ്ടൽ ഗ്രാമപഞ്ചായത്ത് നാല് നിർത്തടങ്ങളിലായി വിന്യസിച്ചിരിക്കുന്നു. നിർത്തടവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വിവിധ തോടുകളും ചിറകളും ധമനികൾപോലെ പടർന്നു കിടക്കുന്നു.

## നിലവിലുള്ള സ്ഥിതി

ഈ ഗ്രാമപഞ്ചായത്ത് നാല് നിർത്തങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. കേച്ചേരി നിർത്തടം (497.1873 ഹെക്ടർ), ചൂണ്ടൽ നിർത്തടം (658.5151 ഹെക്ടർ), പയ്യൂർ നീർത്തടം (191.7194 ഹെക്ടർ), പെരുമല നീർത്തടം (707.1033 ഹെക്ടർ) എന്നിവയാണ്. നീർത്തടവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും 38 ഓളം തോടുകളും 19 പൊതു കുളങ്ങളും 2 ചിറകളും 7890 ഓളം കിണറുകളും ഉണ്ട്. ഭൂഘടനയിലുണ്ടായ മാറ്റം മുമ്പ് ജലസംഭരണികളായി വർത്തിച്ചിരുന്ന കുളങ്ങളും ചിറകളും നികത്തുകയും ജലസേചനത്തിനായി വൈദ്യുതി മോട്ടോറുകൾ ഒരു നിയന്ത്രണവുമില്ലാതെ ഉപയോഗിച്ച് ഭൂഗർഭ ജലത്തിന്റെ വിതാനം താഴുന്നതിനും ശേഷിക്കുന്ന തോടുകളും കുളങ്ങളും ശുഷ്കമാകുന്നതിനും ഇട വന്നു. ഇവയിൽ ചിലത് മാത്രമാണ് ഇന്ന് ജലസേചനത്തിനും മത്സ്യം വളർത്തുന്നതിനും മറ്റ് ആവശ്യങ്ങൾക്കായും ഉപയോഗിക്കുന്നത്. തോടുകളും കുളങ്ങളും ഗാർഹിക ഖര-ദ്രവ മാലിന്യങ്ങളാൽ ഭാഗികമായി മൂടപ്പെട്ടു കിടക്കുകയാണ്. തോടുകളുടെ ഭിത്തിയിടുക വഴി വീതികുറഞ്ഞ് ഭാഗികമായിന്നു ഒഴുക്ക് തടസ്സപ്പെടുന്നു. കിണറുകളും, പൊതുകിണറുകളും ഇവിടെ ഉണ്ട്. പ്രധാനപ്പെട്ട ജലസ്രോതസ്സുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. തോടുകളുടേയും കുളങ്ങളുടേയും സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നാമമാത്രമായി മാത്രമേ ചെയ്തു വരുന്നുള്ളൂ.

### കാർഷിക മേഖല അടിസ്ഥാന വിവരങ്ങൾ

ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം (ഹെ) |
|---|---|
| കാർഷികഭൂമി | 1861.85 |
| കൃഷിക്കുപറ്റാത്തത് | 5.0 |
| കൃഷിയോഗ്യ തരിശ് | 113.0 |
| തൽക്കാല തരിശ് | 16.0 |
| മേച്ചിൽപ്പുറം | – |
| കാർഷികേതര ഭൂമി | 5.5 |
| വയൽ | 531.0 |

# തോടുകൾ സംബന്ധിച്ച വിവരങ്ങൾ

1. താണിയിൽ തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വ ഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. തോടിൽ മണ്ണുനിറയുന്ന അവസ്ഥ കാണാൻ സാധിച്ചു.

2. പുല്ലാനി തോട്ടിലേക്കുള്ള കണക്ഷൻ തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വ ഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. തോടിൽ മണ്ണുനിറയുന്ന അവസ്ഥ കാണാൻ സാധിച്ചു. തോടിൽ അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്ന അവസ്ഥയും കാണാൻ ഇടയായി.

3. കാഡ തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വ ഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. തോടിൽ മണ്ണുനിറയുന്ന അവസ്ഥ കാണാൻ സാധിച്ചു. മാലിന്യങ്ങൾ കുളത്തിൽ നിക്ഷേപിക്കുന്ന പ്രവണതയുണ്ട്. കുളത്തിന്റെ പരിസര പ്രദേശങ്ങൾ കാടുകയറി കിടക്കുകയാണ്.

4. പയ്യൂപാലം തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വ ഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. തോടിൽ മണ്ണുനിറയുന്ന അവസ്ഥ കാണാൻ സാധിച്ചു. മാലിന്യങ്ങൾ കുളത്തിൽ നിക്ഷേപിക്കുന്ന പ്രവണതയുണ്ട്. കുളത്തിന്റെ പരിസര പ്രദേശങ്ങൾ കാടുകയറി കിടക്കുകയാണ്.

5. ഇന്തയിൽ തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വ ഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. തോടിൽ മണ്ണുനിറയുന്ന അവസ്ഥ കാണാൻ സാധിച്ചു. വളരെ ശേചനീയമായ രീതിയിലാണ് തോട് കാണാൻ സാധിച്ചത്. സ്വകാര്യ വ്യക്തികൾ വളരെതോതിൽ തോട് കയ്യേറിയതായി അറിയാൻ സാധിച്ചു.

6. ചിറഞ്ചൽ തോട് :

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. തോടിൽ മണ്ണുനിറയുന്ന അവസ്ഥ കാണാൻ സാധിച്ചു. വളരെ ശേചനീയമായ രീതിയിലാണ് തോട് കാണാൻ സാധിച്ചത്. താടിൽ അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്ന അവസ്ഥയും കാണാൻ ഇടയായി.

7. വാളക്കടു തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. തോടിൽ മണ്ണുനിറയുന്ന അവസ്ഥ കാണാൻ സാധിച്ചു.

8. പട്ടിക്കര കായൽ തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. തോടിൽ അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്ന അവസ്ഥയും കാണാൻ ഇടയായി. ഷട്ടർ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ കൃഷിക്കാവശ്യമായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

9. പറപ്പൂക്കായൽ തോട്

തോടിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ ഭാഗമായി തൊഴിലുറപ്പ് തൊഴിലാളികൾ കയർ ഭൂവസ്ത്രം വിരിക്കുന്നതായി കാണാൻ സാധിച്ചു.

10. മാടത്തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. അതിനാൽ തന്നെ തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് ഇടിഞ്ഞ് തോടിലേക്ക് ഇറങ്ങുന്നു. മാത്രമല്ല, മാലിന്യങ്ങളും തോടിൽ നിക്ഷേപിക്കുന്നതായി കാണപ്പെട്ടു.

11. പൂത്തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. അതിനാൽ തന്നെ തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് ഇടിഞ്ഞ് തോടിലേക്ക് ഇറങ്ങുന്നു. മാത്രമല്ല, മാലിന്യങ്ങളും തോടിൽ നിക്ഷേപിക്കുന്നതായി കാണപ്പെട്ടു. തോടിൽ പുല്ലും നിറഞ്ഞിരിക്കുന്ന അവസ്ഥയാണ്.

12. കണ്ണേപ്പാടം തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്.

13. ചീമ്പ തോട്

പാർശ്വ ഭിത്തികളുടെ സംരക്ഷണം തോടിൽ പൂർണ്ണമായും കാണാൻ സാധിച്ചില്ല. തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറങ്ങുന്ന അവസ്ഥയാണ് ഉള്ളത്. മാത്രമല്ല, തോട്ടിൽ പുല്ല് വളർന്ന് കാടുകയറിയ അവസ്ഥയും.

14. തെക്കുമുറി തോട്.

പാർശ്വ ഭിത്തികളുടെ സംരക്ഷണം തോടിൽ പൂർണ്ണമായും കാണാൻ സാധിച്ചില്ല. തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറങ്ങുന്ന അവസ്ഥയാണ് ഉള്ളത്. മാത്രമല്ല, തോട്ടിൽ പുല്ല് വളർന്ന് കാടുകയറിയ അവസ്ഥയും.

15. പെരുമല തോട്

പാർശ്വഭിത്തികളുടെ അഭാവം മൂലം തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് ഇടിഞ്ഞ് തോടിലേക്ക് ഇറങ്ങുന്നഅവസ്ഥയാണുള്ളത്. മാത്രമല്ല തോടിൽ പുല്ലും നിറഞ്ഞിരിക്കുന്ന അവസ്ഥയാണ്.

16. തങ്ങാലിശ്ശേരി തോട്.

പാർശ്വഭിത്തികളുടെ അഭാവം മൂലം തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് ഇടിഞ്ഞ് തോടിലേക്ക് ഇറങ്ങുന്നഅവസ്ഥയാണുള്ളത്. മാത്രമല്ല തോടിൽ പുല്ലും നിറഞ്ഞിരിക്കുന്ന അവസ്ഥയാണ്.

17. കാഞ്ഞിതോട്

തോടിന്റെ സരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തികളും ഭാഗമായി തൊഴിലുറപ്പ് തൊഴിലാളികൾ പ്രവർത്തിയിൽ ഏർപ്പെട്ടതായി കാണാൻ സാധിച്ചു.

18. പള്ളിത്തോട്

പാർശ്വ ഭിത്തികളുടെ സംരക്ഷണം തോടിൽ പൂർണ്ണമായും കാണാൻ സാധിച്ചില്ല. തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറങ്ങുന്ന അവസ്ഥയാണ് ഉള്ളത്.

19. കൊട്ടാവ് ചിറ തോട്

ഭൂവസ്ത്രം തോടിന്റെ ഇരുവശങ്ങളിലും വിരിച്ചതായി കാണാൻ സാധിച്ചു. അൽപ്പം പഴക്കം ചെന്ന രീതിയിലാണ് പ്രവർത്തി കാണാൻ സാധിച്ചത്.

20. പാറന്നൂർ ചിറപറമ്പ് തോട്

തോട്ടിൽ പുല്ലുവളർന്ന് കാടുകയറിയ അവസ്ഥയാണ് ഉള്ളത്. ഇരുവശങ്ങളിലുമുള്ള പാർശ്വഭിത്തികളുടെ അഭാവം മൂലം തോടിലേക്ക് വലിയതോതിൽ മണ്ണിറങ്ങുന്നു, തോടിന്റെ അരികുകളിൽ മാലിന്യം നിക്ഷേപിക്കുന്നതായി കാണാൻ കഴിഞ്ഞു.

21. ചൂണ്ടക്കാരൻ തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. അതിനാൽ തന്നെ തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് ഇടിഞ്ഞ് തോടിലേക്ക് ഇറങ്ങുന്നു.

22. അകംപാടം തോട്

സ്വകാര്യവ്യക്തികളുടെ കയ്യേറ്റം നടത്തുന്നതായി അറിയാൻ സാധിച്ചു. തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. അതിനാൽ തന്നെ തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് ഇടിഞ്ഞ് തോടിലേക്ക് ഇറങ്ങുന്നു. മാത്രമല്ല മാലിന്യങ്ങളും തോടിൽ നിക്ഷേപിക്കുന്നതായി കാണപ്പെട്ടു.

23 പയ്യൂർ കാക്കാൻ തോട്

തോടിന്റെ സരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ ഭാഗമായി തൊഴിലുറപ്പ് തൊഴിലാളികൾ കയർ ഭൂവസ്ത്രം വിരിക്കുന്നതായി കാണാൻ സാധിച്ചു.

24. പള്ളിക്കുളങ്ങര തോട്.

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. മാത്രമല്ല തോട് വളരെ ദയനീയമായ അവസ്ഥയിലാണ് കാണാൻ സാധിച്ചത്. മാലിന്യങ്ങളാലും ചപ്പ് ചവറുകളാലും നിറഞ്ഞ് ഉപയോഗശൂന്യമായ രീതിയിലാണ് തോടിന്റെ ഇപ്പോഴത്തെ അവസ്ഥ. തോടിന്റെ പരിസര പ്രദേശങ്ങൾ കാടുകയറി കിടക്കുകയാണ്.

25. കിഴക്കേപ്പുറം തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. തോട് പുല്ലുകൾ നിറഞ്ഞ അവസ്ഥയിലാണ്.

26. കുട്ടൻ തോട്

പാർശ്വ ഭിത്തികളുടെ സംരക്ഷണം തോടിൽ പൂർണ്ണമായും കാണാൻ സാധിച്ചില്ല. തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറങ്ങുന്ന അവസ്ഥയാണുള്ളത്. മാത്രമല്ല തോടിൽ പുല്ലുവ ളർന്ന് അവസ്ഥയാണ് ഉള്ളത്

27. പ്രിയദർശിനി തോട് :

പാർശ്വ ഭിത്തികളുടെ സംരക്ഷണം തോടിൽ പൂർണ്ണമായും കാണാൻ സാധിച്ചില്ല. തൊഴിലുറപ്പു മായി ബന്ധപ്പെട്ട കയർ ഭൂവസ്ത്രം തോടിന്റെ ഇരുവശങ്ങളിലും ഇരിക്കുന്നതായി കാണാൻ സാധിച്ചു.

28. തുവ്വാനൂർ ഹൈവേ തോട്

പാർശ്വഭിത്തികളുടെ അഭാവം മൂലം തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറ ങ്ങുന്ന അവസ്ഥയാണ് ഉള്ളത്. പാടത്തിനോട് ചേർന്ന നിലയിലാണ് തോട് സ്ഥിതി ചെയ്യുന്നത്.

29 ചാഞ്ചാൽ തോട്

തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. തോടിലെ വെള്ളം മലിനമായ രീതിയിലാണ് കാണാൻ സാധിച്ചത്. സാമൂ ഹ്യവിരുദ്ധരുടെ പ്രവൃത്തികൾ തോടിനെ മോശമായ രീതിയിൽ ബാധിക്കുന്നു.

30 ചോട്ടിലപ്പാറ തോട്

പാർശ്വഭിത്തികളുടെ അഭാവം മൂലം തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറ ങ്ങുന്ന അവസ്ഥയാണ് ഉള്ളത്. മാത്രമല്ല തോടിൽ പുല്ല് വളർന്ന് കാടുകയറിയ അവസ്ഥയും.

31 ഐസ്പ്ലാന്റ് തോട്

പാർശ്വ ഭിത്തികളുടെ സംരക്ഷണം തോടിൽ പൂർണ്ണമായും കാണാൻ സാധിച്ചില്ല. തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറങ്ങുന്ന അവസ്ഥയാണ് ഉള്ളത്. മാത്രമല്ല തോടിൽ പുല്ല് വളർന്ന് കാടുകയറിയ അവസ്ഥയും.

32. മംഗലം തോട്

പാർശ്വഭിത്തികളുടെ അഭാവം മൂലം തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറ ങ്ങുന്ന അവസ്ഥയാണ് ഉള്ളത്. പായൽ നിറഞ്ഞിരിക്കുന്ന അവസ്ഥയാണ് ഉള്ളത്.

33. മനതോട്

തോടിന്റെ സംരക്ഷണമായി ബന്ധപ്പെട്ട പ്രവർത്തികളൊന്നും തന്നെ അടുത്തകാലത്തായി തൊഴി ലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരി ക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. അതിനാൽതന്നെ തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറങ്ങുന്നു.

34. പെരുങ്ങിണിതോട്

തോടിന്റെ സംരക്ഷണമായി ബന്ധപ്പെട്ട പ്രവർത്തികളൊന്നും തന്നെ അടുത്തകാലത്തായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. അതിനാൽതന്നെ തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറങ്ങുന്നു.

35. പള്ളി കായൽ തോട്

തോടിന്റെ സംരക്ഷണമായി ബന്ധപ്പെട്ട പ്രവർത്തികളൊന്നും തന്നെ അടുത്തകാലത്തായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. പാടത്തിനോട് ചേർന്ന നിലയിലാണ് തോട് സ്ഥിതി ചെയ്യുന്നത്. തോടിന്റെ സംരക്ഷണത്തിനായി കെട്ടിയിരിക്കുന്ന പാർശ്വഭിത്തികൾ ഭാഗികമായി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. അതിനാൽതന്നെ തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറങ്ങുന്നു.

36. അവണത്തോട്

തോടിന്റെ സംരക്ഷണമായി ബന്ധപ്പെട്ട പ്രവർത്തികളൊന്നും തന്നെ അടുത്തകാലത്തായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. പാർശ്വഭിത്തികളുടെ അഭാവം മൂലം തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറങ്ങുന്ന അവസ്ഥയാണ് ഉള്ളത്. മാത്രമല്ല തോടിൽ പുല്ല് വളർന്ന് കാടുകയറിയ അവസ്ഥയും.

**37. മക്കാഡ് തോട്**

തോടിന്റെ സംരക്ഷണമായി ബന്ധപ്പെട്ട പ്രവർത്തികളൊന്നും തന്നെ അടുത്തകാലത്തായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. പാർശ്വഭിത്തികളുടെ അഭാവം മൂലം തോടിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണ് തോട്ടിലേക്ക് ഇറങ്ങുന്ന അവസ്ഥയാണ് ഉള്ളത്. മാത്രമല്ല തോടിൽ പുല്ല് വളർന്ന് കാടുകയറിയ അവസ്ഥയും.

## കുളങ്ങളുടെ വിവരങ്ങൾ

| ക്രമനമ്പർ | കുളത്തിന്റെ പേര് | പൊതു/സ്വകാര്യം | സ്ഥലം |
|---|---|---|---|
| 1. | പോത്തുകുളം | പൊതു | പട്ടിക്കര |
| 2. | മുരിയംകുളം | പൊതു | എരനല്ലൂർ |
| 3. | തച്ചാട്ടുകുളം | പൊതു | മഴുവഞ്ചേരി |
| 4. | കാട്ടുകുളം | പൊതു | എരനെല്ലൂർ |
| 5. | ശങ്കരംകുശം | പൊതു | തലക്കോട്ടുകര |
| 6. | ഏറാട്ടുകുളം | പൊതു | തലക്കോട്ടുകര |
| 7. | തങ്ങലിശ്ശേരി കുളം | പൊതു | മണലി |
| 8. | കുണ്ടാറ കുളം | പൊതു | തലക്കോട്ടുകര |
| 9. | ചേല കുളം | പൊതു | പറപ്പൂർ |
| 10. | പാലക്കുളം | പൊതു | പറപ്പൂർ |
| 11. | ചൂണ്ടൽ ആശുപത്രി ചിറ കുളം | പൊതു | ചൂണ്ടൽ |
| 12. | പാലപ്പെട്ടി കുളം | പൊതു | തുവ്വാനൂർ |
| 13. | ഏരുകുളം | പൊതു | ചൂണ്ടൽ |
| 14. | ഭരണിക്കുളം | പൊതു | എരനെല്ലൂർ |
| 15 | ചെമ്പ്രക്കുളം | പൊതു | പയ്യൂർ |
| 16 | പെലക്കുളം | പൊതു | പയ്യൂർ |
| 17. | പൊതു കുളം | പൊതു | മണലി |
| 18. | പാറക്കുളം | പൊതു | ആയമുക്ക് |
| 19. | ചേനക്കുളം | പൊതു | പെരുമണ്ണ് |

**വിളകളും വിളസമ്പ്രദായവും**

| ഇനം | സ്വഭാവം | വിസ്തീർണ്ണം | ഉൽപാദനം നിലവിൽ | ഉൽപാദനം പ്രതീക്ഷിതം |
|---|---|---|---|---|
| പ്രധാന ഹ്രസ്വകാല വിള | മഴ ആശ്രിതം ജലസേചിതം | 539.0 | 3 | 3.6 |
| ദീർഘകാല വിള | മഴ ആശ്രിതം ജലസേചിതം | 400.0 | 0.003 | 0.004 |
| പ്രധാന ഇടവിള | മഴ ആശ്രിതം ജലസേചിതം | 275.0 | 0.0038 | 0.004 |

## ഭാഗം 1 കൃഷി–അവസ്ഥാവിശകലനം

(മത്സ്യബന്ധം, തൊഴിലുറപ്പ്, മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം ഉൾപ്പടെ)

### ഫോറം 1.1 അടിസ്ഥാന വിവരങ്ങൾ

1.1.1 ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | ഇനം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| 1. | ആകെ ഭൂവിസ്തൃതി | 1998.0 |
| 2 | കൃഷിക്ക് അനുയോജ്യമായ വിസ്തൃതി | 1992.5 |
| 3. | കൃഷി ചെയ്യുന്ന വിസ്തൃതി | 1861.63 |
| 4. | വന വിസ്തീർണ്ണം | – |
| 5. | തരിശ്ഭൂമി | 117.95 |
| a | കൃഷിയോഗ്യമായത് | 113 |
| b | കൃഷിയോഗ്യമല്ലാത്തത് | 5 |
| 6. | കാർഷികേതര ഭൂമി | 5.5 |
| 7 | നെൽവയലുകൾ | |
| a | കൃഷിചെയ്യുന്ന വിസ്തീർണ്ണം | 260.0 |
| b | കൃഷിയോഗ്യമാണെങ്കിലും ചെയ്യാത്തവ | 271.0 |

1.1.2 വിവിധ കാർഷികവിളകൾ - വിള സമ്പ്രദായം

| വിളകൾ | ജലസേചിതം | വിസ്തീർണ്ണം | ഉദ്പാദനം കി.ഗ്രാം | ഉദ്പാദനക്ഷമത കി.ഗ്രാം/ഹെക്ടർ |
|---|---|---|---|---|
| നെല്ല് | ജലസേചിതം, മഴയെ ആശ്രിതം | 2600 | 832000 | 3.2 |
| തെങ്ങ് | ജലസേചിതം | 300 | 900 | 0.003 |
| വാഴ | ജലസേചിതം | 120 | 1800 | 0.015 |
| പച്ചക്കറി | ജലസേചിതം | 15.0 | 3 | 0.003 |
| മരച്ചീനി | മഴയെ ആശ്രിതം | 7 | 252 | 0.036 |
| മറ്റു കിഴങ്ങു വർഗ്ഗങ്ങൾ | മഴയെ ആശ്രിതം | 5 | 180 | 0.036 |
| സുഗന്ധവ്യഞ്ജന വിളകൾ | മഴയെ ആശ്രിതം | 12 | 48 | 0.004 |
| കുരുമുളക് | മഴയെ ആശ്രിതം | 100 | 380 | 0.0038 |
| റബ്ബർ | മഴയെ ആശ്രിതം | 29.71 | ഉദ്പാദനം | കണക്കാക്കിയിട്ടില്ല |
| കവുങ്ങ് | ജലസേചിതം, മഴയെആശ്രിതം | 400 | 400 | 0.001 |

# കൃഷി അനുബന്ധമേഖല

## ദീർഘകാല പരിപ്രേക്ഷ്യം

1. ജലസേചന സൗകര്യത്തോടുകൂടിയ സമ്പൂർണ്ണ തരിശ് രഹിത പഞ്ചായത്ത്.
2. തണ്ണീർതടാതിഷ്ടിത കൃഷി വികസനം.
3. സമഗ്ര പച്ചക്കറി കൃഷി വികസനം.
4. ഭക്ഷ്യ സ്വയം പര്യാപ്തതയും, ഭക്ഷ്യ സുരക്ഷയും, പരമാവധി നേടത്തക്ക രീതിയിലുള്ള കാർഷിക അനുബന്ധ മേഖലകളുടെ ശാസ്ത്രീയമായ വികസനം.
5. കേച്ചേരി പുഴയുടെ സമ്പൂർണ്ണ സംരക്ഷണം.
6. മുഴുവൻ കുളങ്ങളുടെയും, തോടുകളുടെയും പുനരുദ്ധാരണവും സംരക്ഷണവും.
7. പുരയിട കൃഷിയുടെ സമ്പൂർണ്ണ വികസനം.
8. നഴ്സറികളുടെയും, ജൈവ വള കൃഷിയുടെയും സമ്പൂർണ്ണ വികസനം.
9. പട്ടിക്കര കായലിലെ കൃഷിഭൂമി മുഴുവനും കൃഷി യോഗ്യമാക്കൽ

# 2026–27 പദ്ധതി നിർദ്ദേശങ്ങൾ

1. ചെറുതോടുകളുടെ സംരക്ഷണം
2. പുരയിടകൃഷി പ്രോത്സാഹനം
3. കാർഷിക ഉല്പന്നങ്ങളുടെ ആഴ്ച്ച ചന്ത
4. പുലിച്ചക്കാട്ട് സമഗ്ര പച്ചക്കറി കൃഷി
5. പട്ടിക്കര കായൽ വികസന പദ്ധതി
6. പറപ്പൂക്കായൽ പുഞ്ചകൃഷി
7. ശങ്കരകുളം നവീകരണം  തലക്കോട്ടുകര
8. വാർഡ് 20  ചെമ്പ്രകുളം
9. വാർഡ് 2  അകംപാടം കുളം
10. സമഗ്ര നെൽകൃഷി വികസനം
11. പുഷ്പകൃഷി (വനിത)
12. തെങ്ങ് കൃഷി വികസനം
13. പോഷകകിറ്റ് വിതരണം
14. ഫലവൃക്ഷതൈ  വിതരണം
15. ടിഷ്യൂകൾച്ചർ തൈ വിതരണം
16. കുറ്റികുരുമുളക്
17. കുള്ളൻ കവുങ്ങ് തൈ
18. മണലി വാർഡ് 9 തങ്ങാലിശ്ശേരി കുളം നവീകരണം

## മൃഗസംരക്ഷണവും, ക്ഷീരവികസനവും

**വർക്കിംഗ് ഗ്രൂപ്പ്**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | കെ.എൽ. പോൾസൺ |
| വൈസ് ചെയർമാൻ | : | സുനിത ഉണ്ണികൃഷ്ണൻ |
| കൺവീനർ | : | ഡോ. പ്രിയ (വെറ്ററിനറി സർജൻ) |

# മൃഗസംരക്ഷണ മേഖലയിൽ ജനകീയാസൂത്രണത്തിന്റെ 25 വർഷങ്ങൾ

ചൂണ്ടൽ ഗ്രാമപഞ്ചായ്തിതലെ സാധാരണക്കാരായ ക്ഷീരകർഷകരുടെ ആശ്രയമായിരുന്ന മൃഗാശുപത്രി പ്രവർത്തിച്ചിരുന്നത് 2 കടമുറികളിലായിരുന്നു. രോഗം ബാധിച്ച ആടുകളേയോ പശുക്കളേയോ മറ്റു മൃഗഹ്ങളേയോ അവിടെ കൊണ്ടുവന്ന് ചികിത്സിക്കുന്നത് പര്യാപ്തമായിരുന്നില്ല. 1995ൽ ജനകീയാസൂത്രണം ആരംഭിച്ചതിനുശേഷം സാധാരണക്കാരായ കർഷകരുടെ വളരെ നാളത്തെ ആഗ്രഹം പൂർത്തീകരിച്ചുകൊണ്ട് സ്വന്തമായി സ്ഥലം വാങ്ങി 5 മുറികൾ വരാന്ത മൃഗങ്ങളെ ചികിത്സിക്കുവാനുള്ള സ്ഥലം, ട്രിവീസ് 2 ബാത്ത് റൂം അടങ്ങിയ പുതിയ കെട്ടിടം 23.06.2005 മുതൽ പ്രവർത്തനം ആരംഭിച്ചു. ഇന്ന് വളരെ നല്ലരീതിയിൽ നാളിതുവരെ പ്രവർത്തിച്ചുവരുന്നു. തൻമൂലം ക്ഷീര പക്ഷിമൃഗാദികളെ വളർത്തുന്ന കർഷകരുടെ എണ്ണം കൂടുകയും അവർക്ക് ചികിത്സ, ഇൻഷൂറൻസ്, തീറ്റ്, സബ്സിഡി, പക്ഷിമൃഗാദികളെ സബ്സിഡിയിൽ വിതരണം എന്നിവ ജനകീയാസൂത്രണത്രണം വഴി ചെയ്തു വരുന്നു.

ഈ പഞ്ചായത്തിൽ എരുമ, പോത്ത്, കർഷകർ ആദ്യ കാ ലഘട്ടങ്ങളിൽ കുറവായിരുന്നു. എന്നാൽ ജനകീയാസൂത്രണം വഴി ഇവയെ സബ്സിഡിയിൽ വിതരണം ചെയ്തുകൊണ്ട് 25 വർഷങ്ങൾക്കുശേഷം ആയിരത്തിൽ താഴെ പോത്തുകൾ ഇവിടെ വിതരണം ചെയ്യപ്പെടുകയും തൻമൂലം കൂടതൽ കർഷകർ ഈ മേഖലയിലേക്ക് കടന്നുവരുകയും ചെയ്തു.

25 വർഷങ്ങൾക്കു മുൻപ് താരതമ്യേന നാടൻ ഇനത്തിൽപ്പെട്ട വർഷത്തിൽ ഒരു പ്രസവവും ഒരു കുട്ടിയും, അതുതന്നെ ചാകാതെ കിട്ടാൻ നല്ല മൃഗചികിത്സയും ഇല്ലാതിരുന്ന പഞ്ചായത്തിൽ ഏകദേശം 100ൽ താഴെ ആടുകളും നാമമാത്രമായ ആട് കർഷകരും മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് പഞ്ചായത്തിൽ ഏകദേശം 700-ൽ താഴെ ആട് കർഷകരും അവർക്ക് 2000ത്തോളം ആടുകളും ഉണ്ട്. അത്യത്പാദന ശേഷിയുള്ള മലബാറി ആടുകളും പ്രസവത്തിൽ 3 കുഞ്ഞുങ്ങളും അരലിറ്റർ മുതൽ മേലോട്ട് പാലുത്പാദനവും ഉള്ള നല്ല ആടുകളെ ജനകീയാസൂത്രണം വഴി സബ്സിഡിയിൽ വിതരണം ചെയ്യാൻ സാധിച്ചു.

വർഷങ്ങൾക്കുമുമ്പ് ഏകദേശം 50ൽ താഴെ ക്ഷീര കർഷകരും അവർക്ക് 200ൽ താഴെ തനി നാടൻ പശുക്കളുമാണ് ഉണ്ടായിരുന്നത്. അന്നത്തെ പ്രതിദിന ഉത്പാദനം ഒരു പശുവിന് 2-3 ലിറ്റർമാത്രമായിരുന്നു. അന്നത്തെ പഞ്ചായത്തിലെ ഒരു മാസത്തെ ശരാശരി ഉത്പാദനം 3000 ലിറ്ററിൽ താഴെ മാത്രമായിരുന്നു. നാടൻ പുല്ലം, വൈക്കോലും, പിണ്ണാക്കും, തവിടും മാത്രമായിരുന്നു തീറ്റയായി ഉപയോഗിച്ചിരുന്നത്. എന്നാൽ ജനകീയാസൂത്രണം വഴി സങ്കരയിനം പശുക്കളെ വിതരണം ചെയ്ത് തുടങ്ങി. കൂടാതെ അവയുടെ കുട്ടികൽക്ക് 3 മാസം മുതൽ പ്രത്യേക കാലിത്തീറ്റ സബ്സിഡിയിൽ നൽകി

ത്തുടങ്ങി. ആ കുട്ടികളെല്ലാം ഒന്നര വയസ്സിനുള്ളിൽ മദി ലക്ഷണം കാണിച്ച് കുത്തിവെയ്ക്കുകയും രണ്ടര വയസ്സിൽ ആദ്യ പ്രസവം നടക്കുകയും ചെയ്തു. തന്നെയുമല്ല പ്രസവിച്ച പശുക്കൽക്ക് പാലുത്പാദനം കൂടുന്നതിനാവശ്യമായ തീറ്റയും ജനകീയാസൂത്രണം വഴി സബ്സിഡിയിൽ വിതരണം ചെയ്തുതുടങ്ങി. തത്ഫലമായി പഞ്ചായത്തിൽ അത്യത്പാദന ശേഷിയുള്ള പശുക്കളുടെ എണ്ണം വർദ്ധിക്കുകയും പാലിന്റെ അളവ് ശരാശരി ഒരു പശുവിന് 10 ലിറ്റർ മുതൽ 15 ലിറ്റർ വരെ വർദ്ധിക്കുകയും ചെയ്തു. തത്ഫലമായി ഈ മേഖലയിലേക്ക് ഒരുപാട് കർഷകർ കടന്നുവരികയും പഞ്ചായത്തിൽ പശുക്കളുടെ എണ്ണം ഏകദേശം 800 വരെ എത്തുകയും ചെയ്തു. പ്രതിമാസം 3 സൊസൈറ്റികളിലായി 1,50,000 ത്തോളം ലിറ്റർ പാൽ അളക്കുകയും ചെയ്യുന്നു.

സാധാരണക്കാരായ ജനങ്ങൾ വീടാവശ്യത്തിനായി തനി നാടൻ ഇനത്തിൽപ്പെട്ട കോഴികളെയാണ് വളർത്തിയിരിക്കുന്നത്. അവയ്ക്ക് ശരിയായ ചികിത്സയോ വാക്സിനേഷനോ ഉണ്ടായിരുന്നില്ല. അതിനാൽ അസുഖം പിടിപെട്ട് ചാവുക പതിവായിരുന്നു. ഇതൊരു ഉപജീവന മാർഗ്ഗമായി ജനങ്ങൾ കണ്ടിരുന്നില്ല. ഏകദേശം 1000ത്തിൽ താഴെ കോഴികൾ മാത്രമേ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളൂ. ഒരു കോഴിയിൽനിന്ന് വർഷത്തിൽ 100-ൽ താഴെ മുട്ട ഉത്പാദനം നടത്തിയിരുന്നുള്ളൂ. എന്നാൽ ജനകീയാസൂത്രണം വർഷത്തിൽ 300 വരെ മുട്ടയിടുന്ന അത്യുത്പാദന ശേഷിയുള്ള കോഴികളെ വിതരണം ചെയ്തു തുടങ്ങി. അതിനാൽ ഇപ്പോൾ പഞ്ചായത്തിൽ 12000ത്തിൽപരം വിവിധ ഇനം അത്യുത്പാദന ശേഷിയുള്ള കോഴികൾ ഉണ്ട്. ജനങ്ങൾ ഇതൊരു ഉപജീവനമാർഗ്ഗമായി തിരഞ്ഞെടുത്ത് ഫാമുകളും നടത്തിവരുന്നു.

ഈ കോവിഡ് പ്രതിസന്ധിയിലും ഗർഫ് മേഖലയിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നവരും, അഭ്യസ്ഥര വിദ്യരും തൊഴിൽ രഹിതരുമായ യുവാക്കളും ധാരാളം ഈ മേഖലയിലെയ്ക്ക് കടന്നുവരുന്നു. ഇന്ന് എല്ലാവർക്കും അഭിമാനത്തോടെ ചെയ്യാവുന്ന ഒരു തൊഴിലായി പക്ഷി മൃഗാദികളെ വളർത്തുന്നത് തൊഴിലായി മാറിയിരിക്കുന്നു. ഇവർക്ക് ജനകീയാസൂത്രണം വഴി വേണ്ട ചികിത്സാസഹായവും സബ്സിഡി നിരക്കിൽ പക്ഷിമൃഗാദികളേയും തീറ്റയും ഇൻഷൂറൻസും നൽകി പരിരക്ഷിച്ചുവരുന്നു. തത്ഫലമായി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, സ്വയം തൊഴിലായും ഈ മേഖല വലറെയധികം മുന്നേറിക്കൊണ്ടിരിക്കുന്നതിന് ജനകീയാസൂത്രണം വഹിച്ച പങ്ക് സ്തുത്യർഹമാണ്.

വിപണിയെ മൂല്യവർദ്ധിതമാക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പരമപ്രധാനമായ കർമ്മ പദ്ധതി. തൊഴിൽ മുൻഗണന കൊടുത്തുകൊണ്ടുള്ള മിനി ഡയറിഫാമുകൾ ഉൾപ്പടെയുള്ള ശ്രമങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതുണ്ടതുണ്ട്.

**ജനകീയാസൂത്രണവും മൃഗസംരക്ഷണവും 25 വർഷങ്ങൾ**

| വർഷം | കോഴി | താറാവ് | പശു | പോത്ത്/ എരുമ | മുട്ട ഉത്പാദനം | മാംസം ഉത്പാദനം | പാൽ ഉത്പാദനം |
|---|---|---|---|---|---|---|---|
| 1996 | 1000 | 80 | 300 | 10 | 15000 /month | 150 Kg/day | 3000 ltr/month |
| 2019 | 9851 | 197 | 735 | 133 | | | |
| 2022 | 12000 | 250 | 800 | 1000 | 60000 /month | 500 Kg/day | 1,50,000 ltr/month |

### ഭാഗം 3 വികസന പരിപ്രേക്ഷ്യം

| | പ്രോജക്ടിന്റെപേര് | സൂചിക | കൈവരിക്കേണ്ട ദീർഘകാല ലക്ഷ്യം |
|---|---|---|---|
| 1. | പാൽ,മുട്ട,മാംസം എന്നിവയുടെ ഉൽപാദനം സ്വയംപര്യാപ്തത കൈവരിക്കുക | 3000 ltr/day . 50000 മുട്ട വർഷത്തിൽ | 5000 ltr/day . 2500000 മുട്ട വർഷത്തിൽ |
| 2. | ക്ഷീരകർഷകർക്ക് മരുന്ന് ലഭ്യമാക്കുക ശുദ്ധമായ മാംസഉൽപ്പാദനം മൃഗാശുപത്രികളിൽ സൗകര്യമൊരുക്കുക | | ബ്ലോക്ക്തലത്തിൽ സൗകര്യങ്ങളോടുകൂടിയ അറവുശാല നിർമ്മാണം മൃഗാശുപത്രികളിലെ സൗകര്യം |
| 3. | കാലികൾക്ക് ഇൻഷൂറൻസ് പരിരക്ഷ | | മൃഗങ്ങൾക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കുക. |
| 4. | തെരുവ്നായ നിയന്ത്രണം | | മാലിന്യനിർമ്മാർജ്ജനത്തിന് മുൻതൂക്കം നൽകുക. |

### ഭാഗം 3 വികസന പരിപ്രേക്ഷ്യം

| | | | കൈവരിക്കേണ്ട ലക്ഷ്യം | | | | |
|---|---|---|---|---|---|---|---|
| | | | 17-18 | 18-19 | 19-20 | 20-21 | 21-22 |
| 1. | പാലുൽപ്പാദനം കൂട്ടുക | കറവപ്പശുക്കളെ നൽകുക | 10 | 15 | 20 | 25 | 30 |
| 2 | മാംസ ഉൽപ്പാദനം കൂട്ടുക | ആടുകളെ നൽകുക | 50 | 100 | 150 | 200 | 250 |
| 3 | മുട്ട ഉൽപ്പാദനം കൂട്ടുക | കോഴി വിതരണം | 500 | 600 | 700 | 800 | 1000 |

### ഭാഗം 4 വികന ലക്ഷ്യങ്ങളും പ്രോജക്ട് ആശയങ്ങളും

| | | |
|---|---|---|
| 1. | കന്നുകുട്ടികളെ സംരക്ഷിക്കുക | കന്നുകുട്ടി പരിപാലന പദ്ധതി എല്ലാവർഷവും നടപ്പിലാക്കുക |
| 2. | കറവപശുകൾക്ക് തീറ്റ സബ്സിഡി | ക്ഷീരസംഘങ്ങൾവഴി കാലിത്തീറ്റ നൽകുക |
| 3. | ആട് വിതരണം | വ്യക്തികൾക്ക് ആട് വിതരണം നടത്തുക (ഗ്രൂപ്പ് സംരംഭം ഏകോപനം ദുർല്ലഭമാണ്) |
| 4. | മൃഗാശുപ്ത്രികളിൽ ആവശ്യത്തിന് ലഭ്യമാക്കുക | മരുന്ന് സൗജന്യമായി നൽകുക |
| 5. | തീറ്റപ്പുൽകൃഷി | തരിശുനിലങ്ങളിൽ പുല്ല് വെക്കുക |

# മൃഗസംരക്ഷണണം- ക്ഷീര വികസനം

## ദീർഘകാല പരിപ്രേക്ഷ്യം

1. പാല്, മുട്ട, മാംസം എന്നിവയുടെ സ്വയം പര്യാപ്തത.
2. ജൈവവള സമൃദ്ധി
3. ക്ഷീര സംഘങ്ങൾക്ക് വൈവിധ്യവൽക്കരണത്തിന് സാമ്പത്തിക സഹായം.

## 2026-27 പദ്ധതി നിർദ്ദേശങ്ങൾ

1. നിലവിൽ നടന്നുവരുന്ന പദ്ധതികളായ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ, തെരുവ് നായ്ക്കൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവെപ്പ്, വനിതകൾക്ക് മുട്ടക്കോഴി വിതരണം, കന്നുകുട്ടിപരിപാലനം, പോത്ത്കുട്ടി വിതരണം എന്നിവ അതേപടി നടപ്പിലാക്കണം.
2. മൃഗസംരക്ഷണ മേഖലയിൽ വരുന്ന പദ്ധതികൾ വനിത ഘടകപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പദ്ധതി നടത്തിപ്പിന് കാര്യമായി ബാധിക്കുന്നുണ്ട്. അത് ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുന്നു.
3. ക്ഷീരവികസന വകുപ്പ് മുഖാന്തിരം നിർവ്വഹണം ചെയ്യുന്ന പദ്ധതിയായ കറവപശുക്കൾക്ക് കാലിത്തീറ്റ എന്ന പദ്ധതി തുടരണം
4. എ.ബി.സി പദ്ധതിക്ക് തുക കൈമാറാനുള്ള പദ്ധതി വെയ്ക്കണം
5. കോഴി ഫാം യൂണിറ്റ്
6. കുടുംബശ്രീ യൂണിറ്റുകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി
7. സബ്സിഡി നിരക്കിൽ Cowmat വിതരണം
8. കറവപശുക്കൾക്ക് ധാതുലവണ മിശ്രിത വിതരണം
9. കറവപശു വിതരണം ജനറൽ
10. കറവപശുക്കൾക്ക് 3 മാസം സബ്സിഡി നിരക്കിൽ വേനൽക്കാല തീറ്റ നൽകൽ

# വനിത വികസനം

## വർക്കിംഗ് ഗ്രൂപ്പ്

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ജൂലറ്റ് വിനു |
| വൈസ് ചെയർപേഴ്സൺ | : | രേഖ സുനിൽ |
| കൺവീനർ | : | ഷൈനി സി.ജെ. (I.C.D.S.സൂപ്പർവൈസർ) |

### വനിതാക്ഷേമം കുടുംബശ്രീ സംവിധാനം

ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ സ്ത്രീപുരഷ ആനുപാതം നോക്കിയാൽ വനിതകൾക്ക് മുൻതൂക്കം വരുന്ന പഞ്ചായത്താണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസം ആർജിച്ച സ്ത്രീകൾ ഒരു വാർഡിൽ പരിശോധിക്കുമ്പോൾതന്നെ സൂചിക വളരെ മുകളിലാണ്. ടീച്ചർമാർ, കോളേജ് പ്രൊഫസർമാർ, എഞ്ചിനിർ., ഡോക്ടർ നഴ്സ്, അക്കൗണ്ടന്റ് എല്ലാ തസ്തികകളിലും സ്ത്രീകൾ സജീവമായി ഇഷ്ടപ്പെടുന്നവരുണ്ട്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വിവാഹം എന്ന ചട്ടക്കൂടിനകത്ത് ഒതുങ്ങിക്കഴിയുന്ന സ്ത്രീകൾ വളരെ കുറവാണ്. കുടുംബത്തിനും സ്വയം തൊവിൽ, ജോലി എന്നിവ ഒപ്പം കൊണ്ടുപോകാൻ പ്രാപ്തരായവർ ആണ്.

ഇന്നത്തെ കുടുംബശ്രീ സംവിധാനം വരുന്നതിനുമുമ്പ് സ്ത്രീശക്തി ഗ്രൂപ്പുകളും അതിനുമുമ്പ് നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പത്തോളം മഹിളാസമാജങ്ങൾ പ്രവർത്തിച്ചിരുന്നു. ഇതിനെ കേന്ദ്രീകരിച്ചുകൊണ്ട് ചില സ്ഥലങ്ങളിൽ ബാലവാടികളും ഫീഡിംഗ് സെന്ററും തൊഴിൽ സംരംഭങ്ങളും നടന്നുവന്നിരുന്നു.

### 1996 ന് മുമ്പ് നിലനിന്നിരുന്ന മഹിളാ സമാജങ്ങൾ

| പേര് | അംഗങ്ങൾ | കെട്ടിടവും സ്ഥലവും | ബാലവാടി സെന്റർ | ഫീഡിങ്ങ് സെന്റർ |
|---|---|---|---|---|
| ജ്ഞാൻസി മഹിളാസമാജം പെലക്കാട്ടുപയ്യൂർ | 42 | സ്വന്തം | ഉണ്ട് | ഉണ്ട് |
| കാണിപ്പയ്യൂർ മഹിളാസമാജം, ചൂണ്ടൽ | 51 | സ്വന്തം | ഉണ്ട് | ഉണ്ട് |
| കസ്തൂർബാ മഹിളാസമാജം ചൂണ്ടൽ | 20 | സ്വന്തം | ഉണ്ട് | ഉണ്ട് |
| ദീപ്തി മഹിളാസമാജം പാറന്നൂർ | 60 | ഇല്ല | ഉണ്ട് | ഉണ്ട് |
| രശ്മി മഹിളാസമാജം മഴുവഞ്ചേരി | 50 | സ്വന്തം | ഉണ്ട് | ഉണ്ട് |
| ഭാവന മഹിളാസമാജം എരനെല്ലൂർ | 20 | സ്വന്തം | ഉണ്ട് | ഉണ്ട് |
| പ്രിയദർശിനി മഹിളാസമാജം തലക്കോട്ടുകര | 30 | ഇല്ല | ഇല്ല | ഇല്ല |
| തലക്കോട്ടുകര മഹിളാസമാജം | 32 | ഉണ്ട് | | |
| രമ്യ മഹിളാസമാജം, പട്ടിക്കര | 65 | ഇല്ല | ഉണ്ട് | ഉണ്ട് |
| കല മഹിളാസമാജം, തുവാനൂർ | 50 | ഇല്ല | ഉണ്ട് | |

കഴിഞ്ഞ 25 വർഷത്തെ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ സ്ത്രീകളെ ശാക്തീകരിക്കുന്നതിലും അവരുടെ സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിക്ക് ഒട്ടേറെ പങ്കുവഹിച്ചിട്ടുണ്ട്. 1998ൽ ആരംഭിച്ച ശ്ത്രീശക്തി വാർഡുതലത്തിൽ പത്തുമുതൽ 20വരെ സ്ത്രീകളെ കൂട്ടിച്ചേർത്തുകൊണ്ട് പ്രവർത്തനം ആരംഭിച്ചു. അവർക്കുവേണ്ടി സർക്കാർ സാമ്പത്തിക സഹായത്തോടെ തൊഴിൽ പരിശീലനങ്ങൾ നൽകി സ്വയംപര്യാപ്തരാക്കാനുള്ള ശ്രമങ്ങൾ നടത്തി. ബ്ലോക്ക് ഓഫീസ് ആയിരുന്നു ഇതിന്റെ മോണിറ്ററിംഗ് ചുമതല നിർവ്വിഹിച്ചിരുന്നത്. സംസ്ഥാന ഗവൺമെന്റ് പിന്നീട് നൂതന സംവിധാനമായ കുടുംബശ്രീ - സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ നിലവിൽവരുകയും 25 വർഷത്തിനുള്ളിൽ കുടുംബശ്രീയുടെ പ്രവർത്തനം ശക്തവും വിപുമാകുകയും സാമ്പത്തിക സാമൂഹിക സ്ത്രീശാക്തീകരണം എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്ക്കിർകകുന്നതിനുള്ള സ്ത്രീകളുടെ കരുത്തുറ്റ സംഘടനാസംവിധാനമായി നിലവിൽ വരുകയും ചെയ്തു. ഓരോ പ്രദേശത്തേയും കുടുംബങ്ങളിൽനിന്ന് 18 വയസ്സ് പൂർത്തിയായവരെ ഉൾപ്പെടുത്തി 20 പേരടങ്ങുന്ന അയൽക്കൂട്ടങ്ങളാണ് സംഘടന സംവിധാനത്തിന്റെ അടിസ്ഥാന ഘടകം.

ചൂണ്ടൽ പഞ്ചായത്തിൽ 203 അയൽക്കൂട്ടങ്ങളും 3024 അംഗങ്ങളും ഉണ്ട്. എസ്.സി. സംഘങ്ങൾ 13 എണ്ണവും ഭിന്നശേഷി അയൽക്കൂട്ടങ്ങൾ 3 എണ്ണവും പ്രവർത്തിച്ചുവരുന്നു. 90 അയൽക്കൂട്ടങ്ങൾ ലിങ്കേജ് വായ്പയായി 52619906 രൂപ നൽകിയിട്ടുണ്ട്. സ്ത്രീ സ്വയംതൊഴിലിലായി 37 സംരംഭങ്ങൾ നിലവിലുണ്ട്. സി.ഇ.എഫ്. ഫണ്ടിൽനിന്നും 4 ശതമാനം പലിശയിൽ 300000 നൽകിയിട്ടുണ്ട്. ബാങ്ക് വായ്പ 17 അയൽക്കൂട്ടങ്ങൾക്ക് 1,07,67,500/- രൂപ നൽകി. പ്രൊഡ്യൂസർ ഗ്രൂപ്പ് (ഐസ്ക്രീം സംരംഭം) ഒരു ഗ്രൂപ്പിന് 1,50,000/- രൂപ നൽകി. മുറ്റത്തെ മുല്ല പദ്ധതി വഴി ഒരു അയൽക്കൂട്ടത്തിന് നൽകിയിട്ടുണ്ട്. സർക്കാരിന്റെ ഇത്തരം സഹായങ്ങൾ ഒരു പരിധിവരെ കൊള്ളപ്പലിശക്കാരെ പ്രത്യേകിച്ച് അന്യ സംസ്ഥാനങ്ങളിൽനിന്നും വീടുകൾതോറും പണം പലിശക്ക് കൊടുത്തിരുന്ന ആളുകളെ മാറ്റിനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ പഞ്ചായത്തിലെ 127 അയൽക്കൂട്ടങ്ങൾക്ക് 10915777 രൂപയും, പ്രളയം ലോൺ 15 അയൽക്കൂട്ടങ്ങൾക്ക് 4450000 രൂപയും സബ്സിഡിയായി 764048 രൂപയും നൽകി.

ഇത്രയൊക്കെ സഹായ സംവിധാനങ്ങൾ നൽകുന്നുണ്ടെങ്കിലും ഇപ്പോഴും മൈക്രോഫിനാൻസ് പോലുള്ള സ്വകാര്യ സംരംഭങ്ങളെ ആശ്രയിക്കുന്ന ആളുകൾ ധാരാളമുണ്ട്. പഞ്ചായത്തിൽ കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് 37 ജെ.എൽ.ജി. ഗ്രൂപ്പുകൾ 593.56 ഏക്ര സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. കോവിഡ് കാലത്ത് കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസമായ സാഹചര്യത്തിൽ കുടുംബശ്രീ കുടുംബങ്ങളെ സഹായിക്കുന്ന പദ്ധതി വഴി 128 അംഗങ്ങൾക്ക് കെ.എസ്.എഫ്.ഇ. വഴി ലാപ്ടോപ് വിതരണം ചെയ്തു. തൊഴിൽ നൈപുണ്യ പരിശീലന പദ്ധതിയായ ഡി.ഡി.യു. ജി.കെ.വൈ. പദ്ധതിപ്രകാരം 40 പേർക്ക് വിവിധ തൊഴിൽ പരിശീലനം കൊടുത്തു. 20 പേർക്ക് തൊഴിൽ നൽകുകയും 217 അയൽക്കൂട്ടങ്ങളിലായ 35 ബാലസഭകളിലായി 520 കുട്ടികളുടെ കൂട്ടായ്മ നിലവിലുണ്ട്. കുടുംബശ്രീ സംവിധാനം വഴി 52 അംഗങ്ങൾക്ക് അഗതികേരളം പദ്ധതിയിൽ മാസം തോറും സൗജന്യമായി കിറ്റുകൾ വിതരണം ചെയ്തുവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ സുഭിക്ഷകേരളം പദ്ധതിയായ ജനകീയ ഹോട്ടൽ നടന്നുവരുന്നുണ്ട്. പഞ്ചായത്തിന്റെ വനിത ഘടക പദ്ധതി പ്രകാരം ഗർഭിണി കിടാരി വിതരണം, ആട് പോത്ത് കോഴി വിതരണം വഴി സ്ത്രീകൾക്ക് കുടുംബത്തിൽനിന്നുകൊണ്ടുതന്നെ തൊഴിൽ ചെയ്യുവാനും സാധിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സംവരണം നൽകി സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാരിന്റെ ഇച്ഛാശ

ക്തിയെ അഭിനന്ദിക്കാൻ കൂടി ഈ അവസരം ഉപയോഗിക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ കുടുംബശ്രീ വഴി ശ്രദ്ധേയമായ തൊഴിൽ സംരംഭങ്ങൾ ഉണ്ടാകുന്നില്ല എന്നത് ഒരു ന്യൂനതയായി നാം കാണേണ്ടതാണ്. 8-ാം വാർഡിൽ വളരെ പ്രതീക്ഷയോടെ നാം ആരംഭിച്ച ബുക്ക് ബൈന്റിംഗ് കേന്ദ്രം ഇന്നും പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. നേരത്തെ നിലനിന്നിരുന്ന വനിത ഇലക്ട്രോണിക്സ് കേന്ദ്രം (സഹകരണം) ഇന്ന് പ്രവർത്തനക്ഷമമല്ല. കേരളം 14-ാം പഞ്ചവത്സര പദ്ധതിയിൽ മുന്നോട്ടുവയ്ക്കുന്ന വൈജ്ഞാനിക സമ്പദ് വ്യവസ്ഥ യിൽ നോളജ് മിഷൻ വഴി പുതിയ തൊഴിൽ സാധ്യതകളും തൊഴിൽ കേന്ദ്രങ്ങളും രൂപപ്പെടുത്തു ന്നതിന് നാം ശ്രദ്ധിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഈ നേട്ടകോട്ടങ്ങളെ വിലയിരുത്തിക്കൊണ്ട് കൃയാത്മകമായ പുതിയ പദ്ധതികൾക്ക് നമുക്ക് രൂപം നൽകാം.

1. വ്യക്തിഗത സംരംഭങ്ങൾ - 44
2. ഗ്രൂപ്പ് സംരംഭങ്ങൾ - 7

   (CEF - 22 സംരംഭങ്ങൾ) - 18 വ്യക്തിഗതം - 297966/-

   - 4 ഗ്രൂപ്പ് സംരംഭങ്ങൾ - 4,60,000/-
3. ബാലസഭ ശാക്തീകരണം - ബാലസഭ - 59 - 687 കുട്ടികൾ
   - ❋ ബാലസഭ ബാലസദസ്സ് ക്യാമ്പയിൻ
   - ❋ ബാലസഭ മൈന്റ്ബ്ലോവേഴ്സ് പരിശീലനം
   - ❋ ബാലസഭ - ബാലസമിതി രൂപീകരണം.
   - ❋ ബാലസഭ - പഠനയാത്ര.
4. സ്ത്രീ ശാക്തീകരണ പദ്ധതികൾ
   - ❋ സെൽഫ് ഡിഫൻസ് ക്ലാസ്സ്
   - ❋ മോട്ടിവേഷൻ ക്ലാസ്സ്
   - ❋ ലിംഗസമത്വം
   - ❋ വിജിലന്റ് ഗ്രൂപ്പ്
   - ❋ നിയമ അവബോധ ക്ലാസ്സ്
   - ❋ കൗൺസിലിംഗ്

**ഓക്സിലറി ഗ്രൂപ്പ് - 18, അംഗങ്ങൾ - 202**

1. വെജിറ്റബിൾ കിയോസ്ക്ക് - 2,00,000/-

   വയനാട് ദുരിതാശ്വാസ ഫണ്ട് - 2,19,100/-

# വനിതാവികസനം

## ദീർഘകാല പരിപ്രേക്ഷ്യം

വനിതകളുടെ സാമൂഹ്യപദവി ഉയകർത്തുക. സാമ്പത്തിക സ്വയം പര്യപ്തത കൈവരുത്തുക. സ്വാതന്ത്ര്യവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുക. പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ മുഖ്യധാരയിൽ നിലനിർത്തുക. വ്യവസായ സംരംഭങ്ങളിൽ പങ്കാളികളാക്കുക. നേതൃത്വ പദവികൾ വഹിക്കുവാൻ സ്ത്രീകളെ പര്യാപ്തമാക്കുക. അഭ്യസ്തവിദ്യരായ സ്ത്രീകൾ തൊഴിൽരംഗത്ത് എത്തുന്നത് പ്രോത്സാഹിപ്പിക്കുക. വിധവകളെയും, വൃദ്ധകളെയും മറ്റ് തരത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവരെയും സാമൂഹ്യ സുരക്ഷാ പദ്ധതികളിലൂടെ സമൂഹത്തിൽ ഒപ്പം നിർത്തുക. വിവിധ തൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കി സ്വയം പര്യാപ്തരാക്കുക. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തുള്ളവർക്ക് പ്രത്യേകം പ്രോത്സാഹനം നൽകുക. സ്ഥാപനങ്ങളും പൊതു സ്ഥാപനങ്ങളും സ്ത്രീ സൗഹൃദങ്ങളാക്കുക.

## 2026–27 പദ്ധതിനിർദ്ദേശങ്ങൾ

1. എൽ.ഇ.ഡി നിർമ്മാണ യൂണിറ്റ്
2. പകൽ വീട്
3. വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം
4. കലാ-കായിക വികസനത്തിനുള്ള പരിശീലനം
5. നിലവിലുള്ള ആശ്രയ ലിസ്റ്റ് പരിശോധിച്ച് ലിസ്റ്റ് പുനഃക്രമീകരിക്കുക
6. പെൺക്കുട്ടികൾക്ക് കരാട്ടെ കളരി പരിശീലനം
7. വനിത സഹകരണ സംഘം തുടങ്ങുക
8. ഷീ ലോഡ്ജ്
9. ഹാച്ചറിങ്ങ് യൂണിറ്റ്
10. വനിതകൾക്ക് ചെണ്ടകൊട്ട് പരിശീലനം
11. അങ്കണവാടികളിലൂടെ പോഷകാഹാരം, 3 ദിവസം എള്ള്, കപ്പലണ്ടി മിഠായി നൽകണം
12. അങ്കണവാടി കുട്ടികൾക്ക് യൂണിഫോറം
13. കുടുംബശ്രീ വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം

14. അങ്കണവാടി കുട്ടികൾക്ക് കളിസ്ഥലം, കളിപ്പാട്ടം
15. 50-ാം നമ്പർ അങ്കണവാടിക്ക് സ്വന്തമായി കണറിലില്ല. അവിടെ ബോർവെൽ
16. എല്ലാ വാർഡുകളിലും അങ്കണവാടി മെയിന്റനൻസ്
17. വാർഡ് 19, 14, 11 , 17, 3 എന്നീ വാർഡുകളിൽ പുതിയ അങ്കണവാടിക്ക് സ്ഥലം കണ്ടെത്തി നിർമ്മാണം ആരംഭിക്കുക
18. നം. 64 പ്രതിഭാ അങ്കണവാടി ചുറ്റുമതിൽ ഉയരം കൂട്ടുക, ഷീറ്റ് ഇടുക
19. വനിത ബുക്ക് ബൈന്റിംഗ് പ്രവർത്തനം തുടങ്ങണം വാർഡ് 9
20. തെങ്ങിൽ പുതിയ അങ്കണവാടിക്ക് സ്ഥലം കണ്ടെത്തുക
21. തലക്കോട്ടുകര സബ്ബ് സെന്റർ, ചുറ്റുമതിൽ, ബോർവെൽ, മോട്ടോർ സ്ഥാപിക്കൽ
22. വനികൾക്ക് അനീമിയ ക്യാമ്പ് നടത്തി പോഷകാഹാര കിറ്റ് വിതരണം
23. കുടുംബശ്രീ മിനി സൂപ്പർമാർക്കറ്റ് എല്ലാ വാർഡിലും സ്ഥാപിക്കുക
24. ഓപ്പൺ ജിം ഇല്ലാത്ത വാർഡുകളിൽ ഓപ്പൺ ജിം സ്ഥാപിക്കൽ
25. വനിതകൾക്ക് നീന്തൽ പരിശീലനം
26. മെൻസ്ട്രൽ കപ്പ് വിതരണം
27. കേച്ചേരി സെന്ററിൽ പബ്ലിക്ക് ടോയ്‌ലറ്റ് നിർമ്മാണം
28. എല്ലാ വാർഡിലും വനിത ഫിറ്റ്നെസ്സ് സെന്റർ
29. 47-ാം നമ്പർ അങ്കണവാടിക്ക് മോട്ടോർ
30. 14 വയസ്സ് മുതലുള്ള പെൺക്കുട്ടികൾ ക്യാൻസാർ നിൻണ്ണയ ക്യാമ്പ് നടത്തി ക്യാൻസർ പ്രതിരോധ കുത്തിവെപ്പ് നടത്തുക
31. വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി തുണി സഞ്ചി നിർമ്മാണം

# പട്ടികജാതി
## വർക്കിംഗ് ഗ്രൂപ്പ്

| | | |
|---|---|---|
| ചെയർമാൻ | : | കോമള കൃഷ്ണൻ |
| വൈസ് ചെയർപേഴ്സൺ | : | പി.കെ.സുഗതൻ |
| കൺവീനർ | : | ബിന്ദു ജോസഫ് (അസി. സെക്രട്ടറി) |

## പട്ടികജാതി

ജനകീയാസൂത്രണത്തിന്റെ പിന്നിട്ട 25 വർഷ കാലയളവിൽ ഒട്ടേറെ പദ്ധതികളും പരിപാടികളും പട്ടികജാതി വികസനത്തിനായി ചെലവഴിക്കപ്പെട്ടിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പദ്ധതികൾ കൂടാതെ സർക്കാർ പദ്ധതികളും പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിന് ഒട്ടേറെ പുരോഗതി നേടാനായിട്ടുണ്ട് എങ്കിലും നൂറ്റാണ്ടുകളായി അവശതയനുഭവിച്ചുവരുന്ന ഒരു ജനവിഭാഗത്തെ പൂർണ്ണമായും മുഖ്യധാരയിലേക്കുയർത്തുവാൻ ഇനിയും പ്രത്യേക പദ്ധതികൾ ആവശ്യമാണ്.

കുടിവെള്ളം, ഭവന നിർമ്മാണം, മാലിന്യ സംസ്കരണം എന്നീ രംഗങ്ങളിൽ ഇനിയും സ്വയം പര്യാപ്തത നേടാനായിട്ടില്ല. ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രകടനവും തൃപ്തികരമല്ല. വിദ്യാഭ്യാസം പൂർത്തിയാക്കിയവരിൽതന്നെ തൊഴിൽരഹിതർ ഏറെയാണ്. ഉന്നത വിദ്യാഭ്യാസ വേദികളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തൊഴിൽ പരിശീലനം നേടിയിട്ടും സംരംഭങ്ങൾ ആരംഭിക്കുവാനുള്ള ആത്മവിശ്വാസവും താൽപര്യവും സന്നദ്ധതയും ഇല്ലായ്മ, മൂലധനം കണ്ടെത്തുവാനുള്ള പ്രയാസം, തൊഴിലധിഷ്ഠിത പ്രഫഷണൽ രംഗങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ എണ്ണക്കുറവ്, ഉദ്യോഗസ്ഥരായവരുടെ സാമൂഹ്യ വികസനത്തിനുള്ള താൽപര്യക്കുറവ് എന്നിവയൊക്കെ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

ഈ പ്രദേശം വലിയ വിവേചനങ്ങൾക്ക് വിധേയമല്ല എന്നത് തികച്ചും ആശ്വാസകരമാണ്. ജാതീയ സംഘർഷങ്ങളും സംഘട്ടനങ്ങളും കേട്ടുകേൾവിയിലല്ല. ജാത്യാടിസ്ഥിതമായി ചില പ്രശ്നങ്ങൾ ഊതിവീർപ്പിക്കുവാൻ ബോധപൂർണ്ണമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. സംസ്കാര സമ്പന്നരും ഉയർന്ന രാഷ്ട്രീയബോധമുള്ളവരുമായ ജനസംഞ്ചയത്തിന്റെ ഇടപെടലുകൾ പ്രശ്നം സങ്കീർണ്ണമാക്കുന്നില്ല.

1996ൽ പ്രാദേശിക കണക്കിന്റെ അടിസ്ഥാനത്തിൽ 11 വാർഡുകളിലായി 482 പട്ടികജാതി കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ടായിരുന്നു. പട്ടികജാതിക്കാർ കൂട്ടമായി താമസിക്കുന്ന 10 കോളനികൾ നിലവിലുണ്ടായിരുന്നു. 2021ലെ കണക്കുനോക്കുമ്പോൾ 535 കുടുംബങ്ങളിലായി ഏകദേശം 3263 പേർ താമസിക്കുന്നു. 25 വർഷങ്ങൾക്കുമുമ്പ് പട്ടികജാതി വിഭാഗത്തിൽ പെട്ടവർ പരമ്പരാഗത തൊഴിലായ പായ കൊട്ട മുതലായവ നെയ്തും കാർഷികമേഘലയിൽ പണിചെയ്തും ഉപജീവനം നടത്തിയവായിരുന്നെങ്കിൽ ഈ തൊഴിലുകളെല്ലാം 95% ഇല്ല എന്നുതന്നെ പറയാം. ഈ വിഭാഗത്തിനിടയിൽ വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. വിദ്യാഭ്യാസ സംസ്കാരിക മേഖലകളിൽ ഉയർച്ച പ്രകടമായി കാണാം. സർക്കാർ ജോലിക്കാരുടെ എണ്ണവും വലിയ ഉയർന്ന തോതിലാണ്. ജനകീയാസൂത്രണം വഴി മുന്നോ

ട്ടുവച്ച പദ്ധതികൾ വിവിധ വിദ്യാഭ്യാസ പദ്ധതികൾ ഇവരുടെ മുന്നോട്ടുള്ള പ്രയാണത്തിന് ഏറെ സഹായകരമായിട്ടുണ്ടെന്ന് കാണാം.

പ്രാചീന കലകൾ കുടികൊള്ളുന്നത് പ്രത്യകിച്ച് പട്ടികജാതിക്കാർക്കിടയിലാണ്. പ്രാചീന കലകളായ വാദ്യകല, തിറയാട്ടം, പൂതംതുള്ളൽ, വേലക്കളി, കാളക്കളി, തുകിലുണർത്തൽ, കുമ്മാട്ടിക്കളി, ഭഗവിതപ്പാട്ട് എന്നിവ അമ്പലപ്പറമ്പുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഇവയിൽ പലതും പ്രോത്സാഹനം കൊടുത്ത് നിലനിർത്തേണ്ടതാണ്.

## ചൂണ്ടൽ പഞ്ചായത്തിലെ പട്ടികജാതി സങ്കേതങ്ങൾ

| | സങ്കേതങ്ങൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|
| 1. | ചൂണ്ടൽ ഹിൽ | 101 | 426 |
| 2. | പാറന്നൂർ | 5 | 16 |
| 3. | പറപ്പൂക്കാവ് | 10 | 46 |
| 4. | മാടത്തുംപുര | 22 | 112 |
| 5. | ചിറനെല്ലൂർ അയിനിക്കുന്ന് | 11 | 58 |
| 6. | പെരുമല | 40 | 169 |
| 7. | കാണിയംകുളങ്ങര, മണലി | 6 | 39 |
| 8. | തുവാനൂർ കുളങ്ങര വളപ്പിൽ | 6 | 29 |
| 9. | മണലി | 6 | 17 |
| 10 | ചിറനെല്ലൂർ | 5 | 21 |
| 11 | പത്ത് വീട് | 7 | 26 |
| 12 | അംബികേശൻ | 8 | 30 |
| 13 | എ.കെ.ജി. നഗർ തലക്കോട്ടുകര | 9 | 53 |
| 14 | ഇ.എം.എസ്. നഗർ | 5 | 21 |
| 15 | വെട്ടുകാട് | 5 | 23 |
| 16 | താഴത്ത് പുരയ്ക്കൽ | 8 | 30 |
| 17 | കേച്ചേരി | 5 | 29 |
| 18 | എ.കെ.ജി. നഗർ പെലക്കാട്ടുപയ്യൂർ | 6 | 22 |
| 19 | രാമച്ചംപറമ്പിൽ | 5 | 16 |
| 20 | തുവ്വാനൂർ | 5 | 28 |
| 21 | എരനെല്ലൂർ | 5 | 25 |
| 22 | പെരുമണ്ണ് | 5 | 29 |
| 23 | കുണ്ടാറ | 7 | 36 |
| 24 | ശങ്കരംകുളം | 11 | 36 |
| 25 | പട്ടിക്കര | 10 | 53 |

## ദീർഘകാല പരിപ്രേക്ഷ്യം

1. വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ചും ഉന്നത വിദ്യാസ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് പരമാവധി തടയുക.
2. തൊഴിൽ തേടുന്നതിന് സഹായകരമായ പരിശീലനങ്ങളും വിവരങ്ങളും സഹായങ്ങളും നൽകുക.
3. സ്വന്തം അഭിരുചികളെ കണ്ടെത്താനും കഴിവുകൾ വികസിപ്പിക്കാനും ഉള്ള സാധ്യതകൾ വർദ്ധിപ്പിക്കുക.
4. കലാസ്വാദനത്തിനും, അവതരണത്തിനും ഉള്ള അവസരങ്ങൾ സൃഷ്ടിക്കുക, കഴിവ് തെളിയിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
5. സാങ്കേതിക പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് കൂടുതൽ പങ്കാളിത്തം ഉറപ്പു വരുത്തുക.
6. പ്രസ്തുത മേഖലകളിൽ ബിരുദ, ബിരുദാനന്തര മേഖലകളിൽ പഠിക്കുന്നവർക്ക് പ്രത്യേകം സ്കോളർഷിപ്പ് അനുവദിക്കുക.
7. മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും പഠന നിലവാരം ഉയർത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക.
8. ഒരു കാര്യത്തിലും തങ്ങൾ പിന്നിലല്ലെന്നും പിന്നിലാകേണ്ട ആവശ്യം ഇല്ല എന്നും ഉള്ള ആത്മവിശ്വാസം ഊട്ടിയുറപ്പിക്കാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കുക.
9. നിലവിലുള്ള സങ്കേതങ്ങളും കോളനികളും ഉയർന്ന ജീവിതനിലവാരം പുലർത്തുന്ന മാതൃകാ പ്രദേശങ്ങളാക്കി മാറ്റുക.
10. മുഴുവൻ പട്ടികജാതി കുടുംബങ്ങളിലും കുടിവെള്ളം ഉറപ്പുവരുത്തുക.
11. മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും സ്വാധീനത്തിൽപ്പെട്ടവരെ മോചിപ്പിക്കുക.
12. മികച്ച ആരോഗ്യശീലങ്ങൾ വളർത്താനും ആവശ്യമായ സന്ദർഭങ്ങളിൽ അനുയോജ്യമായ ചികിത്സകൾ നേടുന്നതിനും സഹായിക്കുക.
13. ഭവന രഹിതരായ മുഴുവൻ പേർക്കും വീട് നൽകുക.
14. വീടുകളുടെ ഗുണനിലവാരം ഉയർത്തി മാതകാ വസതികളാക്കാൻ സഹായിക്കുക.
15. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിയും പട്ടയ മില്ലാത്തവർക്ക് പട്ടയവും ലഭ്യമാക്കുക.
16. സഹ ജീവി സ്നേഹത്തിലും മാനവീകതയിലും ആനന്ദം കണ്ടെത്തുക. സമൂഹസൃഷ്ടി സാദ്ധ്യമാക്കുക.

## പ്രോജക്ട് ആശയങ്ങൾ

1. ഭവന നിർമ്മാണം
2. ഭൂമിയില്ലാത്തവർക്ക് ഭൂമി.
3. പട്ടയം ലഭ്യമാക്കൽ.
4. കുടിവെള്ളം (വീടുകളിലേക്ക് പൈപ്പ് കണക്ഷൻ).
5. ചെറുകിടവ്യവസായ സംരംഭങ്ങൾ (കുടുംബശ്രീ യൂണിറ്റ വഴി).
6. കോളനി റോഡുകളുടെ നവീകരണം.
7. സമ്പൂർണ്ണ വെളിച്ചം (LED) പദ്ധതി.
8. തൊഴിൽ കണ്ടെത്താൻ നവീന മാർഗ്ഗങ്ങൾ (IT പാർക്ക് മുതലായവ)

9. സ്വയം തൊഴിൽ സംഭരങ്ങൾക്ക് വാഹന സഹായം.
10. പെൺമക്കൾക്ക് വിവാഹ ധനസഹായം.
11. കൃഷിഭൂമി ലഭ്യമാക്കൽ.
12. പോത്ത്, ആട് വളർത്തൽ പദ്ധതി.
13. വീട് അറ്റകുറ്റപ്പണി.
14. ഓപ്പൺ വെൽ നിർമ്മാണം.
15. ലാപ്-ടോപ്പ് വിതരണം.
16. പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനം.
17. പണിയായുധങ്ങൾ, ഉപകരണങ്ങൾ നൽകലും പരിശീലനവും.
18. തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായ പരിശീലനവും സഹായവും നൽകൽ.
19. ബിരുദ ബിരുദാനന്ദര സാങ്കേതിക പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള പഠന സഹായ പദ്ധതികൾ.
20. മെഡിക്കൽ ക്യാമ്പുകളും മരുന്ന് വിതരണ-ചികിത്സാ പദ്ധതികളും.
21. ഭവനരഹിതർക്കുള്ള ഫ്ളാറ്റുകൾ സംവരണ പദ്ധതി.
22. പ്രതിഭാ പുരസ്കാരങ്ങളും, കലാമേളകളും.
23. പെരുമല കോളനിയിൽ സാംസ്കാരിക നിലയം

## 2026-27 പദ്ധതിനിർദ്ദേശങ്ങൾ

1. പട്ടികജാതിക്കാരായ ഭൂരഹിതഭവനരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം
2. പട്ടികജാതിക്കാർക്ക് സമ്പൂർണ്ണ ഭവനനിർമ്മാണ ധനസഹായം
3. മണലി എസ്.സി ഫ്ളാറ്റ് നവീകരണം
4. തൊഴിൽ പരിശീലനം
5. പട്ടികജാതി യുവതി യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
6. എസ്.സി വിദ്യാൾത്ഥികൾക്ക് ഹൈസ്ക്കൂൾ തലം മുതൽ കമ്പ്യൂട്ടർ പരിശീലനത്തിന് ധനസഹായം
7. എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ളടാങ്ക് വിതരണം
8. എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്
9. എസ്.സി വവിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്ക്കോളർഷിപ്പ്
10. എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി
11. എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര
12. എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ
13. തൊഴിൽ സംബന്ധമായി വിദേശത്ത് പോകുന്നതിന് ധനസഹായം
14. പട്ടികജാതി കുടുംബങ്ങൾക്ക് കിണർ നിർമ്മിക്കുന്നതിനുള്ള ധനസഹായം

15. കിണറിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള ധനസഹായം

16. സ്വയംതൊഴിലിന് ഉപയോഗിക്കാൻ ഇരുചക്രവാഹനത്തിന് ധനസഹായം

17. പട്ടികജാതി കുടുംബങ്ങൾക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം

18. പഞ്ചായത്തിലെ എല്ലാ പട്ടികജാതി കുടുംബങ്ങളുടേയും വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റലൈസ് ചെയ്ത് എസ്.സി പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുക

19. സ്വയംതൊഴിലിന് ഇലക്ട്രിക്ക് ഓട്ടോ വാങ്ങുന്നതിന് ധനസഹായം

20. എസ്.സി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായം

21. മിശ്രവിവാഹ ധനസഹായം

22. മാരകമായ ചികിത്സയ്ക്ക് സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്ക് ധനസഹായം

23. പട്ടികജാതിയിൽപ്പെട്ട യുവാക്കൾക്ക് വാദ്യോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം

24. എല്ലാ എസ്.സി കുടുംബങ്ങൾക്കും കുടിവെള്ള സൌകര്യം ഉറപ്പ് വരുത്തുക

25. പഞ്ചായത്തിലെ ഉന്നതിയിൽ വിജ്ഞാനവാടിയുടെ നിർമ്മാണം

# ഭാഗം 1 : പട്ടികജാതി വികസനം-അവസ്ഥാവിശകലനം

## ഫോറം 1.1 : അടിസ്ഥാന വിവരങ്ങൾ

1.1.1. പട്ടികജാതി ജനസംഖ്യ

| വിഭാഗം | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|
| എണ്ണം | 1608 | 1545 | 3153 |

1.1.2. ജനസംഖ്യ വിന്യാസം

| വിഭാഗം | സങ്കേതങ്ങളിൽ | | ഒറ്റപ്പെട്ടത് | | ആകെ | |
|---|---|---|---|---|---|---|
| | കുടുംബങ്ങൾ | ജനസംഖ്യ | കുടുംബം | ജനസംഖ്യ | കുടുംബങ്ങൾ | ജനസംഖ്യ |
| എണ്ണം | 628 | 2302 | 204 | 851 | 832 | 3153 |

1.1.3. ഉപ കുടുംബങ്ങൾ

| വിഭാഗം | സങ്കേതങ്ങളിൽ | ഒറ്റപ്പെട്ടത് | ആകെ |
|---|---|---|---|
| എണ്ണം | 628 | 204 | 832 |

1.1.4. സങ്കേതങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശം

| പ്രദേശം | വനത്തിൽ | പുറമ്പോക്ക് | | മറ്റ് പ്രദേശം | ആകെ |
|---|---|---|---|---|---|
| | | റയിൽവെ | റവന്യൂ | | (എണ്ണം) |
| | | | | | |

1.1.5. പട്ടികജാതി സമുദായങ്ങൾ

| ക്രമനമ്പർ | സമുദായം(പേര്) | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|
| 1. | പുലയൻ | 338 | 1191 |
| 2. | കണക്കൻ | 242 | 861 |
| 3. | പറയൻ | 157 | 553 |
| 4. | മണ്ണാൻ | 37 | 251 |
| 5. | പാണൻ | 58 | 297 |
| 6. | വേട്ടുവ | 5 | 39 |
| ആകെ | | | 3153 |

# സാമൂഹ്യനീതി
## വർക്കിംഗ് ഗ്രൂപ്പ്

| | | |
|---|---|---|
| ചെയർപേഴ്സൺ | : | സഹല പി.കെ. |
| വൈസ് ചെയർമാൻ | : | കെ.എസ്. കരീം |
| കൺവീനർ | : | ഷൈനി സി.ജെ. (I.C.D.S. സൂപ്പർവൈസർ) |

# സാമൂഹ്യനീതി

അംഗൻവാടികൾ നിലവിൽവരുന്നത് 1998ൽ ആണ്. നമ്മുടെ പഞ്ചായത്തിൽ ആദ്യഘട്ടത്തിൽ 25 എണ്ണവും പിന്നീട് ജനസംഖ്യാനുസൃതമായി 5 എണ്ണവും അനുവദിച്ചു. 1998ന് മുമ്പ് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി 10 മഹിളാസമാജങ്ങൾ നിലവിൽ ഉണ്ടായിരുന്നു. ഈസമാജങ്ങളോട് ചേർന്നാണ് ചില സ്ഥലങ്ങളിലെങ്കിലും ബാലവാടികളും ഫീഡിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം ഉണ്ടായിരുന്നു.

2022ൽ നാം പരിശോധിക്കുമ്പോൾ മഹിളാസമാജങ്ങൾ ഇല്ലാതാവുകയും അതിനോടുചേർന്നുള്ള സ്വയം തൊഴിൽകേന്ദ്രങ്ങൾ നിന്നുപോകയും ചെയ്തിട്ടുണ്ട.

2022ൽ സ്ഥലം ഇല്ലാത്ത അംഗൻവാടിയായ തായങ്കാവ് അംഗൻവാടിക്ക് ആലത്തിയൂർ ശ്രീദേവി അന്തർജനം അവരുടെ പ്രിയ ഭർത്താവ് പ്രശസ്ത ആയുർവേദ പണ്ഡിതനുമായ ആലത്തിയൂർ നാരായണൻ നമ്പിയുടെ സ്മരണാർത്ഥം 3 സെന്റ് സ്ഥലം സംഭാവനയായി നൽകിയിട്ടുണ്ട് എന്ന സന്തോഷകാര്യം ഇവിടെ സൂചിപ്പിക്കട്ടെ. എല്ലാ അംഗൻവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകണം എന്നാണ് ലക്ഷ്യംവക്കുന്നത്.

ഭിന്നശേഷിക്കാർ, ഭിന്നലംഗക്കാർ, വയോജനങ്ങൾ തുടങ്ങി അവശതയനുഭവിക്കുന്ന മുഴുവൻ പേർക്കും സാമൂഹ്യനീതി ലഭ്യമാക്കുന്നതിന് ജനകീയാസൂത്രണപദ്ധതിയുടെ ബാഗമായി നിർബന്ധിത വകയിരുത്തലുകളിലൂടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

### ഇന്ന് അങ്കണവാടികൾ, സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പഞ്ചായത്തിൽ 30 അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും ഗർഭിണികളുടേയും ക്ഷേമത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് അങ്കണവാടികൾ വഴി നടക്കുന്നത്. ഇതുവഴി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിന് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടന്നുവരുന്നത്. അങ്കണവാടികളുടെ പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ കൂടുതലും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ ഇന്ന് 21 അങ്കണവാടികളും പ്രവർത്തിക്കുന്നത് സ്വന്തമായ കെട്ടിടത്തിലാണ്. നിലവിൽ വാടക കെട്ടിടത്തിൽ 8 അങ്കണവാടികളുണ്ട്. 1 അങ്കണവാടി സ്കൂളിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ 30 അങ്കണവാടികളിലായി 566 കുട്ടികൾ ഉണ്ട്. 30 അങ്കണവാടികളിൽ 23 എണ്ണത്തിലും നിലവിൽ കുടിവെള്ളം ഉണ്ട്. 22 അങ്കണവാടികൾക്ക് ചുറ്റുമതിൽ പൂർത്തീകരിച്ചിട്ടുണ്ട്. 29 അങ്കണവാടികളും വൈദ്യുതീകരിച്ചതാണ്. 21 അങ്കണവാടികൾക്കും ശിശുസൗഹൃദ ടോയ്‌ലറ്റുകൾ ഉണ്ട്.

2020-21 വർഷത്തിൽ ചൂണ്ടൽ പഞ്ചായത്തിലെ 30 അങ്കണവാടികൾ വഴി പാലൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കുമായി 186 പേർക്കും, കൗമാരക്കാരായ പെൺകുട്ടികൾ 157 പേർക്കും, 3 വയ

സ്സിന് താഴെയുള്ള 438 കുട്ടികൾക്കും പോഷകാഹാരം നൽകിവരുന്നു. ആയതിലേക്ക് കേന്ദ്രസർക്കാർ വിഹിതം 5 ലക്ഷവും, പഞ്ചായത്ത് പ്ലാൻ ഫണ്ട് 16,74,842 രൂപയും ബ്ലോക്ക് വിഹിതം 1,60,000, ജില്ലാ വിഹിതം 3,38,505, ഓൺ ഫണ്ട് 6,26,997 രൂപയും പോഷകാഹാരത്തിനായി ജനറൽ വിഭാഗത്തിനും, എസ്.സി. വിഭാഗത്തിന് 3,14,415 രൂപയും ആണ് ഉപയോഗിച്ചുവരുന്നത്.

ആദ്യകാലങ്ങളിൽ അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർ തസ്തികയിലേക്ക് ആളുകളെ കണ്ടെത്തുക എന്നത് ശ്രമകരമായ ഒരു ജോലി ആയിരുന്നു. അന്ന് വർക്കർക്ക് 220 രൂപയും, ഹെൽപ്പർക്ക് 90 രൂപയും ആയിരുന്നു ഹോണറേറിയം. എന്നാൽ ഇന്ന് കേന്ദ്രവിഹിതം 4,800 രൂപയും സംസ്ഥാനവിഹിതമായി 5000 രൂപയും പഞ്ചായത്ത് വിഹിതമായി 2200 രൂപയും ചേർത്ത് 12,000 രൂപയാണ് ഹോണറേറിയം ആയി വർക്കർക്ക് ലഭിക്കുന്നത്. ഹെൽപ്പർക്ക് 8000 രൂപയും ഹോണറേറിയമായി ലഭിക്കുന്നു. മറ്റു മേഖലയിലെ സർക്കാർ ജീവനക്കാരിൽനിന്നും വ്യത്യസ്ഥമായിക്കൊണ്ട് 62 വയസ്സാണ് ഇവരുടെ പെൻഷൻ പ്രായം. പെൻഷൻ കാലാവധിയായി വിരമിക്കുന്ന വർക്കർമാർക്ക് പ്രതിമാസം 2000 രൂപയും ഹെൽപ്പർമാർക്ക് 1000 രൂപയും ക്ഷേമ പെൻഷനായി ലഭിക്കുന്നു.

### പഞ്ചായത്തിലെ ആകെ ജനസംഖ്യ

| പുരുഷൻ | സ്ത്രീ | 6 മാസം മുതൽ 8 വയസ്സ് പ്രായമുള്ളവർ | | 18നും 60നും ഇടയക്കുള്ളവർ | | വയോജനങ്ങൾ | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | പുരുഷന്മാർ | സ്ത്രീകൾ | പുരുഷന്മാർ | സ്ത്രീകൾ |
| 17285 | 18029 | 3443 | 3342 | 9516 | 9725 | 2163 | 2481 |

3 വർഷമായി വയോജനങ്ങൾക്കായി കട്ടിൽ വിതരണം നടത്തുന്നു ജനറൽ വിഭാഗത്തിൽ 100 കട്ടിലും എസ്.സി. ഭാഗത്തിൽ 20 എണ്ണവും.

ഭിന്നശേഷിക്കൂരുടെ ക്ഷേമത്തിനുവേണ്ടി എല്ലാവർഷവും ഗ്രാമസഭകളും മെഡിക്കൽ ക്യാമ്പും നടത്തിവരുന്നു. കഴിഞ്ഞ 25 വർഷമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്കോളർഷിപ്പ് ഭിന്നശേഷിക്കാർക്ക് ജനറൽ വിഭാഗത്തിന് 70 പേർക്ക് 17 ലക്ഷം രൂപയും എസ്.സി. വിഭാഗത്തിന് 8 പേർക്ക് 206000 രൂപയും നൽകിവരുന്നു. കൂടാതെ മുച്ചക്രവാഹനവും നൽകിവരുന്നു.

## ഭിന്നശേഷി അവസ്ഥാപട്ടിക

| | ആൺ | പെൺ | ആകെ |
|---|---|---|---|
| മാനസിക വൈകല്യം | 61 | 30 | 91 |
| ശാരീരിക വൈകല്യം | 78 | 65 | 143 |
| ആകെ | 139 | 95 | 234 |
| മാനസിക വൈകല്യം ബാധിച്ച കുട്ടികൾ | 1 | 3 | 4 |
| ശാരീരിക വൈകല്യം ബാധിച്ച കുട്ടികൾ | 9 | 8 | 17 |
| ആകെ | 10 | 11 | 21 |
| ഓട്ടിസം | 1 | 0 | 1 |
| സെബ്രൽ പാൾസി | 4 | 2 | 6 |
| എം.ആർ | 33 | 21 | 54 |
| കാഴ്ചശക്തി ഇല്ലാത്തവർ | 12 | 11 | 33 |
| കേൾവിശക്തി ഇല്ലാത്തവർ | 27 | 19 | 46 |
| ബഹുവൈകല്യം | 9 | 4 | 13 |

## സ്ഥാപനങ്ങൾ

| | | | | |
|---|---|---|---|---|
| 1. | സ്പെഷൽ സ്കൂളുകളുടെ എണ്ണം | 2 | | 2 |
| 2. | സ്പെഷൽ സ്കൂൾ കുട്ടികളുടെ എണ്ണം | 13 | 24 | 37 |
| 3. | സെപ്ഷൽ സ്കൂൾ അധ്യാപകരുടെ എണ്ണം | 7 | | 7 |
| 4. | ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ടോ | - | - | - |
| 5. | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ടോ | | | ഉണ്ട് |
| 6. | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ടോ | 43 | 33 | 76 |

### പഞ്ചായത്തിൽ നൽകിവരുന്ന പെൻഷനുകൾ

### 2025 ജനുവരി മാസം വരെ

| | |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 2586 |
| വിധവ പെൻഷൻ | 1534 |
| കർഷക തൊഴിലാളി പെൻഷൻ | 261 |
| വികലാംഗപെൻഷൻ | 1328 |
| അവിവാഹിത പെൻഷൻ | 158 |
| ആകെ | 5867 |

വൃദ്ധരുടെ ക്ഷേമത്തിനും പുരോഗതിക്കും നിരവധി പദ്ധതികൽ നടപ്പിലാക്കിവരുന്നുണ്ട്. സാമഹൂക്ഷേമ വകുപ്പിന് കീഴിൽ വരുന്ന പ്രവർത്തനങ്ങൾക്ക് പ്രത്യേക മുൻഗണനയാണ് പഞ്ചായത്ത് ഭരണസമിതി നൽകിവരുന്നത്.

### പഞ്ചായത്തിലെ അംഗൻവാടികൾ

| ക്രമനമ്പർ | വാർഡ് | അംഗൻവാടിയുടെ പേര് | നമ്പർ | വാടക/സ്വന്തം |
|---|---|---|---|---|
| 1. | 1 | ചൂണ്ടൽ മഹിളാസമാജം | 42 | വാടക |
| 2. | 1 | ചൂണ്ടൽ പെലക്കാട്ടുപയ്യൂർ | 43 | സ്വന്തം |
| 3. | 2 | ചൂണ്ടൽകുന്ന് | 46 | സ്വന്തം |
| 4. | 3 | എം.എ.സുബ്രഹ്മണ്യൻ മെമ്മോറിയർ | 53 | സ്വന്തം |
| 5. | 4 | കെ.വി.ധർമ്മരാജൻ സ്മാരകം | 54 | സ്വന്തം |
| 6. | 4. | ദുബായ് റോഡ് | 55 | വാടക |

| | | | | |
|---|---|---|---|---|
| 7. | 5 | വിദ്യാഭവൻ | 69 | സ്വന്തം |
| 8. | 5 | പട്ടിക്കര | 70 | സ്വന്തം |
| 9. | 6 | ജ്യോതിസ് | 68 | സ്വന്തം |
| 10. | 7 | അക്ഷര | 67 | സ്വന്തം |
| 11. | 7 | മഹാത്മ | 66 | സ്വന്തം |
| 12. | 8 | പ്രിയദർശിനി | 65 | സ്വന്തം |
| 13 | 8 | പ്രതിഭ | 64 | സ്വന്തം |
| 14. | 9 | തലക്കോട്ടുകര മഹിളാസമാജം | 63 | സ്വന്തം |
| 15. | 9 | തലക്കോട്ടുകര | 62 | സ്വന്തം |
| 16. | 10 | കസ്തൂർബ | 60 | സ്വന്തം |
| 17. | 11 | പെരുമല | 61 | സ്വന്തം |
| 18. | 12 | രശ്മി | 58 | സ്വന്തം |
| 19 | 12 | എരനെല്ലൂർ | 59 | വാടക |
| 20. | 13 | കെ.പി.അരവിന്ദാക്ഷൻ സ്മാരകം | 57 | സ്വന്തം |
| 21. | 13 | പെരുമണ്ണ് അംഗൻവാടി | 56 | വാടക |
| 22. | 14 | മൊയ്തുണ്ണി മെമ്മോറിയൽ | 71 | സ്വന്തം |
| 23. | 15 | ചോട്ടിലപ്പാറ | 51 | വാടക |
| 24. | 15 | തുവ്വാനൂർ | 52 | സ്വന്തം |
| 25. | 15 | ചിറപ്പറമ്പ് | 50 | സ്വന്തം |
| 26. | 16 | ചൂണ്ടൽ മേലേക്കാവ് | 49 | സ്വന്തം |
| 27. | 16 | ജി.യു.പി.സ്കൂൾ തായങ്കാവ് | 48 | സ്കൂളിൽ |
| 28. | 16 | കസ്തൂർബ | 47 | സ്വന്തം |
| 29 | 18 | ജ്ഞാൻസി | 45 | സ്വന്തം |
| 30 | 18 | ഐ.വി.ഇയ്യുകുട്ടി മെമ്മോറിയൽ | 44 | സ്വന്തം |

# സാമൂഹ്യനീതി-അവസ്ഥാ വിശകലനം

## അടിസ്ഥാന വിവരങ്ങൾ

1.ഭിന്നശേഷിയുള്ളവർ

മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ

| ക്രമനമ്പർ | | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|---|
| 1. | മാനസികവൈകല്യം ബാധിച്ചവർ | 4 | 3 | 7 |
| 2. | ശാരീരിക വൈകല്യം ബാധിച്ചവർ | 19 | 2.1 | 40 |
| 3. | ആകെ എണ്ണം | 23 | 24 | 47 |
| 4. | മാനസിക വെല്ലുവിളി ബാധിച്ച കുട്ടികളുടെ എണ്ണം | | 24 | |
| 5. | ശാരീരികവൈകല്യം ബാധിച്ച കുട്ടികളുടെ എണ്ണം | | 21 | |
| | ആകെ | | 70 | |
| 7. | ഓട്ടിസം ബാധിച്ചവർ | | 3 | |
| 8. | സെറിബ്രലവ് പാൾസി ബാധിച്ചവർ | | 5 | |
| 9. | ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ | | 44 | |
| 10. | കാഴ്ചശക്തി ഇല്ലായ്മയുള്ളവർ | | 8 | |
| 11. | കേൾവി/സംസാരശേഷി ഇല്ലാത്തവർ | | 9 | |
| 12. | ബഹു വൈകല്യം ഉള്ളവർ | | 4 | |

1.1.2 സ്ഥാപന വിശദാംശങ്ങൾ

| | സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| 1. | സ്പെഷൽ സ്കൂളുകളുകളുടെഎണ്ണം | 1 |
| 2. | സ്പെഷൽ സ്കൂൾ കുട്ടികളുടെ എണ്ണം | 26 |
| 3. | സ്പെഷൽ സ്കൂൾ അധ്യാപകരുടെ എണ്ണം | 1 |
| 4. | ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ടോ | ഇല്ല |
| 5. | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ? | ഇല്ല |
| 6. | ശാരീരിക മാനസില വൈകല്യങ്ങളുള്ള എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട് | 70 |

# സാമൂഹ്യ നീതി

## ദീർഘകാല പരിപ്രേക്ഷ്യം

1. ഭിന്നശേഷിക്കാരുടെ പൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തും.
2. ഭിന്ന ശേഷിക്കാരെയും, ഭിന്ന ലിംഗക്കാരെയും ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.
3. വൃദ്ധരുടെയും കുട്ടികളുടെയും മാനസ്സികവും ശാരീരികവുമായ ആരോഗ്യം ഉറപ്പുവരു ത്തണം.
4. വൃദ്ധരുടെ ഏകാന്തത മാറ്റാൻ വേണ്ടി സംരക്ഷണം ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കും.
5. അംഗൻവാടികൾ ആധുനിക സൗകര്യങ്ങൾ ഉള്ളവയും ഉയർന്ന ഗുണനിലവാരം ഉറപ്പു വരുത്തുന്നവയും ആകർഷണീയവുമായി മാറ്റും.
6. പോഷകാഹാര പരിപാടികൾ കൃത്യമായും യാഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാ ക്കും.
7. കൗമാര പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കൗൺസിലിങ്ങ് സെന്റർ ആരംഭി ക്കും.
8. ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ, പരിശീലനങ്ങൾ, പരിശീലനങ്ങൾ, പരിചരണങ്ങൾ, നൽകി അവരുടെ ക്ഷേമം ഉറപ്പാ ക്കും.
9. കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കും.
10. ബഡ്സ് സ്കൂൾ ആരംഭിക്കും.

## 2026-27 പദ്ധതിനിർദ്ദേശങ്ങൾ

1. വയോജന സൌഹൃദ യാത്രകൾ സംഘടിപ്പിക്കുക
2. വയോജന സഹായ ഉപകരണങ്ങൾ നൽകുക
3. വയോജനങ്ങൾക്ക് കട്ടിൽ നല്കുക
4. വയോജനങ്ങൾക്ക് വേണ്ടി കേച്ചേരിയിലും ചൂണ്ടലിലും ഓരോ പകൽവീട് സ്ഥാപിക്കുക
5. വയോജന ഭിന്നശേഷി മേഖലയിലുള്ളവരെ ഉൾപ്പെടുത്തി വിശേഷാവസരങ്ങളിൽ വിപണന മേളകൾ സംഘടിപ്പിക്കുക
6. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട നിലവിൽ 97 പേരാണ് ഉള്ളത്. ഇനിയും ബാക്കി 50 പേര് കൂടി മാനസീക വൈകല്യമുള്ളവർ പഞ്ചായത്തിലുണ്ട്. 50 പേർക്ക് കൂടി 6 ലക്ഷം കൂടി ഫണ്ട് വകയിരുത്തണം. നിലവിൽ 22 ലക്ഷമാണ്. ആയത് 28 ലക്ഷമായി ഉയർത്തണം
7. ഭിന്നശേഷിക്കാർക്ക് ഡയപ്പർ

8. ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ

9. ബഡ്സ് സ്ക്കൂൾ പ്രാവര്ത്തിങ്കമാക്കുക

10. ഭിന്നശേഷിക്കാർക്ക് കൃഷി ചെയ്യുന്നതിനുള്ള സൌകര്യങ്ങൾ ഒരുക്കുക

11. ഭിന്നശേഷി കുഞ്ഞുങ്ങളെ കൊണ്ടുപോകാനായി അമ്മമാർക്ക് കാരിയിംഗ് ഉള്ള ടൂ വീലർ വാഹനങ്ങൾ വാങ്ങി നൽകൽ

12. ചൂണ്ടൽ കുന്ന് കളി സ്ഥലം നവീകരിക്കണം, ഇവിടെ ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കണം

13. എല്ലാ വാർഡിലും കളിസ്ഥലങ്ങൾ സ്ഥാപിക്കണം

14. ഓപ്പൺജിം 14-ാം വാർഡിൽ സ്ഥാപിക്കണം

15. ഓപ്പൺ ജിം 19-ാം വാർഡിൽ സ്ഥലമുണ്ട്. ടി സ്ഥലത്ത് ഓപ്പൺ ജിം സ്ഥാപിക്കുക

16. ജെന്റർ ക്ലാസുകൾ സ്കൂളുകളിൽ നടത്തുക, ബാലസഭ കുട്ടികൾക്ക് പഠനയാത്ര, കളിക്കുന്ന കുട്ടികൾക്ക് സ്പോർട്സ് കിറ്റ്, ഭിന്നശേഷി കുട്ടികൾക്ക് വാഴ കൃഷി.

## ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം

### വർക്കിംഗ് ഗ്രൂപ്പ്

| | | |
|---|---|---|
| ചെയർമാൻ | : | സിനി പ്രസാദ് (പ്രസിഡന്റ്) |
| കൺവീനർ | : | മാറ്റ്ലി എം.സി. (സെക്രട്ടറി) |
| വൈസ് ചെയർമാൻ | : | മുഹമ്മദ് ഷാഫി |

# ജൈവ വൈവിധ്യം

### കാലാവസ്ഥ

ഇന്ത്യയിലെ മറ്റും സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഭൂമധ്യരേഖയോട് അടുത്തു കിടക്കുന്നു ആയതിനാൽ വർഷം മുഴുവൻ സുഖകരമായ കാലാവസ്ഥ ലഭിക്കുന്നു. കിഴക്കുഭാഗത്ത് ഒരു കോട്ട പോലെ സഹ്യ പർവ്വതം നിലകൊള്ളുന്നതുകൊണ്ടും പടിഞ്ഞാറ് അറബിക്കടലിന്റെ സാന്നിധ്യവു മാണ് ഇതിനുകാരണം. കേരളത്തിന്റെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന തൃശൂർ ജില്ലയിൽ സമശീതോഷ്ണ കാലാവസ്ഥയാണ് പൊതുവെ അനുഭവപ്പെടുന്നത്. ഇവിടെ നാലുതരത്തിലുള്ള ഋതുക്കൾ കണ്ടുവരു ന്നു. മാർച്ച് മുതൽ മെയ് വരെ വേൽക്കാലവും, ജൂൺ മുതൽ സെപ്റ്റംബർ വരെ കാലവർഷവും, ഒക്ടോബർ മുതൽ ഡിസംബർ വരെ തുലാവർഷവും ജനുവരി മുതൽ ഫെബ്രുവരി വരെ ശീതകാലാ വസ്ഥയുമാണ്.

താപനില

ഉയർന്ന താപനില 29.3 മുതൽ 36.2 ഉം താഴ്ന താപനില 22.1 മുതൽ 24.9 ഉം ആണ്. ശരാശരി ഉയർന്ന താപനില 32.30 ഉം താഴ്ന താപനില 23.3ഉം ആണ്.

ആർദ്രത

ജൂൺ മുതൽ ഒക്ടോബർ വരെയുള്ള അന്തരീക്ഷ ഈർപ്പം കൂടതലാണ്. ഇത് ഏകദേശം രാവിലെ 93%വും വൈകുന്നേര സമയങ്ങളിൽ 76%വും ആണ്.

കാറ്റിന്റെ വേഗത

തൃശൂർ ജില്ലയിൽ കൂടുതലായി കാറ്റ് അനുഭവപ്പെടുന്നത് ഡിസംബർ ജനുവരി മാസങ്ങളിലാണ്. ഏറ്റവും കുറവ് അനുഭവപ്പെടുന്നത് ഒക്ടോബറിലാണ്.

ബാഷ്പീകരണം

ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ ബാഷ്പീകരണ തോത് ഏറ്റവും കൂടുതലാ യിരിക്കും കാരണം ഉയർന്ന സൂര്യതാപം അനുഭവപ്പെട്ടുന്ന ദിവസം കൂടുതലും മഴ ലഭ്യമാകുന്ന ദിവ സഹ്ങൾ കുറവുമായതുകൊണ്ടാണ്. ബാഷ്പീകരണ തോത് ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ കുറവനുഭവപ്പെടുന്നു. കൂടിയ ബാഷ്പീകരണ തോതായ 7.4 മി.മി/ദിവസം രേഖപ്പെടു ത്തിയിരിക്കുന്നത് ജൂലായിലുമാണ്.

മഴ ലഭ്യത

ഒരു ഭൂപ്രദേശത്തെ പ്രധാന ജലസ്രോതസ്സുകളായ് പുഴയിലേയും തോടുകളിലേയും കുളങ്ങളിലേയും ജലത്തിന്റെ അളവ് മഴയെ ആശ്രയിച്ചിരിക്കുന്നു. അതോടൊപ്പം ആ പ്രദേശത്തെ ഭൂഗർഭജല നിരക്കും മഴയുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രദാനമായും തൃശൂർ ജില്ലയിൽ രണ്ടുരത്തിലാണ് മഴ ലഭിക്കുന്നത്. തെക്ക് പടിഞ്ഞാറൻ മൺസൂണും (കാലവർഷം ജൂൺ-സെപ്തംബർ) വടക്ക് - കിഴക്കൻ മൺസൂണും (തുലാവർഷം ഒക്ടോബർ-ഡിസംബർ) .

## കാലാവസ്ഥ വ്യതിയാനം

ലോകം മുഴുവൻ ആശങ്കയോടെ കാണുന്ന ഒന്നാണ് കാലാവസ്ഥ വ്യതിയാനം. ഈ കാലഘട്ടത്തിൽ വലിയ വെല്ലുവിളി തന്നെയാണ് കാലാവസ്ഥ വ്യതിയാനം എന്നത്. ആഗോള താപനം വർദ്ധിക്കുന്നത് കാലാവസ്ഥ വ്യതിയാനത്തിന്റെ ഒരു പ്രധാന കാരണമാണ്. അന്തരീക്ഷത്തിലെ താപനില ക്രമാതീതമായി വർദ്ധിക്കുന്നതിനെയാണ് ആഗോളതാപനം എന്ന് പറയുന്നത്. വൃഷ്ടി, സൂര്യപ്രകാശം, കാറ്റ് , നീരാവി, ഊഷ്മാവ് എന്നീ ഘടകങ്ങളാണ് ഒരു പ്രദേശത്തിന്റെ കാലാവസ്ഥ നിർണ്ണിയിക്കുന്നത്. കാലാവസ്ഥ വ്യതിയാനത്തിന് പ്രധാനമായും രണ്ട് കാരണങ്ങളാണ്. ഒന്ന് പ്രകൃത്യാ ഉണ്ടാകുന്നതും, രണ്ട് മനുഷ്യന്റെ തുടർച്ചയായ ഇടപെടലുകളും ആണ്.

ചൂണ്ടൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, വലിയ തോതിലുള്ള കാലാവസ്ഥാ വ്യതിയാനം ഇല്ലെങ്കിൽകൂടിയും മറ്റു പ്രദേശങ്ങളിൽ ഉള്ളപോലെ തന്നെ ചില സമയങ്ങളിൽ വ്യതിയാനം ഉണ്ടാവുന്നുണ്ട്. അതിന്റെ ഭാഗമായി ചെറിയതോതിലുള്ള ചുഴലിക്കാറ്റുകളും മറ്റും. 2018ൽ കേരളം മുഴുവൻ അനുഭവിച്ച പ്രളയത്തിന്റെ ചെറിയതോതിലുള്ള ദുരന്തം പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായി. കേച്ചേരിപ്പുഴ പഞ്ചായത്തിലൂടെ ഒരു ഭാഘം കടന്നുപോകുന്നതിനാൽ അതിന്റെ തീരങ്ങളും പെരുമണ്ണ്, പാറന്നൂർ ചിറ പരിസരങ്ങളും, തുവ്വാനൂർ, ചിറപ്പറമ്പ് ഭാഗങ്ങളും ചൂണ്ടൽപാടം, ചിറനെല്ലൂർ, ആയമുക്ക്, മണലി പ്രദേശങ്ങളിലെ പാടങ്ങളും എല്ലാം വെള്ളത്തിനടിയിലാവുകയും ആ പ്രദേശങ്ങളിലെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ട അവസ്ഥ വരുകയും ചെയ്തു. 2019ലും വലിയ തോതിൽ അല്ലെങ്കിലും വെള്ളം കയറുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്തു.

കാർഷിക മേഖലയെ വളരെയധികം നഷ്ടത്തിലാക്കിയ വർഷം ആയിരുന്നു 2018 ലെയും 2019ലെയും പ്രളയം. 2020–2021 ലെ കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടായ മഴയും പച്ചക്കറി കൃഷിയും നെൽകിഷിയും വളരെയധികം നാശനഷ്ടം ഉണ്ടാക്കി.

നിത്യഹരിതവനങ്ങളുടെ അവശേഷിപ്പുകളാണ് “വിശുദ്ധവനങ്ങൾ” എന്നപേരിൽ പ്രസിദ്ധമായ കാവുകൾ. വർദ്ധിച്ചുവരുന്ന ജനസാന്ദ്രത കാവുകളുടെ എണ്ണത്തിൽ വളരെയധികം കുറവു വരുത്തിയിരിക്കുന്നു. പ്രകൃതി പ്രതിഭാസങ്ങളായ ഭൂമികുലുക്കം, ഉരുൾപ്പൊട്ടൽ, കരയിടിച്ചൽ, വെള്ളപ്പൊക്കം പ്രതിരോധിക്കുന്നതിന് കാവുകൾ സഹായിക്കുന്നു. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും ജൈവവൈവിധ്യത്തിന്റെ കലവറയായ കാവുകൾ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ നിലനിൽപ്പിന് അത്യാവശ്യമാണ്. മാവ്, കുളമാവ്, കാഞ്ഞിരം, വെട്ടി, കാളിമരം, നെല്ലി, കുടകപ്പാല, അശോകം, മരോട്ടി, വാക, വേങ്ങ, മരുത്, മുരുക്ക് തുടങ്ങിയ വൃക്ഷങ്ങൾ നമ്മുടെ കാവുകളിൽ കാണപ്പെടുന്നു. നമ്മുടെ ഗ്രാമത്തിന്റെ ജൈവ വൈവിധ്യം വളരെ പ്രകടമായി കാണപ്പെടുന്നത് കാവുകളിലാണ്. വള്ളിച്ചെടികളായ ഓടൻ, കാർത്തൊട്ടി, വയ്യങ്കത, തുടലി, കാട്ടുമുല്ല, കാട്ടുപിച്ചി, ചിറ്റമൃത് തുടങ്ങിയവയും കണ്ടുവരുന്നു. കുറുന്തോട്ടി, ബ്രഹ്മി, പുളിയാറില, കാട്ടുമുളക്, തെറ്റി, ആവണക്, കരിനൊച്ചി തുടങ്ങിയവ മിക്കവാറും

നമ്മുടെ കാവുകളിൽ കണ്ടുവരുന്നു. തലക്കോട്ടുകര ആയമുക്ക്, മണലി, പറപ്പൂക്കാവ്, ചിറനെല്ലൂർ, പയ്യൂർ, വെട്ടുകാട്, തായങ്കാവ് എന്നീ ഭാഗങ്ങളിലായി ഏദേശം 12ഓളം കാവുകൾ നിലനിൽക്കുന്നു. ജൈവവൈവിധ്യം സംരക്ഷിക്കാൻ ഈ കാവുകളും സംരക്ഷിക്കേണ്ടതാണ്.

**കണ്ണാന്തളി**

കുന്നിൻ പ്രദേശങ്ങളിൽ വളരുന്ന ഒരു ചെടിയാണ് കണ്ണാന്തളി. ചൂണ്ടൽ പഞ്ചായത്തിലെ പെരുമല കുന്നിൽ കണ്ടുവരുന്നു.

**മുള**

ചൂണ്ടൽ പഞ്ചായത്തിന്റെ പരിധിയിൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സസ്യം ആണ് ഇത്.

**ഫ്രൂട്ട് പ്ലാന്റ്സ്**

അവക്കാഡോ, മാംഗോസ്റ്റീൻ എന്നീ ഫലവൃക്ഷത്തൈകൾ 14-ാം വാർഡ് കേച്ചേരി കനാൽ സൈഡിൽ വൈശ്യം ഓർഗാനിക്സിൽ കൃഷിചെയ്തുവരുന്നു. കേരള സർക്കാരിന്റെ ഒരുകോടി ഫലവൃക്ഷത്തൈകൾ എന്ന പദ്ധതിപ്രകാരം തുടങ്ങിയതാണ്.

**കേച്ചേരി പയർ**

പുലിച്ചിക്കാട് ഹരിതസംഘത്തിന്റെ കീഴിൽ ആയമുക്ക്, ചിറനെല്ലൂർ എന്നീ പ്രദേശത്ത് ഈ പഞ്ചായത്തിന് മാത്രം അവകാശപ്പെട്ട പ്രധാനപ്പെട്ട കൃഷി ആണ് കേച്ചേരി പയർ.

**പൈനാപ്പിൾ കൃഷി**

ചൂണ്ടൽ, പയ്യൂർ, തലക്കോട്ടുകര ഭാഗങ്ങളിൽ ചെയ്തുവരുന്നു.

പാരമ്പര്യ നെല്ലിനമായ നെല്ലും തവളക്കണ്ണൻ പയ്യൂർ മേഖലയിൽ കൃഷിചെയ്തുവരുന്നു.

**നെല്ല് കൃഷി**

9 പാടശേഖര സമിതികളിലായി നെല്ല് കൃഷി ചെയ്തുവരുന്നു.

1. ചൂണ്ടൽ
2. കരമ്പന ഞാൽ (ആയമുക്ക്, ചിറനെല്ലൂർ)
3. പാറന്നൂർ
4. പയ്യൂർ
5. പെരുമണ്ണ്
6. എരനെല്ലൂർ
7. തലക്കോട്ടുകര നോർത്ത്
8. തലക്കോട്ടുകര സൗത്ത്
9. പറപ്പൂക്കാവ്

പഞ്ചായത്തിന്റെ പരിധിയിൽ എല്ലാ പ്രദേശങ്ങളിലും കൂടുതലായി കാണുന്ന പക്ഷികളാണ് മയിൽ . കുറച്ച് വർഷങ്ങളായി വലിയ വർദ്ധനവാണ് ഈ പക്ഷിയിനത്തിൽ.

ഭൂമിയിലെ എല്ലാവിധ സസ്യങ്ങളും, മൃഗങ്ങളും, സൂക്ഷ്മ ജീവികളും, വെള്ളവും, വായുവും, മണ്ണും, ജീവികളുടെ ആവാസ വ്യവസ്ഥയും ചേർന്ന സമ്പന്നതയാണ് ജൈവ വൈവിധ്യം. ജീവലോകത്തിന്റെ ഒരു സമഗ്രതയെയാണ് ജൈവ വൈവിധ്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രളയം, വരൾച്ച, കോവിഡ് മഹാമാരി എന്നീ ദുരന്തങ്ങളെ അതിജീവിച്ചാണ് ഇന്ന് നാം മുന്നോട്ട് പോകുന്നത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് സ്വാഭാവികമായു ജൈവവൈവിധ്യത്തിൽ ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ സജീവമായി നടപ്പിലാക്കണം.

## ദാരിദ്രലഘുകരണം (പാർപ്പിടം ഉൾപ്പെടെ)

## വർക്കിംഗ് ഗ്രൂപ്പ്

| | | |
|---|---|---|
| ചെയർമാൻ | : | കെ.എ. രമേഷ് |
| വൈസ് ചെയർമാൻ | : | ആർ.എം. ബഷീർ |
| കൺവീനർ | : | ലിജി ഇ.പി. (വി.ഇ.ഒ.) |

# ദാരിദ്ര്യ ലഘൂകരണം - പാർപ്പിടം ഉൾപ്പെടെ

2011 ലെ സെൻസസ്സ് അനുസരിച്ച് 7741 കുടുംബങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. 426 ഭൂരഹിതർ അടക്കം 713 കുടുംബങ്ങൾ ഭവന രഹിതരാണ്. 287 വാസയോഗ്യമല്ലാത്ത വീടുകൾ ഉണ്ടെന്ന് കണക്കാക്കുന്നു. കനാൽ സൈഡുകളിലും പുറമ്പോക്കുകളിലും താമസിക്കുന്നവർ കുടിയിറക്കില ലിന്റെ ഭീഷണിയിലാണ്. ദേവസ്വം ഭൂമിയിലും മിച്ച ഭൂമിയിലും താമസിക്കുന്ന പലർക്കും ഇനിയും പട്ടയം ലഭിച്ചിട്ടില്ല. സർക്കാർ ധനസഹായത്തോടെ വീടുപണി ആരംഭിച്ചെങ്കിലും പല കാരണങ്ങളാൽ പൂർത്തീകരിക്കുവാൻ കഴിയാത്തവയുമുണ്ട്. ഭവനനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്, വർദ്ധിച്ച കൂലിച്ചിലവും പാവപ്പെട്ടവർക്ക് വീട് ദുഷ്പ്രാപ്യമാക്കുന്നു. ആധുനിക കാലത്ത് സാധാരണമായികൊണ്ടിരിക്കുന്ന ക്യാൻസർ തുടങ്ങിയ രോഗങ്ങൾ പാർപ്പിടം അന്യാധീനപ്പെടുത്തുന്നതിന് കാരണമാകുന്നു. ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയാൽ വാസയോഗ്യമാക്കാവുന്ന വീടുകൾപോലും പൊളിച്ചുകളഞ്ഞ് പുതിയവ നിർമ്മിക്കാനുള്ള പ്രവണത കൂടിവരുന്നു. ഗൃഹനിർമ്മാണ രംഗത്ത് ഉപയോഗക്ഷമതയേക്കാൾ ആർഭാടത്തിനും, അലങ്കാരത്തിനും, പ്രാധാന്യം നൽകുന്ന ശൈലിയും വളരുകയാണ്. ചിലവ് കുറഞ്ഞ രീതികൾ അവലംഭിക്കുന്നതിന് പകരം സർവ്വത്ര ധൂർത്ത് വിളയാടുന്നു.

കേരള സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ലൈഫ് മിഷ്യന്റെ സഹായത്തോടെ ഈ മേഖലയിലെ പ്രശ്നങ്ങൾ പരമാവധി പരിഹരിക്കണം എന്നാണ് നാം ഉദ്ദേശിക്കുന്നത്. ഭൂമി വാങ്ങുന്നതിനും, വീട് വെക്കുന്നതിനുമുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതടക്കമുള്ള പരിപാടികൾ നാം പരിഗണിക്കുന്നു. ചിലവ് കുറഞ്ഞ രീതികളുടെ പ്രചാരണം അടക്കം ബോധവൽക്കരണം സംഘടിപ്പിക്കും. ഭൂരഹിതരായ ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ പണിത് നൽകും.

വീട് എന്നത് കേവലം താമസിക്കാനുള്ള സ്ഥലം മാത്രമല്ല. ജീവിതായോധനത്തിന് ഉതകുന്നതും ആരോഗ്യം സംരക്ഷിക്കുന്നതും മാനസ്സികോല്ലാസം പ്രദാനം ചെയ്യുന്നതും ആയ മാതൃകാ സ്ഥാപനമാണ്. ഈ ആശയം സാക്ഷാത്ക്കരിക്കാൻ ആവശ്യമായ പദ്ധതികൾ നാം ഏറ്റെടുക്കണം.

ഉള്ള വീടുകളുടെ അറ്റകുറ്റപണികൾ കാലോചിതമായി നിറേവറ്റാനും, കക്കൂസ്സുകൾ ഉപയോഗക്ഷമമാക്കാനും സഹായിക്കും. ബാങ്കുകളെയും, സഹകരണസംഘങ്ങളെയും ഈ രംഗത്ത് ആവശ്യമായ വായ്പാ സഹായം നൽകുന്നതിന് പ്രേരണനൽകാൻ നേതൃത്വപരമായ പങ്ക് വഹിക്കും. പരമാവധി വീടുകളിൽ സൗരോർജ്ജം ഉപയോഗിക്കാനും കിണർ റീ-ചാർജ്ജിങ്ങ് അടക്കമുള്ള ജല സംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്താനും സഹായിക്കും. ഉൽപ്പാദന സേവനരംഗങ്ങളിലെ പദ്ധതികൾ സംയോജിപ്പിക്കും.

# ദാരിദ്ര്യ ലഘൂകരണം - പാർപ്പിടം

## ദീർഘകാല പരിപ്രേക്ഷ്യം

1. ഭവന രഹിതരായ മുഴുവൻപേർക്കും വീട് ഉണ്ടാകണം.
2. ഭൂരഹിതരായ ഭവനരഹിതർക്ക് ഫ്ളാറ്റ് സമുച്ചയം പണിയണം.
3. പട്ടയം ലഭിക്കാത്തവർക്ക് മുഴുവൻ പട്ടയം ലഭിക്കണം.
4. പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കണം.
5. അറ്റകുറ്റ പണികൾക്ക് കാലാകാലങ്ങളിൽ സഹായം നൽകുക.
6. ചിലവ് കുറഞ്ഞ രീതികൾ പരിജയപ്പെടുത്തുക.
7. ഭവന നിർമ്മാണ സാമഗ്രികൾ ന്യായ വിലക്ക് ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
8. സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും ഭവന നിർമ്മാണ പദ്ധതികൾ ജനകീയമാക്കുക.

## 2026-27 പദ്ധതിനിർദ്ദേശങ്ങൾ

1. ലൈഫ് ഭവനപദ്ധതി ജനറൽ എസ്.സി വിഭാഗത്തിൽ കൂടുതൽ ഫണ്ട് വകയിരുത്തണം
2. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിതർക്ക് ജനറൽ എസ്.സി വിഭാഗത്തിൽ ഫണ്ട് വകയിരുത്തണം
3. പട്ടയം ഇല്ലാതെ കഴിയുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കി, കാലങ്ങളായി ഇടിഞ്ഞ് വീഴാറായ വീടുകളിൽ കഴിയുന്നവർക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കി ഉറപ്പുള്ള ഭവനം ലഭ്യമാക്കണം.
4. വീട് വാസയോഗ്യമാക്കൽ ജനറൽ എസ്.സി വിഭാഗക്കാർക്ക് 50000/ രൂപ വീതം കൂടുതൽ പേർക്ക് ആനുകൂല്യം ലഭ്യമാക്കണം.
5. അദിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത, ദാരിദ്രം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഭക്ഷണം, ആരോഗ്യം എന്നീ മേഖലകൾക്ക് ഫണ്ട് വകയിരുത്തണം
6. ദാരിദ്ര നിർമ്മാർജ്ജനത്തിന്റെ ഭാഗമായി മാരകമായ രോഗങ്ങൾ, കുടുംബനാഥന്റെ അമിത മദ്യപാനം എന്നീ കാരണങ്ങളാൽ കൂടുതൽ തകർച്ചയിലേക്ക് പോകുന്ന കുടുംബങ്ങൾക്ക് കൃത്യമായ അവബോധം സംയോജിപ്പിച്ചുക്കൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നല്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കണം
7. ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിരമ്മിക്കാനുള്ള പദ്ധതി രൂപീകരിക്കണം

# ആരോഗ്യം

## വർക്കിംഗ് ഗ്രൂപ്പ്

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ലിജു |
| വൈസ് ചെയർമാൻ | : | എ. ജയകൃഷ്ണൻ ആലത്തിയൂർ മന |
| കൺവീനർ | : | ഡോ.ശ്രീകാന്ത് (മെഡിക്കൽ ഓഫീസർ പി.എച്ച്.സി) |

# ആരോഗ്യം

ആരോഗ്യരംഗത്ത് ചൂണ്ടൽ പഞ്ചായത്തിന് തിളക്കമാർന്ന ഒരു ഭൂതകാലം ഉണ്ട്. ആധുനിക ചികിത്സാരീതി വരുന്നതിനു മുമ്പുതന്നെ പാരമ്പര്യ ചികിത്സാ സമ്പ്രദായംകൊണ്ടും ആയുർവേദ ചികിത്സാരീതികൊണ്ടും നമ്മുടെ പഞ്ചായത്ത് സമ്പന്നമായിരുന്നു. നാട്ടുവൈദ്യൻമാരും ആര്യവൈദ്യന്മാരും അഷ്ടവൈദ്യന്മാരും ഇക്കാലത്തെ പ്രധാനികൾ ആയിരുന്നു. നേത്രചികിത്സ, വിഷചികിത്സ, മറ്റു ആരോഗ്യമേഖലകളിൽ പ്രവർത്തിച്ചു പ്രശസ്തരായ വൈദ്യന്മാർ അന്നുണ്ടായിരുന്നു. ഐതിഹ്യമാലയിൽപോലും സ്പർശിക്കപ്പെട്ട പുരാതനകാലം മുതൽ ആയുർവേദ ശാസ്ത്രത്തിന് പേരുകേട്ട പരേതനായ ആലത്തിയൂർ നാരായണൻ നമ്പി. നേത്രചികിത്സാരംഗത്തെ പ്രശസ്തരായ കൊടയ്ക്കാട്ട് വൈദ്യന്മാർ, വിഷചികിത്സാരംഗത്തെ പ്രഗത്ഭർ ആയിരുന്ന പരേതനായ പാറന്നൂർ ചെറുവത്തൂർ മാത്തുവറീത്, പെരുമണ്ണ് എടയ്ക്കാടത്ത് കുടുംബക്കാർ, ചൂണ്ടൽ പൂലോത്ത് കൃഷ്ണൻ നായർ തുടങ്ങി നിരവധി പേർ ഈ രംഗത്ത് മികച്ച സംഭാവന നൽകിയവരാണ്. അലോപ്പതി ചികിത്സയൊന്നും ഇല്ലാതിരുന്ന കാലത്ത് ഏറെ പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് ഇവർ നടത്തിയ പ്രവർത്തനങ്ങൾ ഏറെ മഹത്തരമാണ്.

ആധുനിക ചികിത്സാരീതികൾ വികസിച്ചതോടുകൂടി അതിന്റെ പ്രകടമായ മാറ്റങ്ങൾ നമ്മുടെ പ്രദേശങ്ങളിലും വരുവാൻ തുടങ്ങി. 1969-ൽ ഫാ. ജി.എഫ്. ചൂണ്ടൽ മുൻകൈ എടുത്ത് തുടങ്ങിയ സെന്റ് ജോസഫ് ഹോസ്പിറ്റൽ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ സുപ്രധാനമായ ഒരു വഴിത്തിരിവായിരുന്നു. ഈ ആശുപത്രിയുടെ സേവനം ഈ പ്രദേശത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരുപരിധിവരെ കഴിഞ്ഞിട്ടുണ്ട്.

മഴുവഞ്ചേരിയിൽ സഹകരണ മേഖലയിൽ പ്രവർത്തനം ആരംഭിച്ച പ്രിയദർശിനി ആശുപത്രി ഏറെ പ്രതീക്ഷ ഉണ്ടായിരുന്ന സ്ഥാപനം ആയിരുന്നു എങ്കിലും പിടിപ്പുകേടിന്റെ ഫലമായി നിലച്ചുപോവുകയാണുണ്ടായത്. നിലവിൽ ചൂണ്ടൽ പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും അഞ്ച് സബ്സെന്ററുകളും ഉണ്ട്. ഒരു ഗവ. ആയുർവേദ ആശുപത്രിയും പ്രവർത്തിച്ചുവരുന്നു.

ഇതിനുപുറമെ നിരവധി സ്വാകര്യ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. പിന്നിട്ട 20 വർഷക്കാലം ആരോഗ്യരംഗത്ത് നിരവധി പ്രവർത്തനങ്ങൾ ജനകീയാസൂത്രണ പദ്ധതിവഴി നടപ്പിലാക്കുകയുണ്ടായി. 20 വർഷം മുമ്പാണ് ഇന്നത്തെ പ്രാഥമിക ആരോഗ്യകേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്ന സ്വന്തം കെട്ടിടത്തിലേക്ക് മാറിയത്. അഞ്ച് സബസെന്ററുകളിൽ മൂന്ന് എണ്ണത്തിന് സ്വന്തമായി കെട്ടിടം ഉണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കേണ്ടതായിട്ടുണ്ട്. സബ്സെന്ററുകൾ സാങ്കേതികമായി മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നരീതിയിൽ നിന്നും മാറ്റം വരേ

ണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ ഏക ആയുർവേദ ആശുപത്രിക്ക് ഇന്നുള്ള പശ്ചാത്തല സൗകര്യ കുറവ് പരിഹരിക്കേണ്ടതായിട്ടുണ്ട്. പദ്ധതികാലയളവിൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്തുവാനും ശ്രമിക്കേണ്ടതായിട്ടുണ്ട്. കൂടുതൽ ആളുകൾക്ക് ചികിത്സാ സൗകര്യം ലഭ്യമാകാവുന്ന രീതിയിൽ ഡോക്ടർമാരുടെയും ആവശ്യം വേണ്ട മറ്റു ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഫാർമസിസ്റ്റ് ഇല്ലാത്തത് ഇവിടത്തെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. മുഴുവൻ സബ്സെന്ററുകളും സാധാരണക്കാരന് ഏതുസമയത്തും അത്യാവശ്യചികിത്സ ലഭിക്കുന്ന കേന്ദ്രങ്ങളായി മാറേണ്ടതാണ്. സബ്സെന്ററുകളുടെ പ്രവർത്തനം ആശാവഹം എന്നുപറയുവാൻ കഴിയില്ല. പഞ്ചായത്തിലെ ആയുർവേദ ആശുപത്രിയുടെ ഇന്നത്തെ സ്ഥിതിക്ക് മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. കൂടുതൽ സൗകര്യത്തോടുകൂടിയ കെട്ടിടം ആയുർവേദ ആശുപത്രിക്ക് നിർമ്മിക്കുവാൻ തുടങ്ങണം. അതോടൊപ്പം മികച്ച ചികിത്സ സാധാരണക്കാർക്ക് ലഭിക്കാവുന്ന സാഹചര്യം ഒരുക്കണം. പെയിൻ പാലിയേറ്റീവ് രംഗത്ത് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എങ്കിലും ഈ രംഗത്ത് ഏറെ പ്രവർത്തനങ്ങൾ മുന്നേറേണ്ടതായിട്ടുണ്ട്.

ആരോഗ്യരംഗത്തെ എല്ലാമാനകങ്ങളും ഉയർന്ന തോതിൽ ആർജിച്ച ഒരു സാസമൂഹ്യസൃഷ്ടിയാണ് നമ്മുടെ ലക്ഷ്യം. ശുദ്ധജലം, ശുദ്ധവായു, പോഷകാഹാരം, വ്യായാമം, രോഗപ്രതിരോധ സംവിധാനങ്ങൾ, മികച്ച ചികിത്സാസൗകര്യങ്ങൾ എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര ആരോഗ്യ പദ്ധതിയാണ് നാം വിഭാവനം ചെയ്യുന്നത്. ഒരു ഹോമിയോ ക്ലിനിക് പതിനാലാം പദ്ധതി കാലയളവിൽ കഴിയേണ്ടതായിട്ടുണ്ട്.

## ചൂണ്ടൽ പി.എച്ച്.സി. ജനകീയാസൂത്രണ പദ്ധതികളിലൂടെ മുന്നോട്ട്

പി.എച്ച്.സി. ചൂണ്ടൽ 1989-ൽ ഒരു ഡിസ്പെൻസറിയായി പ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു. 1991ൽ പുതിയ കെട്ടിടത്തിനായി ചിറനെല്ലൂരിൽ സ്ഥലം അനുവദിക്കുകയും തുടർന്നുള്ള വർഷങ്ങളിൽപഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് കെട്ടിടത്തിന്റെ വ്യാപ്തിയും അടിസ്ഥാന സൗകര്യങ്ങളും വിപുലപ്പെടുത്തി.

ലാബ് സൗകര്യം ഇല്ലാതിരുന്ന പി.എച്ച്.സി.യിൽ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ലാബ് സൗകര്യവും ലാബ് ടെക്നിഷ്യനെയും നിയമിച്ചു. വിവിധ പകർച്ചവ്യാധി നിയന്ത്രണങ്ങൾക്ക് കാലാകാലങ്ങളായുള്ള പകർച്ചവ്യാധി നിയന്ത്രണങ്ങൾക്ക് കാലാകാലങ്ങളായുള്ള പകർച്ചവ്യാധി നിയന്ത്രണ പ്രൊജക്ടുകൾ സഹായകരമായിട്ടുണ്ട്. 2018ലെ പ്രളയവും 2019ൽ പുറപ്പെട്ട കോവിഡ് മഹാമാരിയും പഞ്ചായത്തിന്റെ സാമ്പത്തിക സഹായം മൂലം നല്ലരീതിയിൽ തന്നെ പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ, ദേശീയ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പിനായി പഞ്ചായത്ത് പ്രൊജക്ടുകൾ സഹായിച്ചിട്ടുണ്ട്. ഇതിലൂടെ പോളിയോ മുതലായ മഹാവ്യാധികൽ തുടച്ചുനീക്കാൻ സാധിച്ചു. ഇതുകൂടാതെ 2013-ൽ ആരംഭിച്ച സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി പഞ്ചായത്തിലെ നിരാലംഭരായ പാലിയേറ്റീവ് രോഗികൽക്ക് വളരെയധികം ആശ്വാസകരമായിട്ടുണ്ട്. ഇതുകൂടാതെ ഡയാലിസിസ് രോഗികൾക്ക് വിലകൂടിയ മരുന്നുകൾ ഈ പദ്ധതി മുഖേന വാങ്ങി നൽകി വരികയും 2021 മുതൽ ഡയാലിസിസ് രോഗികൾക്ക് ധനസഹാവും പഞ്ചായത്ത് പ്രൊജക്ട് മുഖേന ചെയ്തുവരുന്നുണ്ട്.

# വികസന പരിപ്രേക്ഷ്യവും ലക്ഷ്യങ്ങളും

**പ്രൊജക്ട് ആശയങ്ങൾ (പഞ്ചവത്സര കാലയളവിലേക്ക്)**

- ആരോഗ്യപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്വന്തം വാഹനം (ആരോഗ്യ പ്രവർത്തനം സംഘാട നം, സൂപ്പർ വിഷൻ, മരുന്നും സാമഗ്രികളും വിതരണം പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിൽ വരു ത്തൽ, D&D trade Inspection, മെഡിക്കൽ ക്യാമ്പുകൾ)
- പാലിയേറ്റീവ് കെയർ - വാഹനസൗകര്യം , മെഡിസിൻ എക്യുപ്മെന്റ്സ്, കമ്പ്യൂട്ടർ
- LCD Projecter -Public addressing system -(mobile) Lap Top, Laser printer cum photostat + Scan.
- School level - awareness classes - anti drug. counselling
- Office facility for staff including table & chair. Online facility for is using satinary certificate. Parking area patient- waiting area.
- Incinirator for bio medical work management dis infentant A.C.U.I P room Digigtal Lap labour for enstructions of medicine available in the pharmacy.
- OP counter - computerised with OP ticket
- Hygienic Canteen, High-Tech Lab facility organised by HMC
- Migrants ID card with Barcode - ISO certification up grade for CH (generator Automatic 20kv)
- Life fitness centre under PHC centre Yog training
- High tech recreation centre for geniadric people
- Special fund for Nutritional kit for TB patients.
- Alert spots connected closed circuit camera PHC center and health staff Hospital premises.

# ആരോഗ്യം

## ദീർഘകാല പരിപ്രേക്ഷ്യം

ആരോഗ്യ രംഗത്തെ എല്ലാ മാനകങ്ങളും ഉയർന്നതോതിൽ ആർജ്ജിച്ച ഒരു സാമൂഹ്യ സൃഷ്ടിയാണ് നമ്മുടെ ലക്ഷ്യം. ശുദ്ധജലം, ശുദ്ധവായു, പോഷകാഹാരം, വ്യായാമം, രോഗ്യപ്രതിരോധ സംവിധാനങ്ങൾ, മികച്ച ചികിത്സാ സൗകര്യങ്ങൾ എന്നവ സംയോ ജിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര ആരോഗ്യപദ്ധതിയാണ് നാം വിഭാവനം ചെയ്യുന്നത്. പ്രാഥമിക ആരോഗ്യ കേന്ദ്രം, ആയുർവേദ ആശുപത്രി, സബ്-സെന്ററുകൾ എന്നിവ യുടെ ഏറ്റവും ഉദാത്തമായ പ്രവർത്തനമാണ് നാം ആഗ്രഹിക്കുന്നത്. കുടുംബാരോഗ്യ കേന്ദ്രത്തെ C.H.C സെന്ററായി ഉയർത്തണം. ഒരു ഹോമിയോ ക്ലിനിക് കൂടി ഈ കാല യളവിൽ ആരംഭിക്കണം.

## 2026-27 പദ്ധതിനിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും ആരോഗ്യ-വിദ്യാഭ്യാസ പരിപാടി സംഘടിപ്പിക്കുക
2. കരുതൽ ആരോഗ്യ പദ്ധതി
3. എരനെല്ലൂർ സബ്ബ് സെന്റർ സ്ഥലം വാങ്ങൽ
4. ആയ്യുർവ്വേദ ഡിസ്പെൻസെറി ആശുപത്രി ആക്കി മാറ്റൽ
5. സബ്ബ് സെന്ററുകളുടെ ശാക്തീകരണം
6. പാലിയേറ്റീവ് ഉപരണങ്ങൾ, മരുന്നുകൾ ലഭ്യമാക്കൽ
7. ഓപ്പൺ ജിം, വനിത ജിംനേഷ്യം ഓരോ സബ്ബ് സെന്റർ ഏരിയയിലും ഒന്ന് വീതം തുടങ്ങുക
8. അലോപ്പതി, ആയ്യുർവ്വേദ മരുന്നുകൾ വാങ്ങുന്നതിന് കൂടുതൽ തുക അനുവദിക്കുക
9. ഭക്ഷണശാലകളിലെ ശുചിത്വപരിശോധന കർശനമാക്കുക
10. ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഉപകരണങ്ങൾ, ലാപ് ടോപ്പ് സൌകര്യം, മെഡിസിൻ റാക്ക് , വാഷ് റൂം എന്നിവ ഏർപ്പെടുത്തുക
11. പകൽ വീട് സൌകര്യങ്ങൾ ഏർപ്പെടുത്തുക
12. ആരോഗ്യ പരിശോധന ഹരിതകർമ്മസേന അംഗങ്ങൾക്ക് കാർഡ് തയ്യാറാക്കൽ
13. അതിദാരിദ്രകുടുംബങ്ങളിലെ അംഗങ്ങൾക്ക് ഹെൽത്ത് കാർഡ് സംവിധാനം
14. ചൂണ്ടൽ കുടുംബാരോഗ്യകേന്ദ്രം പശ്ചാത്തല വികസനം
    1. വയറിംഗ് പുതുക്കൽ
    2. പവർ ബേക്കപ്പ് സംവിധാനം
    3. ലാബ് നവീകരണം
    4. ഫാർമസി സ്റ്റോർ വിപുലീകരണം
    5. എ.സി സ്ഥാപിക്കൽ
    6. പി.എച്ച്.സി ചുറ്റുമതിൽ ഗേറ്റ് റിപ്പയറിംഗ്
    7. പി.എച്ച്.സി കിണർ നവീകരണം
15. ചൂണ്ടൽകുന്ന് സബ്ബ് സെന്റർ കുടിവെള്ള സൌകര്യം റൂഫ് ലീക്കിംഗ് മെയിന്റനൻസ് നടത്തുക.
16. ആയ്യുർവേദ ഹോമിയോ ഡിസ്പെൻസറികളിൽ ഇൻവെർട്ടർ, ഫിൽറ്റർ വാങ്ങണം
17. തലക്കോട്ടുകര സബ്ബ് സെന്റർ ചുറ്റുമതിൽ കുടിവെള്ളസൌകര്യത്തിനായി കുഴൽകിണർ എന്നിവ നിർമ്മിക്കുക
18. കിഡ്നി രോഗികൾക്ക് ഡയലസർ, എറിത്രോപോയിറ്റിൻ എന്നിവ വാങ്ങുന്നതിന് പദ്ധതി രൂപീകരിക്കുക
19. മെഡിക്കൽ വേസ്റ്റ് കളക്ഷന് ഇമേജുമായി പിക്ക് അപ്പ് ചെയ്ത് പഞ്ചായത്ത് തല സംവിധാനം ഏർപ്പെടുത്തണം

# കുടിവെള്ളം ശുചിത്വം

## വർക്കിംഗ് ഗ്രൂപ്പ്

ചെയർപേഴ്സൺ : ഉമ്മർ

വൈസ് ചെയർമാൻ : ആൻസി വില്ല്യംസ്

കൺവീനർ : അരുൺ (അസി. എഞ്ചിനിയർ LSGD)

## കുടിവെള്ളം

പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും, ജീവജാലങ്ങൾക്കും കുടിക്കാനും മറ്റു ആവശ്യങ്ങൾക്കുമായുള്ള ജലം ലഭ്യമാക്കുക എന്നതാണ് ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രാഥമിക ചുമതലകളിൽ ഏറ്റവും പ്രധാനപ്പെട്ടത്. പഞ്ചായത്തിലെ മൊത്തം വീടുകളിൽ വർഷം മുഴുവനും ശുദ്ധജലം ലഭ്യമവുന്ന വീടുകൾ 10 ശതമാനത്തിൽ താഴെയാണ്. 60% പേർക്ക് ജൂൺ മുതൽ ജനുവരി വരെ ശുദ്ധജലം ലഭിക്കുന്ന കിണറുകൾ ഉണ്ട്. എന്നാൽ 30% കുടുംബങ്ങൾക്ക് സ്വന്തമായി കിണറുകൾ ഇല്ലാത്തവരാണ്. കിണറുകൽ ഉള്ളതിൽതന്നെ നല്ലൊരു ശതമാനം ചുറ്റുമതിൽകെട്ടി സംരക്ഷിക്കാത്തവയാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 38 പൊതു കിണറുകളും, ചെറുതും വലുതുമായ 12 കുഴൽ കിണറുകളും കേരള വാട്ടർ അതോറിറ്റിയുടെ 152 പൊതു ടാപ്പുകളും, 380 വീടുകളിലേക്ക് പൈപ്പ് കണക്ഷനും ലഭ്യമാണ്. പഞ്ചായത്തിൽ പൊതു കുളങ്ങളും വിവിധ തോടുകളും കൂടാതെ ജലസ്രോതസ്സുകൾ കേച്ചേരി പുഴയും ഉണ്ട്. പൈപ്പ് വെള്ളം ലഭിക്കുന്നതിനായി ചിറനെല്ലൂരിൽ കുഴിച്ചിട്ടുള്ള കുഴൽകിണറിൽനിന്നും കേരള വാട്ടർ അതോറിറ്റി 30 എച്ച്.പി. ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുന്നു. ഇതിനായി ചൂണ്ടൽ കുന്നത്ത്. 4 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു വാട്ടർ ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. എന്നിരുന്നാലും ഗാർഹിക ആവശ്യത്തിനും വളർത്തുമൃഗ പരിപാലനത്തിനും ഫെബ്രുവരി ആദ്യം മുതൽ ജൂൺ പകുതി വരെ ശുദ്ധജലക്ഷാമം രൂക്ഷമായി തുടരുകയാണ്. ചിറനെല്ലൂരിൽ ധാരാളം ശുദ്ധജല ലഭ്യതയുള്ള 2 കുഴൽകിണറുകൾ ഉണ്ടെങ്കിലും ഒന്ന് മാത്രമാണ് ഉപയോഗിക്കുന്നുള്ളൂ. അതുകൊണ്ട് പൊതു ടാപ്പുകളിലും സ്വകാര്യ ടാപ്പുകളിലും ഒന്നിടവിട്ട ദിവസങ്ങളിൽ 5 – 6 മണിക്കൂർ മാത്രമേ കുടിവെള്ളം ലഭ്യമാകുന്നതുള്ളൂ. കേച്ചേരി സെന്ററിൽ ഒരു കുഴൽ ഉപയോഗശൂന്യമായി കിടക്കുന്നു. ജല ലഭ്യത ധാരാളമുള്ള കിണർ ആണ് ഇത്. അടുത്ത കാലത്ത് ഈ കിണറിൽ നിന്നും 25 എച്ച്.പി. മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് എരനെല്ലൂർ വില്ലേജിൽ ശുദ്ധജലം വിതരം ചെയ്തുവരുന്നു.

ശുദ്ധജല ദൗർലഭ്യം പ്രത്യേകിച്ച് വേനൽക്കാലത്ത് പല രോഗങ്ങൾക്കും കാരണമാകുന്നു. പൊതു കുളങ്ങൾ മിക്കതും ഉപയോഗശൂന്യമായി കിടക്കുന്നതിനാൽ ജനതയുടെ ശുചിത്വത്തിനും മൃഗ സംരക്ഷണത്തിനും വലിയ ഭീഷണിയായിരിക്കുന്നു. പലരും കുളി, വസ്ത്രം അലക്കാൻ വളർത്തുമൃങ്ങളെ കഴുകൽ എന്നീ ആവശ്യങ്ങൾക്ക് പൊതു ടാപ്പിലെ കുടിവെള്ളം ഉപയോഗിക്കുന്നു.

**ഇന്നത്തെ അവസ്ഥ**

ജനകീയാസൂത്രണ പ്രസ്ഥാനം 25 വർഷങ്ങൾ പിന്നിടുമ്പോൾ കേരളത്തിന്റെ കേരളത്തിന്റെ സർവ്വ മേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായി. കുടിവെള്ള ലഭ്യതയുടെ അടിസ്ഥാന വിഷയത്തിലും

കേരളവും ചൂണ്ടൽ ഗ്രാമപഞ്ചായത്തും ഏറെ മുന്നേറി. വേനൽക്കാലത്ത് കുടിവെള്ളത്തിനായി അലയുന്ന അമ്മമാരുടെ രോദനം ഇന്ന് വെറുമൊരു ദു:സ്വപ്നമാണ്. എല്ലാവർക്കും ശുദ്ധജലം എത്തിക്കുന്ന കാര്യത്തിൽ വലിയ മുന്നേറ്റം ഉണ്ടാക്കിയ പദ്ധതിയാണ് സ്വാശ്രയ കുടിവെള്ളപദ്ധതി. കഴിഞ്ഞ 25 വർഷത്തിൽ ചൂണ്ടൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 52ലധികം സ്വാശ്രയ കുടിവെള്ള പദ്ധതികൾ നിലവിൽവന്നു. ഈ പദ്ധതികളുടെ നടത്തിപ്പും വൈദ്യുതി ബിൽ അടക്കം എല്ലാം നിർവ്വഹിക്കുന്നത് അതാത് സ്ഥലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജനകീയ സമിതികളാണ്. ഏകദേശം 1500 കുടുംബങ്ങൾ ഇത്തരം പദ്ധതികളുടെ ഗുണഭോക്താക്കളാണ്. ഈ പദ്ധതിക്ക് കീഴിൽ 500 ഓളം ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്കെല്ലാം യഥാസമയം ശുദ്ധജലം ലഭിക്കുന്നു എന്ന നേട്ടം എടുത്തുപറയേണ്ടതാണ്.

പിന്നിട്ട 25 വർഷങ്ങളിൽ ചിറനെല്ലൂരിലെ 3 കുഴൽക്കിണറുകളിൽ നിന്നായി ചൂണ്ടൽ കുന്നിലെ 4 ലക്ഷം കപ്പാസിറ്റിയുള്ള ടാങ്കിലേക്ക് വെള്ളം പമ്പ്ചെയ്ത് ചൂണ്ടൽ വില്ലേജ് അതിർത്തിയിലെ 7 വാർഡുകളിൽ ശുദ്ധജലം വിതരണം ചെയ്യുന്നു. ഇതുകൂടാതെ പെരുമല കുടിവെള്ള പദ്ധതിയും ഈ കാലയളവിൽ ആരംഭിക്കാനായി. പെരുമലയിൽ സ്ഥാപിച്ച വാട്ടർടാങ്കിലേക്കും വെള്ളം എത്തിക്കുന്നത് ചിറനെല്ലൂരിലെ കുഴൽകിണറിൽനിന്നാണ്. ഈ പദ്ധതിയിൽ എരനെല്ലൂർ, ചിറനെല്ലൂർ വില്ലേജിലെ 11 വാർഡുകളിൽ ശുദ്ധജലം വിതരണം ചെയ്യുന്നു. വെള്ള പമ്പ് ചെയ്യുന്നതിന് മോട്ടോറും ഉപയോഗിക്കുന്നു. ഈ ശുദ്ധജല വിതരണം കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. ഇതിലൂടെ പഞ്ചായത്തിലെ പകുതിയിലധികം വീടുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായിട്ടുണ്ട്. ഏകദേശം 50% വീടുകളിൽ കുടിവെള്ള കിണറുകൾ ഉണ്ട് എങ്കിലും വർഷം മുഴുവൻ കുടിവെള്ളം ലഭിക്കുന്നത് 15% കിണറുകൾ മാത്രമേ ഉള്ളൂ. ഈ കാലയളവിൽ വീടുകളിൽ കുഴൽകിണറുകളുടെ നിർമ്മാണം വൻതോതിൽ വർദ്ധിക്കുകയുണ്ടായി. ഇപ്പോൾ 30% വീടുകളിലും കുടിവെള്ളത്തിന് ആശ്രയിക്കുന്നത് കുഴൽകിണറുകളെയാണ്. കുഴൽ കിണറുകളുടെ അമിതമായ ഉപയോഗം ഭൂമിക്കടിയിലെ ജലവിതാനം വലിയ തോതിൽ താഴുന്നതിന് ഇടയാക്കിയിട്ടുണ്ട് എന്ന് അപകടകരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നു. വീടുകളിലെ കിണറുകളുടെ ജല സംരക്ഷണത്തിനായി കിണർ റീചാർജ്ജിംഗ് പോലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ വേണ്ടത്ര വിജയിക്കാനായിട്ടില്ല. ഈ പദ്ധതി നടപ്പിലാക്കിയിടത്തെല്ലാം കുടിവെള്ള പദ്ധതിയുടെ അളവ് വർദ്ധിപ്പിക്കാനായിട്ടുണ്ട്. ചുറ്റുമതിലില്ലാത്ത കിണറുകൾക്ക് കെട്ടിസംരക്ഷിക്കുന്നതിന് “കിണറിന് ചുറ്റുമതിൽ” എന്ന പദ്ധതി നടപ്പിലാക്കാനായി. ഇന്ന് ഭൂരിഭാഗം വീടുകളും കിണറുകൾക്ക് ചുറ്റുമതിൽ നിർമ്മിച്ച് ശുദ്ധജലം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാനപ്പെട്ട കുടിവെള്ള ശ്രോതസ്സായ കേച്ചേരി പുഴയുടെ പനർജ്ജീവനത്തിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ളപ്രശ്നം പരിഹരിക്കുവാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും പരിഹരിക്കുന്നതിന് ഇനിയും മുന്നേറാനുണ്ട്. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഏതുസമയത്തും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. ചിറനെല്ലൂരിലെ ഉപയോഗിക്കാതെ കിടക്കുന്ന കുഴൽകിണർകൂടി ഉപയോഗിക്കുവാൻ കഴിയണം. സ്വശ്രയ കുടിവെള്ള പദ്ധതികൾ ആവശ്യമായ ഇടത്തെല്ലാം തുടങ്ങാനാവണം. കേച്ചേരി പുഴയുടെയും, തോടുകളുടെയും, പൊതു കുളങ്ങളുടെയും നവീകരിക്കുന്ന സമഗ്രമായ പദ്ധതികൾ പൂർത്തീകരിക്കണം. കിണർ റീചാർജ്ജിംഗ് എല്ലാ വീടുകളിലും നടപ്പിലാക്കണം. പാഴായി പോകുന്ന ജല സമ്പത്ത് പൂർണ്ണമായും ഉപയോഗിക്കാൻ ഇതുവഴി കഴിയുന്നു. ഏറ്റവും ഫലപ്രദമായ പദ്ധതികൾക്ക് 14-ാം പഞ്ചവത്സരപദ്ധതിയിലൂടെ നടപ്പിലാക്കാൻ കഴിയട്ടെ.

## കുടിവെള്ള പദ്ധതികൾ

1. തലക്കോട്ടുകര സ്വാശ്രയ കുടിവെള്ള പദ്ധതി
2. ചൂണ്ടൽ ചിറ കുടിവെള്ള പദ്ധതി
3. പട്ടിക്കര എസ്.സി. റോഡ് കുടിവെള്ള പദ്ധതി
4. മണലി എസ്.സി. റോഡ് കുടിവെള്ള പദ്ധതി
5. പയ്യൂർ ഇ.എം.എസ്. കുടിവെള്ള പദ്ധതി
6. പയ്യൂർ പാറപ്പുറം കുടിവെള്ള പദ്ധതി
7. പയ്യൂർ-കുന്നത്തങ്ങാടി കുടിവെള്ള പദ്ധതി
8. പയ്യൂർ-മഹർഷിക്കാവ് കുടിവെള്ള പദ്ധതി
9. മാടത്തുപുര കുടിവെള്ള പദ്ധതി
10. ബ്രദേഴ്സ് കുടിവെള്ള പദ്ധതി
11. മണലി - ആയമുക്ക് കുടിവെള്ള പദ്ധതി
12. തലക്കോട്ടുകര മരക്കമ്പനി കുടിവെള്ള പദ്ധതി
13. മഴുവഞ്ചേരി - പത്തുവീട് കുടിവെള്ള പദ്ധതി
14. പെരുമണ്ണ് കുടിവെള്ള പദ്ധതി
15. തായങ്കാവ് - ആശാരിമുക്ക് കുടിവെള്ള പദ്ധതി
16. തായംകാവ് - തെക്കേകുന്ന് കുടിവെള്ള പദ്ധതി
17. പയ്യൂർ സെഞ്ചുറി കുടിവെള്ള പദ്ധതി
18. തലക്കോട്ടുക - കുണ്ടാറ കുടിവെള്ള പദ്ധതി
19. എരനെല്ലൂർ - മുരിയാംകുളം കുടിവെള്ള പദ്ധതി
20. മഴുവഞ്ചേരി - അമ്പലപ്പറമ്പ് കുടിവെള്ള പദ്ധതി
21. സൂര്യഗ്രാമം കുടിവെള്ള പദ്ധതി
22. ചൂണ്ടൽ ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി
23. ചൂണ്ടൽ കുന്ന് കുടിവെള്ള പദ്ധതി
24. പട്ടിക്കര കുരിത്തിച്ചാൽ കുടിവെള്ള പദ്ധതി
25. മണലി എസ്.സി കുടിവെള്ള പദ്ധതി
26. മഴുവഞ്ചേരി - പെരുമല കുടിവെള്ള പദ്ധതി
27. പറപ്പൂക്കാവ് കുടിവെള്ള പദ്ധതി
28. മാടത്തുപുര കുടിവെള്ള പദ്ധതി
29. ചൂണ്ടൽ ചോട്ടിലപ്പാറ കുടിവെള്ള പദ്ധതി
30. വെട്ടുകാട് കുടിവെള്ള പദ്ധതി
31. ചൂണ്ടൽകുന്ന് കുടിവെള്ള പദ്ധതി
32. തായങ്കാവ് കുടിവെള്ള പദ്ധതി
33. ചൂണ്ടൽകുന്ന് കുടിവെള്ള പദ്ധതി
34. പയ്യൂർ കുടിവെള്ള പദ്ധതി
35. സൂര്യഗ്രാമ കുടിവെള്ള പദ്ധതി
36. ചൂണ്ടൽ പാറപ്പുറം കുടിവെള്ള പദ്ധതി

# കുടിവെള്ളം

## ദീർഘകാല പരിപ്രേക്ഷ്യം

വർഷം മുഴുവൻ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. മഴവെള്ളത്തെ കുടിവെള്ളമാക്കുക, കിണറുകളും കുളങ്ങളും വൃത്തിയാക്കി സംരക്ഷിക്കുക, കേച്ചേരി പുഴയുടെ സംരക്ഷണം, മഴക്കുഴികളും മഴസംഭരണികളും വ്യാപകമാക്കുക, ജലസാക്ഷരത പ്രചരിപ്പിക്കുക, എന്നിവയാണ് മാർഗ്ഗങ്ങൾ. എല്ലാ അർത്ഥത്തിലും മാലിന്യമുക്തമായ പഞ്ചായത്താണ് നമ്മുടെ സ്വപ്നം. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കുക, പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിക്കുക. ഇ-മാലിന്യങ്ങൾ അതാത് സ്ഥലത്ത് ഭദ്രമായി സൂക്ഷിക്കുക, കാനകളും തോടുകളും കാര്യക്ഷമമാക്കുക, മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് മാർഗ്ഗങ്ങൾ.

## 2026-27 പദ്ധതിനിർദ്ദേശങ്ങൾ

1. നവീകരിച്ച കുളങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
2. നിലവിൽ ഉപയോഗരഹിതമായി കിടക്കുന്ന കുളങ്ങൾ വൃത്തിയാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക
3. ചെമ്പ്രകുളം പരിപാലനം

1. പൊതു കിണറുകൾ കുളം എന്നിവയുടെ വൃത്തിയാക്കൽ.
2. കിണർ റീചാർജ്ജിങ്ങ്.
3. സ്വാശ്രയ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം.
4. പരമ്പരാഗത ജലസ്ത്രോതസ്സുകളുടെ സംരക്ഷണവും നവീകരണവും.
5. എം.സി.എഫിന്റെ നവീകരണം
6. ഹരിത കർമ്മസേനയുടെ വിപുലീകരണം
7. എം.സി.എഫിലേക്ക് വാഹനം വാങ്ങൽ
8. ഉറവിട മാലിന്യ സംസ്കരണ പദ്ധതി രണ്ടാം ഘട്ടം.
9. മഴവെള്ള സംഭരണികൾ നിർമ്മിക്കൽ.
10. മണ്ണ്, ജലം പരിശോധന.
11. സോഫ്റ്റ് പിറ്റുകളുടെ നിർമ്മാണം

## പ്രാദേശിക സാമ്പത്തിക വികസനം

### വർക്കിംഗ് ഗ്രൂപ്പ്

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ടി.ഒ. സെബി |
| വൈസ് ചെയർമാൻ | : | ജിജു മാസ്റ്റർ |
| കൺവീനർ | : | പ്രിയ യു. (വി.ഇ.ഒ.) |

# പ്രാദേശിക സാമ്പത്തിക വികസനം

## (ചെറുകിട വ്യവസായം, സൂക്ഷ്മ സംരഭങ്ങൾ, സഹകരണം ഉൾപ്പെടെ)

ഇന്നും കാർഷിക മേഖലയായിതന്നെയാണ് ചൂണ്ടൽ പഞ്ചായത്ത് തുടരുന്നത്. പ്രാദേശിക സാമ്പത്തിക വികസനത്തെ കാര്യമായി വളർത്തത്തക്ക രീതിയിൽ ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും വേണ്ടത്ര വികസിച്ചിട്ടില്ല. കർഷക രംഗത്തെ സഹകരണ സംഘങ്ങൾ അല്ലാതെ മറ്റ് മേഖലകളിലെ സഹകരണ സംഘങ്ങളും വേരുപിടിച്ചിട്ടില്ല.

പാരമ്പര്യ മേഖലകളിലെ കളിമൺ വ്യവസായം, മരപ്പണി, പപ്പടനിർമ്മാണം, ലോഹപ്പണികൾ, മുള ഉപയോഗിച്ചുകൊണ്ടുള്ള കുട്ട, വട്ടി, പനമ്പ് നിർമ്മാണം, കളിയടക്കാ വ്യവസായം, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകൾ എല്ലാംതന്നെ കാലത്തിനനുസരിച്ച് വളർന്നില്ല. പലതും നാമാവശേഷമാവുകതന്നെ ചെയ്തു. ഉദാഹരണം കളിയടക്കാ വ്യവസായം.

പ്ലമ്പിങ്ങ്, മെക്കാനിക്കൽ വർക്ക്, ഇലക്ട്രിക്കൽ വർക്ക്, ഗൃഹോപകരണ റിപ്പയറിങ്ങ്, ശീതള പാനീയങ്ങൾ, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ അങ്ങിങ്ങ് ചില വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട് എന്നത് ശുഭോദർക്കമാണ്.

ആധുനിക കാലഘട്ടത്തിലെ ചെറുകിട വ്യവസായങ്ങൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിൽ കൃത്യമായി വളരുകയുണ്ടായില്ല. ഏറെ പ്രതീക്ഷകളോടെ ആരംഭിച്ച തലക്കോട്ടുകരയിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അധോഗതിയിലാണ്.

നമ്മുടെ പഞ്ചായത്തിൽ മാത്രമല്ല രാജ്യം ഒട്ടുക്ക് ചെറുകിട വ്യവസായങ്ങളും കുടിൽവ്യവസായങ്ങളും തകർച്ചയുടെ വക്കിലാണ്. ആഗോളവൽക്കരണം അടക്കമുള്ള സാമ്പത്തിക രാഷ്ട്രീയ കാരണങ്ങളാൽ ആണ് ഈ അവസ്ഥ സംജാതമായത്. ഏറെ വിശദീകരിക്കുന്നില്ല.

വൈദ്യുതിക്ഷാമം, സ്ഥല ലഭ്യതയുടെ കുറവ്, വൈവിധ്യവൽക്കരണത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും യന്ത്രവൽക്കരണത്തിന്റെയും അപര്യാപ്തത, മൂലധന ചിലവിന്റെയും കൂലിച്ചിലവിന്റെയും വർദ്ധനവ്, വിപണന സൗകര്യങ്ങളുടെ കുറവ്, താല്പര്യക്കുറവ്, സാങ്കേതിക പരിശീലനത്തിന്റെ അഭാവം എന്നിവയൊക്കെ ഈ രംഗത്തെ പ്രശ്നങ്ങളാണ്. ഇവ വലിയ പരിധിവരെ തരണം ചെയ്യാൻ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനം അത്യാവശ്യമാണ്. സൂക്ഷ്മ സംരംഭങ്ങളുടെ ബോധപൂർവ്വമായ വ്യാപാനം വായ്പാ സസൗകര്യങ്ങൾ ലഭ്യമാക്കൽ ആധുനിക സാങ്കേതിക വൈദഗ്ധ്യം ആർജിക്കുവാൻ സഹായിക്കുക, പുത്തൻ സംരംഭങ്ങൾ പരിജയപ്പെടുത്തുക, ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നത് ഒരു ശീലമാക്കാൻ പൊതു ജനങ്ങളെ പ്രേരിപ്പിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ പ്രാദേശിക സാമ്പത്തിക വികസനം ഇന്നത്തേതിന്റെ 20% എങ്കിലും വർദ്ധിപ്പിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഭക്ഷ്യ സംസ്ക്കരണം, കേറ്ററിങ്ങ്, ബേക്കറി ഉൽപ്പന്നങ്ങളും നാടൻ പലഹാരങ്ങളും, ഹോം നേഴ്സിങ്ങ് തുടങ്ങിയ മേഖലകളിൽ വൈവിധ്യമേറിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. എല്ലാ സംരഭങ്ങളും പരിസ്ഥിതി സൗഹൃദമാക്കാൻ പ്രത്യക ശ്രദ്ധ പതിപ്പിക്കും. പ്രവർത്തനം നിലച്ചുപോയ സഹകരണ സംഘങ്ങളെ പുനർജീവിപ്പിക്കാനും ആവ്ശ്യമായ മേഖലകളിൽ പുതിയ സംഘങ്ങൾ രൂപീകരിക്കാനും നേതൃത്വം നൽകും. ബാങ്കുകളെയും സംരംഭകരെയും യോജിപ്പിക്കുന്ന കണ്ണിയായി പഞ്ചായത്ത് മാറും.

## ഭാഗം 1 പ്രാദേശിക സാമ്പത്തിക വികസനം - അവസ്ഥാവിശകലനം

### കുടുംബശ്രീ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1. | അയൽക്കൂട്ടങ്ങൾ | 220 |
| 2. | JLG ഗ്രൂപ്പുകൾ | 13 |
| 3. | ലിങ്കേജ് വായ്പ എടുത്തിട്ടുള്ള ഗ്രൂപ്പുകൾ | 10 |
| | | |

### വ്യവസായ സംരംഭങ്ങൾ - വിശദാംശങ്ങൾ

| വ്യവസായങ്ങളുടെ പേര് | യൂണിറ്റുകൾ | വാർഡ് നമ്പർ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| പരമ്പരാഗത വ്യവസായങ്ങൾ | കളിമൺ വ്യവസായം | 1, 16 | 30 |
| | മരപ്പണി | 1,8,11,13,18 | 10 |
| വ്യവസായ ശാലകൾ | അലുമിനിയം പാത്രങ്ങൾ | 9 | |
| | പ്ലാസ്റ്റിക് പാത്രങ്ങൾ | 9 | |
| ചെറുകിട വ്യവസായങ്ങൾ | പലഹാരങ്ങൾ, ബേക്കറി അച്ചാറുകൾ, പൊടികൾ | 9, 15, 4, 14 | 15 |
| ചെറുകിട തൊഴിൽ സംരംഭങ്ങൾ | കാന്റീൻ, കാറ്ററിംഗ് | 14, 15, 16, 4 | 15 |
| തുണി നെയ്ത് - സഹകരണം | തലക്കോട്ടുകര | 9 | |

## പ്രാദേശിക സാമ്പത്തിക വികസനം - അവസ്ഥാവിശകലനം

### ഫോറം 1.2 പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും

| ക്രമ നമ്പർ | പ്രശ്നങ്ങൾ | തീവ്രത | പ്രശ്നകാരണങ്ങൾ | പരിഹാരം |
|---|---|---|---|---|
| 1. | പ്ലാസ്റ്റിക് കവർമാലിന്യം | അതീവ ഗുരുതരം | കടകളിൽ പ്ലാസ്റ്റിക് | തുണിസഞ്ചി നിർമ്മാണ യൂണിറ്റ് തുടങ്ങണം |
| 2. | നോട്ടുപുസ്തങ്ങളുടെ വിലകയറ്റം വിദ്യാർത്ഥിക ളിൽ ദുരിതമുണ്ടാക്കുന്നു | ഗുരുതരം | | ബുക്ക് ബൈന്റിംഗ് യൂണിറ്റ് തുടങ്ങണം |
| 3. | കൃഷിയുടെ പുരോഗതി എല്ലായിടത്തും എത്തിക്കു ന്നതിന് കഴിയുന്നില്ല | ഗുരുതരം | സ്ഥലത്തിന്റെ അപര്യാപ്തത | പച്ചക്കറിക്ക് സബ്സിഡി അനുവദിക്കുക ഗ്രോബാഗ് നിർമ്മാണം |

# പ്രാദേശിക സാമ്പത്തിക വികസനം

## ദീർഘകാല പരിപ്രേക്ഷ്യം

1. ജനസംഖ്യയുടെ ആയിരത്തിൽ 5 പേർക്കെങ്കിലും തൊഴിൽ ലഭിക്കത്തക്ക രീതിയിൽ ചെറുകിട വ്യവസായങ്ങളുടെ ക്രമാനുഗതമായ വളർച്ചയും വികസനവും.
2. യുവ സംരംഭകർക്ക് പ്രോത്സാഹനവും പരിശീലനവും.
3. പ്രവാസി സംരംഭകർക്ക് പ്രോത്സാഹനം നൽകൽ.
4. സഹകരണ സംഘങ്ങളുടെ വൈവിധ്യ വൽക്കരണവും ആധുനിക വൽക്കരണവും.
5. സൂക്ഷ്മ സംരംഭങ്ങളുടെ ലക്ഷ്യാധിഷ്ടിത പ്രവർത്തനങ്ങളിലൂടെ 20% കുടുംബങ്ങളെയെങ്കിലും ജീവിത നിലവാരം ഭദ്രമാക്കുക.
6. സഹകരണ സംഘങ്ങളുടെ ബോധപൂർവ്വമായ പ്രവർത്തനങ്ങളും, പഞ്ചായത്തിന്റെ വികസന ആസൂത്രണ പ്രവർത്തനങ്ങളും സംയോജിപ്പിച്ച് പ്രാദേശിക സാമ്പത്തിക വികസനത്തിൽ കൃത്യമായ നേട്ടം ഉണ്ടാക്കുക.
7. കുടുംബശ്രീ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിൽ വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
8. പരമ്പരാഗത വ്യവസായ പ്രോത്സാഹന പദ്ധതി. ഉപകരണങ്ങൾ, യന്ത്രങ്ങൾ വാങ്ങൽ സബ്സിഡി
9. സംരംഭക പരിശീലന പരിപാടിയും യൂണിറ്റ് സബ്സിഡി അനുവദിക്കലും ബാങ്ക് സേവന സംയോജനവും.
10. സംരംഭകർക്കുള്ള ഹെൽപ്പ് ഡെസ്ക് പദ്ധതി.
11. നൈപുണ്യ വികസന പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് സഹായം.
12. ബുക്ക് ബൈന്റിങ്ങ് യൂണിറ്റ പ്രവർത്തനക്ഷമമാക്കൽ പദ്ധതി.
13. ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം.
14. ഗ്രോ-ബാഗ് നിർമ്മാണ യൂണിറ്റ് തുടങ്ങൽ
15. LED ബൾബ് നിർമ്മാണം.

## 2026–27 പദ്ധതിനിർദ്ദേശങ്ങൾ

1. മണലി വ്യവസായ യൂണിറ്റിൽ ബുക്ക് ബൈന്റിംഗ് യൂണിറ്റ് തുടങ്ങുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യണം
2. തുണി സഞ്ചി, എൽ.ഇ.ഡി ബൾബ് നിർമ്മാണം പരിശീലനം ലഭ്യമാക്കണം. കൂടാതെ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ സബ്സിഡി ലഭ്യമാക്കണം.
3. വിവിധ തൊഴിൽ പരിശീലനങ്ങൾ നടപ്പിലാക്കണം
4. ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിൽക്കുന്നതിന് സ്ഥിരമായ മാർക്കറ്റിംഗ് & സെയിൽസ് സ്റ്റാൾ സൌകര്യങ്ങൾ (വിപണന സൌകര്യം) ഒരുക്കണം.
5. മാട്രിമോണി സംവിധാനം നടപ്പിലാക്കണം.

# പശ്ചാത്തലമേഖല

## വർക്കിംഗ് ഗ്രൂപ്പ്

| | | |
|---|---|---|
| ചെയർമാൻ | : | ടി.കെ. ഹക്കീം |
| വൈസ് ചെയർമാൻ | : | പി.ടി.ജോസ് |
| കൺവീനർ | : | അരുൺ (അസി. എഞ്ചിനിയർ LSGD) |

# പശ്ചാത്തലമേഖല

ജനകീയാസൂത്രണത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നേറുന്ന ഈയവസരത്തിൽ ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ 25 വർഷത്തെ ചരിത്ര പശ്ചാത്തലത്തിലേക്ക് പിൻതിരിഞ്ഞ് നോക്കുന്നത് സന്ദർഭോചിതമാണെന്ന് പ്രതീക്ഷിക്കുന്നു. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ അഗാധമായി സ്വാധീനിച്ചിട്ടുള്ളത് നല്ല റോഡുകളാണ്. ജനകീയാസൂത്രണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ റോഡുകളാണ് ടാർചെയ്ത് സഞ്ചാരയോഗ്യമായി ഉണ്ടായിരുന്നത് ഇപ്പോൾ അത് ഉയർത്താനായി. കഴിഞ്ഞ കാലങ്ങളിലെ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സാധിച്ചു. ഗ്രാമപഞ്ചായത്തിലെ ഇതര പ്രദേശങ്ങളിലെ റോഡുകളും പാലങ്ങളും വീതി കുറഞ്ഞതും സഞ്ചാരയോഗ്യമല്ലാത്തതും ആയിരുന്നു. ചൂണ്ടൽ പാലത്തിന്റെ നിർമ്മാണം പൂർത്തീക രിക്കാനും തുവ്വാനൂർ, ചിറപ്പറമ്പ് പാലങ്ങളുടെ നിർമ്മാണ് ആരംഭിക്കാനും ചോട്ടിലപ്പാറ പാലത്തിന്റെ നിർമ്മാണത്തിനായി തുക വകയിരുത്താനും കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തനങ്ങൾക്കൊണ്ട് സാധി ച്ചു. ആളൂർ പാലം, കണിപ്പാലം പാലം, പാറന്നൂർ ചിറയിലെ പാലങ്ങൾ ഇതെല്ലാം ഈ മേഖലയിലെ ഗണ്യമായ നേട്ടങ്ങളാണ്. സ്കൂൾ കെട്ടിടങ്ങളുടെ നിലവാരത്തിലെ ഉയർച്ചയാണ് മറ്റൊരു നേട്ടം. പഞ്ചായത്തിലെ 2 ഗവൺമെന്റ് വിദ്യാലയങ്ങൾക്കും വാഹന സൗകര്യം ഒരുക്കാനും സാധിച്ചു. ഊർജ്ജ മേഖലയിലെ മുന്നേറ്റം എടുത്ത് പറയേണ്ട നേട്ടമാണ്. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ പ്രധാന വഴി കളിലും വെളിച്ചം എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആദ്യകാലത്തെ 1480 ലൈറ്റുകളിൽനിന്ന് ഇന്നത് 6500നുമേൽ എണ്ണമാക്കാനും നമുക്ക് കഴിഞ്ഞു. എം.എൽ.എ ഫണ്ട് മുഖേന പ്രധാന കേന്ദ്ര ങ്ങളിൽ ഹൈമാസ്റ്റുകളും മിനി ഹൈമാസ്റ്റുകളും നമുക്ക് ലഭ്യമാക്കിയിട്ടുണ്ട്.

# പൊതുമരാമത്ത്

## ദീർഘകാല പരിപ്രേക്ഷ്യം

പ്രധാനപ്പെട്ട പഞ്ചായത്ത് റോഡുകൾ ഹൈ-ടെക് ആക്കുക. മെയ്ന്റനസ് പദ്ധതികൾ യഥാസമയം നടത്തുക. റോഡുകൾ കൃത്യമായി സംരക്ഷിക്കുക. സുഗമവും സുരക്ഷിതവുമായ റോഡുകൾ എന്നതാണ് പഞ്ചായത്തിന്റെ ലക്ഷ്യം. അത്യാവശ്യമായ ചില പുതിയ റോഡുകളും വേണ്ടിവരും. ചില പ്രധാന റോഡുകൾ വീതികൂട്ടേണ്ടിവരും.

ഉർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പാരമ്പര്യേതര ഊർജ്ജ സംഭരണ പദ്ധതികൾ നടപ്പിലാക്കി ഒരുപരിധിവരെയെങ്കിലും സ്വയം പര്യാപ്തത നേടുക. പൊതുമാർക്കറ്റ് ശാസ്ത്രീയമായ അറവുശാല എന്നിവ ആരംഭിക്കും. പഞ്ചായത്തിലൂടെ കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയുടെ വികസനം.

## 2026-27 പദ്ധതിനിർദ്ദേശങ്ങൾ

1. പറപ്പൂതടത്തിൽ പള്ളി ജുമാമസ്ജിദ് മുതൽ തൂവാനൂർ പാലം വരെയുള്ള റോഡ്
2. നായരങ്ങാടി ആശാരി ജംങ്ഷൻ വരെ റോഡ് പുനരുദ്ധാരണം - വാർഡ് 10
3. പട്ടിക്കര സെന്റർ മുതൽ മണലി റോഡ് വാർഡ് 6, 7
4. ഓട്ടുകമ്പനി റോഡ് പുനരുദ്ധാരണം
5. കിഴക്കുമുറി പള്ളി റോഡ് പുനരുദ്ധാരണം
6. വിദ്യ എഞ്ചിനീയറിംഗ് കോളേജ് റോഡ് പുനരുദ്ധാരണം
7. ചിറനെല്ലൂർ മുസ്ലീം പള്ളി മുതൽ തലക്കോട്ടുകര റോഡ് (വാർഡ് 8, 7, 10)
8. ഡ്രൈനേജ് പൂർത്തീകരണം
9. റെനിൽ കനാൽ വഴി മണലി റോഡ് അറ്റക്കുറ്റപണി
10. ചിറനെല്ലൂർ റേഷൻ കട വഴി ഐറിഷ് പൂർത്തീകരണം
11. ആയമുക്ക് ചിറനെല്ലൂർ ഹവ്വ കോളേജ് ഐറിഷ്
12. ഓട്ടുകമ്പനി റാവുത്തർ റോഡ് റെനിൽ കനാൽ റോഡ് മെയിന്റനർസ്
13. റെനിൽ റോഡ് വാർഡ് - 6
14. ചിറനെല്ലൂർ അയനിപറമ്പ് റോഡ് മെയിന്റനൻസ്
15. മാട്ടം റോഡ് മെയിന്റനൻസ്
16. മഴുവഞ്ചേരി തലക്കോട്ടുകര റോഡ് മെയിന്റനൻസ്
17. ഉഷസ് റോഡ് മെയിന്റനൻസ്
18. പയ്യൂർ മന റോഡ് മെയിന്റനൻസ്
19. പെലക്കാട്ടുപയ്യൂർ ചെമ്പ്രകുളം പുനരുദ്ധാരണം
20. ബൈപാസ് റോഡ് BMBC റോഡ് നിർമ്മാണം
21. തലക്കോട്ടുകര മഴുവഞ്ചേരി റോഡ്
22. കാണിപയ്യൂർ കൂനംമൂച്ചി റോഡ്
23. പഞ്ചായത്ത് ഓഫീസ് നിർമ്മാണം
24. പ്രധാന റോഡുകളുടെ നവീകരണം
25. പന്നിത്തടം റോഡ് സൌഹൃദ നഗർ റീടാറിംഗ്
26. കാന ശുചീകരണം
27. എരനെല്ലൂർ സിനിമാ തിയ്യറ്റർ വഴിവാർഡ് 14
28. ചിറനെല്ലൂർ സെഡന്റിർ മുതൽ പാറന്നൂർ ചിറ മെയിന്റൻസ്
29. മഹാത്മാഗാന്ധി അങ്കണവാടി അറ്റകുറ്റപണി
30. അക്ഷര അങ്കണവാടി അറ്റകുറ്റപണി
31. വാർഡ് 10 ആറാട്ടുകുളം പുറമ്പോക്ക് ആർജിച്ച് റോഡ് ആക്കൽ
32. ആറാം വാർഡ് ഗാന്ധി നഗർ (തെങ്ങ്) റോഡ് നിർമ്മാണം
33. മണലി റോഡ് മുതൽ ഗാന്ധി നഗർ വരെ റോഡ്
34. ചിറനെല്ലൂർ ഹോമിയോ സെന്റർ ചേർന്ന് നിൽക്കുന്ന പ്രദേശത്ത് കമ്മ്യൂണിറ്റ് ഹാൾ

# വിദ്യാഭ്യാസം
## കലയും സംസ്കാരവും യുവജനകാര്യവും

### വർക്കിംഗ് ഗ്രൂപ്പ്

| | | |
|---|---|---|
| ചെയർമാൻ | : | ഷീബ ശിവരാമൻ |
| വൈസ് ചെയർമാൻ | : | ജയൻ പി.ആർ. |
| കൺവീനർ | : | ഷീജ ജോസ് (ഹെഡ്മിസ്ട്രസ്സ് ജിയു.പി.എസ്, ചൂണ്ടൽ) |

# വിദ്യാഭ്യാസം

ചരിത്ര പശ്ചാത്തലം

കുറവുകൾ ഏറെയുണ്ടെങ്കിലും ചൂണ്ടൽ പഞ്ചായത്ത് പ്രദേശത്തിന് വർഷങ്ങൾക്കുമുമ്പ് തന്നെ തനതായ ഒരു വിദ്യാഭ്യാസ സംസ്കാരമുണ്ടായിന്നു. പുരാതനമായി ഇവിടത്തെ ഗ്രാമവാസികൾ തിച്ചും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നവരായിരുന്നു. എങ്കിലും 19-ാം നൂറ്റാണ്ടിന്റെ അവസാനദശകം മുതൽക്കുതന്നെ വിദ്യാഭ്യാസ രംഗത്ത് കാര്യമായി ശ്രദ്ധ പതിപ്പിച്ചിരുന്നു എന്നതിന് ഇന്നും ജീവിക്കുന്ന ഒട്ടേറെ തെളിവുകൾ ഉണ്ട്. 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭ ദശകങ്ങളിലും നിലനിന്നിരുന്ന ഗുരുകുല വിദ്യാഭ്യാസവും കുടിപ്പള്ളിക്കൂടങ്ങളും ഇവിടെയും ഉണ്ടായിരുന്നതിന്റെ തെളിവുകളുണ്ട്. നിർദ്ദേശിക്കപ്പെട്ട പുസ്തകങ്ങളോ പാഠ്യ പദ്ധതിയോ ഇല്ലാതെ സംഖ്യാജ്ഞാനവും അക്ഷരജ്ഞാനവും ചുണ്ടുകളിൽനിന്നും ചുണ്ടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ഈ സമ്പ്രദായത്തിലെ അധ്യാപകരെ എഴുത്താശാൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇതിന്റെ തുടർച്ചയായി മദിരാശി സർവ്വകലാശാലയിലെ ബിരുദവും നിയമ ബിരുദവും മറ്റും ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽതന്നെ സമ്പാദിച്ച ഏതാനും വ്യക്തികൾ ഇവിടെയുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സാസ്കാരിക രംഗത്ത് തിലകക്കുറകളായി ഈ വ്യക്തിത്വങ്ങളിൽ ചിലരെങ്കിലും ഇന്നും നമ്മോടൊപ്പമുണ്ട്.

ദേശീയ പ്രസ്ഥാനവും അതിന്റെ ഭാഗമായി സാമൂഹിക പരിഷ്ക്കരണ പ്രവർത്തനങ്ങളും ഈ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിയുടെ വേഗത വർദ്ധിപ്പിക്കുകയുണ്ടായി. ജന്മിത്തവ്യവസ്ഥ നിലനിന്നിരുന്ന ഈ കാലഘട്ടത്തിൽ ഉദാരമതികളായ ചില വ്യക്തികൾ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് ഭൂമിയും ധനവും മറ്റു വിഭവങ്ങളും സംഭാവന ചെയ്തിട്ടുണ്ട്. ബ്രിട്ടീഷ് സർക്കാരിന്റേതായ ചില പ്രോത്സാഹനങ്ങളും ഉണ്ടായിരുന്നു. ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലായിരുന്നല്ലോ ഇന്ത്യൻ ആധുനിക വിദ്യാഭ്യാസം ചിട്ടയോടെവികസിക്കാൻ തുടങ്ങിയത്. ഗുരുകുല വിദ്യാഭ്യാസ കാലത്ത് സംസ്കൃതത്തിന് ഉണ്ടായിരുന്ന പ്രാമുഖ്യം ബ്രിട്ടീഷ് ആധിപത്യക്കാലത്ത് ഇംഗ്ലീഷിനായി മാറിയെന്നുമാത്രം. ഇക്കാലത്ത് എല്ലാ കുട്ടികളും ഫീസ് കൊടുക്കേണ്ടതുണ്ടായിരുന്നു. എന്നാൽ പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് ബ്രിട്ടീഷ് സർക്കാർ പുസ്തകം, സ്ലേറ്റ്, പെൻസിൽ, രണ്ടു തോർത്തുമുണ്ട് ഇവ നൽകിയിരുന്നു. കൂടാതെ ഇവർക്ക് ഫീസ് ഇളവ് നൽകിയിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ഭൂരിഭാഗം കുട്ടികളും സ്കൂൾ വിഗ്യാഭ്യാസം നേടിയിരുന്നില്ല. പ്രത്യേകിച്ച് പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾ. ഇപ്പോഴത്തെ അഞ്ചാം ക്ലാസ്സിനുമുമ്പായി പ്രിപ്രാക്ടറി അധവാ 4 1/2 ക്ലാസ്സ് എന്ന രീതിയി

ലുള്ള ഒരു പ്രത്യേകത അക്കാലത്ത് ഉണ്ടായിരുന്നു. അക്കാലത്തെ സാമൂഹ്യവ്യവസ്ഥയിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥ ഈ പ്രദേശത്തെ സ്കൂളുകളിൽ അധികമായി നിഴലിച്ചിരുന്നില്ല എന്ന് പറയപ്പെടുന്നു. അദ്ധ്യാപകർക്കുള്ള വേതനം ബ്രിട്ടീഷ് സർക്കാർ മാനേജർമാരെ ഏൽപ്പിക്കുകയായിരുന്നു. മാനേജർമാർ അത് വെട്ടിക്കുറച്ച് തുച്ഛമായ വേതനമാണ് അദ്ധ്യാപകർക്ക് നൽകിയിരുന്നത്. ഇന്നത്തേതിൽനിന്ന് വ്യത്യസ്ഥമായി ലഘുവും ലളിതവുമായ പാഠ്യപദ്ധതിയായിരുന്നു. കൊച്ചി രാജ്യത്തിലായിരുന്ന നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് മദിരാശി സർവ്വകലാശാല ബിരുദമാണ് ലഭിച്ചിരുന്നത്.

ചൂണ്ടലിൽ 1893ൽ സ്ഥാപിച്ച സർക്കാർ ലോവർ പ്രൈമറി സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ഇത് കൊച്ചി രാജ്യത്തെ തന്നെ ആദ്യത്തെ ചുരുക്കം ചില വിദ്യാലയങ്ങളിൽ ഒന്നാണ്. ഈ വിദ്യാലയം 1893ന് മുമ്പുതനനെ സ്ഥാപിതമായിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. ഇന്നു നിലവിലുള്ള വിദ്യാലയങ്ങളിൽ ചൂണ്ടൽ ഗവ. യു.പി. സ്കൂൾ, കേച്ചേരി ഗവ. എൽ.പി. സ്കൂൾ, പാറന്നൂർ സെന്റ് തോമസ് യു.പി. സ്കൂൾ, കേച്ചരി ജ്ഞാനപ്രകാശിനി യി.പി. സ്കൂൾ, ചിറനെല്ലൂർ സെന്റ് ജോസഫ്സ് സ്കൂൾ ഇവ സ്വാന്ത്ര്യ സമ്പാദനത്തിന് വർഷങ്ങൾക്കുമുമ്പുതന്നെ സ്ഥാപിതമായിട്ടുള്ളവയാണ്. ചുരുക്കത്തിൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ പൊതു വിദ്യാഭ്യാസ രംഗത്ത് ചൂണ്ടൽ ഏറെ മുമ്പിലായി ചൂണ്ടലിൽ 1953-ൽ ഫാ. ജി.എഫ്. ചൂണ്ടലിന്റെ സഹായത്തോടെ കർമ്മലീത്താ സന്യാസി സമൂഹം പ്രൈവറ്റ് യു.പി. സ്കൂൾ ആരംഭിക്കുകയും 1965ൽ ഹൈസ്കൂളാക്കി ഉയർത്തുകയും ചെയ്തതോടെ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ യാഥാർത്ഥ്യമായി. 1979 ൽ ഈ വിദ്യാലയം എയ്ഡഡ് സ്കൂളാക്കി ഉയർത്തുമ്പോൾ പതിനാറു ഡിവിഷനുകളും 857 വിദ്യാർത്ഥികളുമാണ് ഉണ്ടായിരുന്നത്.

പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള നേതൃത്വപരമായ ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തേ മതിയാകൂ. ഗുണനിലവാരം എന്നതുകൊണ്ട് വിവക്ഷിക്കേണ്ടത് ഓരോ തലത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളിലേക്ക് മുഴുവൻ കുട്ടികളെയും ഉയർത്തുക എന്നതാണ്. അതിനാണെങ്കിലോ കുട്ടികളുടെ നാനാതരത്തിലുള്ള കഴിവുകളെ കണ്ടെത്തി അവയെ വളർത്താനും വികസിപ്പിക്കാനും ഉതകുന്ന പഠനാനുഭവങ്ങൾ പ്രദാനം ചെയ്യേണ്ടതുണ്ട്. അതുപോലെ പ്രധാനമാണ് ഇത്തരം പഠനാനുഭവങ്ങൾ ഫലപ്രദമായി നൽകാനാവശ്യമായ പരിസരം ഒരുക്കുക എന്നതും. ഇതെല്ലാം കഴിയണമെങ്കിൽ സ്കൂളിനെക്കുറിച്ച് നിലവിലുള്ള ധാരണകളിൽ മാറ്റം വരുത്തണം. ഗുണനിലവാരത്തെ കേവലമായി സമീപിക്കുന്ന നിലവിലെ അവസ്ഥ മാറേണ്ടതുണ്ട് : മാറ്റേണ്ടതുണ്ട്.

ഗുണനിലവാരപ്രശ്നത്തെ സസമഗ്രമായി കാണാൻ കഴിയണം. എല്ലാകുട്ടികളുടെയും വൈകാരികവും വൈചാരികവും ശാരീരികവുമായ സമഗ്രവളർച്ചയാകണം ലക്ഷ്യം. വിദ്യാലയങ്ങൾ, കമ്പോളം ലക്ഷ്യം വയ്ക്കുന്ന തൊഴിൽ ശേഷികളുടെ യാന്ത്രികമായ അഭ്യസനം നടത്തുന്ന കേന്ദ്രങ്ങളായല്ല. മുഴുവൻ കുട്ടികളുടെയും അറിവു കഴിവും നൈപുണികളും വികാസം പ്രാപിക്കുന്ന വേദികളായാണ് മാറേണ്ടത്. ഇത്തരമൊരു പരിവർത്തനത്തിന് നേതൃത്വം നല്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കഴിയണം. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്ന് വിവിധതലങ്ങളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ തെളിയിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച അക്ഷരപുലരിയും പഞ്ചായത്ത് സ്കൂൾ കോംപ്ലക്സുകളും പിന്നീട് ജില്ലാ കൗൺസിലുകൾ ഏറ്റെടുത്ത പദ്ധതികളിലലൂടെയും പിന്നീട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത ഗുണമേന്മയുയർത്താൻ

പ്രവർത്തനങ്ങളിലൂടെയും ലഭിച്ച പാഠങ്ങൾ തുടർന്നങ്ങോട്ട് അനിവാര്യമായി ഏറ്റെടുക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ ആത്മവിശ്വാസവും മിഴിവും നൽകും.

മുൻബഞ്ചുകളിലിരുന്ന ഏതാനും കുട്ടികളുടെ വിദ്യാഭ്യാവശ്യങ്ങൾ മാത്രം പരിഗണിച്ചിരുന്ന പഴയ വിദ്യാഭ്യാസ രീതി നാം മാറ്റിയെടുത്തു. അതിന്റെ പ്രയോജനം  വളരെ വലിയൊരു വിഭാഗത്തിന് ലഭിച്ചു. സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിന്ന കുട്ടികളുടെ വിദ്യാഭ്യാസ പരമായ മുന്നേറ്റം കേരളീയ സമൂഹത്തിന് അനുഭവവേദ്യമായി. പുതിയ പാഠ്യപദ്ധതി ഇക്കാര്യത്തിൽ വഹിച്ച പങ്കിനെ ഒരിക്കലും ലഘൂകരിച്ച് കണ്ടുകൂടാ. വിദ്യാഭ്യാസ പിന്നോക്കാവസ്ഥയിൽ നിന്നും പുറത്തുവരാൻ കഴിയാത്ത ഒരു വിഭാഗം കുട്ടികൾ ഇന്നും നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ട്. മാതൃഭാഷ പോലും അവർക്ക് പ്രശ്നമാണ്. ഇതിനെയെല്ലാം നാം അഭിമുഖീകരിച്ചേ പറ്റൂ. പുതിയൊരു പഠനരീതി ശാസ്ത്രം ഇതിന് ആവശ്യമുള്ള പക്ഷം അതും വികസിപ്പിക്കേണ്ടതുണ്ട്. ഇങ്ങനെയുള്ളവരുടെ വിദ്യാഭ്യാസ പ്രശ്നങ്ങളും സാമാന്യവൽക്കരിച്ച് പൊതുവിദ്യാലയങ്ങളേയും ബഹുഭൂരിപക്ഷം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആവശ്യങ്ങളെ അഭിമുഖീകരിച്ച പാഠ്യപദ്ധതിയേയും ഇകഴ്ത്താനുള്ള ശ്രമം കേരളത്തിൽ നിരന്തരം നടക്കുന്നുണ്ട് എന്നതാണ് പരിതാപകരം. ഇക്കൂട്ടരുടെ ഗൂഢ ലക്ഷ്യങ്ങളെ തുറന്നുകാട്ടികൊണ്ടേ ഇന്ന് പിന്നാക്കം നില്ക്കുന്ന വിദ്യാർത്ഥഥികളുംകൂടി മുഖ്യധാരയുടെ ശ്രമങ്ങൾ ഫലപ്രദമാകൂ.

ഇതിനാവശ്യമുള്ള വിവിധതരം അന്വേഷണങ്ങളും പ്രായോഗിക പ്രവർത്തന പദ്ധതികളും തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉണ്ടാവണം.

അറിവ് (ജ്ഞാനം) അതിനിർണ്ണായകമായ ഇന്നത്തെ ലോകത്ത് അതിജീവിക്കണമെങ്കിൽ അറിവ് സ്വാശീകരിക്കാനുള്ള കുട്ടികളുടെ കഴിവ് വർദ്ധിപ്പിച്ചേ മതിയാവൂ. ഇംഗ്ലീഷ് ഭാഷയിലാണ് ലോകത്ത് അറിവിന്റെ വിനിമയം ഏറിയ പങ്കും നടക്കുന്നത്. ഇംഗ്ലീഷ് പഠനം മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ പ്രാധാന്യം നേടുന്നതിന്റെയും അവർ കുറുക്കുവഴികൾ തേടുന്നതിന്റെയും പശ്ചാത്തലം ഇതാണ്. **മാതൃഭാഷാ പഠനം മെച്ചപ്പെടുത്തയാലേ അന്യഭാഷാ പഠനവും അനായാസകരവും ആസ്വാദകരവുമാകൂ** തുടങ്ങിയ വിദ്യാഭ്യാസ സിദ്ധാന്തങ്ങളെല്ലാം ഇവിടെ അവഗണിക്കപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ മേഖലയിൽ സമൂഹത്തെ ബോധ്യപ്പെടുത്തി ശരിയായ ദിശയിലേക്ക് നയിക്കേണ്ട അധ്യാപകരിൽ ഒരു വിഭാഗം ഈ മാറ്റം തങ്ങളുടെ നിലനില്പിന് സഹായകമാകുമെന്ന് തെറ്റിദ്ധരിച്ച് രക്ഷിതാക്കളുടെ ആവശ്യത്തിന് അനുസൃതമായി നീങ്ങുന്ന ദൗർഭാഗ്യകരമായ അവസ്ഥയുമുണ്ട്. രക്ഷിതാക്കളുടെ ഉത്കണ്ഠ പ്രയോജനപ്പെടുത്തുന്നത് കച്ചവട ശക്തികളാണ് പ്രീസ്കൂൾ തലം മുതൽക്കുള്ള വിദ്യാഭ്യാസ കച്ചവടശാലകൾ അവർ വ്യാപകമായി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. മാതൃഭാഷയിൽ പഠിക്കാനുള്ള കുട്ടികളുടെ അവകാശത്തെ നിഷേധിക്കുന്ന ഒരുപറ്റം പൊതുവിദ്യാലയങ്ങളും ഇങ്ങനെ നമ്മുടെ നാട്ടിൽ മുളച്ചുപൊന്തിയിട്ടുണ്ട്. പ്രശ്നം എളുപ്പവഴിയിൽ പരിഹരിക്കാമെന്ന രക്ഷിതാക്കളുടെ തെറ്റായ ധാരണ തിരുത്തുന്നതിന് പകരം ഒഴുക്കിനനുസരിച്ച് ഒഴുകുകയാണ് പൊതുവിദ്യാലയങ്ങലും അതിലെ ഒരു വിഭാഗം അധ്യാപകരുപോലും ചെയ്യുന്നത്. **പഠനമാധ്യമം മാതൃഭാഷ തന്നെയാകാനും. ഇംഗ്ലീഷ് ഭാഷാപഠനം ഏറ്റവും നല്ലനിലയിൽ നടത്താനുമുള്ള സാഹചര്യം ഒരുക്കുകയാണ്** യഥാർത്ഥത്തിൽ വേണ്ടത്. കുട്ടികളുടെ മനശാസ്ത്രവും പഠനബോധന സിദ്ധാന്തങ്ങളും പ്രയോജനപ്പെടുത്തി ശാസ്ത്രീയമായ പഠന സാഹചര്യം ഒരുക്കാനുള്ള ഒരു വലിയ സാധ്യത ഇന്ന് വിദ്യാലയങ്ങളിലുണ്ട്. അവിടെ പഠനം മാതൃഭാഷയിലായിരിക്കും. ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ അന്യഭാഷഷകളിൽ മികവ് കൈവരിക്കാനുള്ള അവസരങ്ങളും ഈ വിദ്യാലയങ്ങളിൽ ഉണ്ടാകും. ഭാഷകളിൽ മാത്രമല്ല മറ്റ്

വിഷയങ്ങളിലും മികവ് ആർജിക്കാനും അന്തർലീനമായ മുഴുവൻ കഴിവുകളും ശേഷികളും വികസിപ്പിക്കാനുമുള്ള അവസരം കുട്ടികൾക്ക് ഉറപ്പാക്കും. ഓരോ വിദ്യാലയവും അവിടെ നിന്നും പഠനം പൂർത്തിയാക്കുന്ന കുട്ടികൾ കൈവരിക്കുന്ന നേട്ടങ്ങൾ എന്തായിരിക്കുമെന്ന് സമൂഹത്തോട് പ്രഖ്യാപിക്കും. ഈ ലക്ഷ്യം നേടാനുള്ള കൂട്ടായ്മകളുടെ കേന്ദ്രമായി വിദ്യാലയങ്ങൾ മാറും.

ഈ പരിവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുള്ള ഉത്തരവാദിത്വം വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. പ്രാദേശികമായ വൈദഗ്ധ്യവും വിഭവസമാഹരണ സാധ്യതകളും ഏകോപിപ്പിക്കാൻ കഴിയുന്ന പ്രാദേശിക സർക്കാരുകളായി തദ്ദേശഭരണ സ്ഥാപനങ്ങൾ മാറണം. ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങളിൽ ഇടപെടാനുള്ള സാഹചര്യമൊരുക്കുന്നതിനും നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും സമീപനങ്ങളിലും മാറ്റങ്ങൾ വരുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളെ പ്രേരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടത്തേണ്ടിവരും. ഒന്ന് മാറ്റിവെച്ചല്ല മറ്റേത് ചെയ്യേണ്ടത്. രണ്ടും ഒപ്പം നടക്കേണ്ടതാണ്.

## അടിയന്തിരമായി ഉണ്ടാകേണ്ട മാറ്റങ്ങൾ

1. ഗുണമേന്മാ വിദ്യാഭ്യാസത്തിന് നേതൃത്വം നൽകേണ്ട ജില്ലാതല സംവിധാനങ്ങളായ ഡൈറ്റ്, ബി.ആർ.സി. എന്നിവയുടെ മേൽ ജില്ലാപഞ്ചായത്തിനു കൂടുതൽ നിയന്ത്രണങ്ങൾ ഉണ്ടാകേണ്ടതുണ്ട്.
2. വിദ്യാഭ്യാസം, തൊഴിൽ, കലാരംഗത്തെയും കായിക വിനോദരംഗത്തെയും പങ്കാളിത്തം എന്നിവയൊക്കെ വൈവിധ്യമാർന്ന വൈദഗ്ധ്യം ആവശ്യമുള്ളവയാണ്. പ്രാദേശികമായി ലഭ്യമാവുന്ന വൈദഗ്ധ്യം ഏകോപിപ്പിക്കാൻ ഏറ്റവും നന്നായി കഴിയുക പ്രാദേശിക സർക്കാരുകൾക്കാണ്.
3. സ്കൂൾ ഉച്ചഭക്ഷണപരിപാടി കാര്യക്ഷമമാക്കാനും പ്രാദേശികമായ ജനപങ്കാളിത്തം അനിവാര്യമാണ്. ഇതും ഫലപ്രദമായി ഏകോപിപ്പിക്കാൻ കഴിയുക പ്രാദേശിക സർക്കാരുകൾക്കാണ്.
4. പാഠപുസ്തകങ്ങൾ, മറ്റ് പഠനോപാധികൾ, സ്കോളർഷിപ്പുകൾ എന്നി കുട്ടികൾക്ക് യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ കൃത്യമായ മോണിറ്ററിംഗ് വേണം. ഇതിനുള്ള സംവിധാനത്തിന്റെ നേതൃത്വം തദ്ദേശഭരണ സ്ഥാപനങ്ങൾ കയ്യാളണം.
5. ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലെ വിദ്യാലയ പ്രായമെത്താത്ത മുഴുവൻ കുട്ടികൾക്കും മികച്ച പ്രീസ്കൂൾ സംവിധാനം ഒരുക്കികൊടുക്കുകയും അംഗൻവാടികൾ, ബാലവാടികൾ, സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സംവിധാനങ്ങൾ എന്നിവയുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യണം. ഇവയുടെയെല്ലാം ഭൗതികപരിസരവും അക്കാദമിക പരിസരവും ഇന്നുള്ള അനാകർഷകവും അനാഥവുമായ അവസ്ഥയിൽ നിന്നും മാറണം. ഇതിനുകഴിയുമാറ് പ്രീസ്കൂൾ സംബന്ധിച്ച കാഴ്ചപ്പാടും കർമ്മപരിപാടികളും പ്രാദേശിക സർക്കാരുകൾക്ക് ഉണ്ടാകണം.
6. സമ്പൂർണ്ണ 4-ാം ക്ലാസ് പൂർത്തീകരണം ലക്ഷ്യമിടുന്ന കേരളത്തിൽ ഇനിയും 16 ലക്ഷം നിരക്ഷരരുണ്ട് എന്നാണ് സെൻസസ് രേഖകൾ വെളിപ്പെടുത്തുന്നത്. ഒരു തരത്തിലും നീതികരിക്കാൻ കഴിയാത്ത ഒരവസ്ഥയാണിത്. പ്രദേശിക സർക്കാരുകളുടെ മുൻകയ്യിൽ മാത്രമാണ് ഫലപ്രദമായി പരിഹാര നടപടികൾ കൈക്കൊള്ളാൻ കഴിയുക.
7. SSA, RMSA തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വിഹിതം നൽകുന്നതിലപ്പുറം ഇടപ്പെടുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് കഴിയുന്നില്ല. എന്തിനധികം, സംസ്ഥാന സർക്കാരുകൾക്കും

കഴിയുന്നില്ല. ഈ പദ്ധതികൾക്ക് ഇന്ന് ഫണ്ട് നല്കുന്ന രീതിക്ക് സമൂലമായ മാറ്റം അനിവാര്യമാണ്. ഓരോ വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും സവിശേഷ സാഹചര്യങ്ങൾ അഭിമുഖീകരിക്കാൻ കഴിയുന്ന സ്കൂൾ പ്ലാനിനനുസരിച്ച് ഫണ്ട് ലഭിക്കുന്ന സംവിധാനമാണ് വേണ്ടത്. കൂടുതൽ ചിട്ടയായ സാമ്പത്തിക അക്കാദമിക മോണിറ്ററിങ്ങ് ഇത് അനിവാര്യമാക്കും. ഈ ധർമ്മം നിർവ്വഹിക്കാനും പ്രാദേശിക സർക്കാരുകൾക്ക് കഴിയണം.

8. ഈ പ്രവർത്തനങ്ങളോടൊപ്പം വിദ്യാഭ്യാസാവകാശനിയമം തുറന്നു തരുന്ന സാധ്യതകൾ എന്നഭാഗത്ത് പരാമർശിച്ച ഉത്തരവാദിത്വങ്ങൾ പ്രത്യേകിച്ചും ഗുണമേന്മാ വിദ്യാഭ്യാസ കാര്യങ്ങൾ ഫലപ്രദമായി നിറവേറ്റണമെങ്കിൽ അതിനനുസൃതമായ സംവിധാനങ്ങൾക്കുള്ള ആവശ്യം പ്രാദേശിക സർക്കാരുകളുടെ ഭാഗത്ത് നിന്ന് ഉയർന്നു വരികയും വേണം.

## ചില നിർദ്ദേശങ്ങൾ

1. എല്ലാ വിദ്യാഭ്യാസ ഉപജില്ലകളുടെയും സ്ഥല വിസ്തൃതി ബ്ലോക്കിന്റേതിനു തുല്യമാക്കികൊണ്ട് പുനസംഘടിപ്പിക്കണം. ഉപ വിദ്യാഭ്യാസോഫീസറുടെ കീഴിൽ അക്കാദമിക നേതൃത്വം വഹിക്കുന്ന ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ ഓരോ ബ്ലോക്കിലും ഉണ്ടാകണം. നിലവിലുള്ള BRC കളെ ഈ തരത്തിൽ പുനസംഘടിപ്പിക്കണം.
2. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പ്രത്യേക ചുമതലക്കാരൻ വേണം. പ്രാദേശിക സർക്കാരുകളുടെ എല്ലാവിധ പ്രവർത്തനങ്ങളുടെയും ഏകോപനവും ഈ ഓഫീസിനായിരിക്കും.

പുരോഗമന പരമായ മൂല്യങ്ങൾ ഉയർത്തിപിടിച്ച് ആത്മവിശ്വാസത്തോടെ, നാളത്തെ സമൂഹത്തിൽ സക്രിയ പങ്കാളികളാകാനുള്ള അറിവും നൈപുണിയും മനോഭാവവും പുതുതലമുറയിൽ വികസിപ്പിക്കണമെങ്കിൽ വിദ്യാഭ്യാസത്തിന്റെ ജനകീയ തലം വളർത്തിയെടുത്തേ മതിയാകൂ. സമൂഹമാഗ്രഹിക്കുന്ന തരത്തിൽ പഠന പരിസരത്തെയും സ്ഥാപനങ്ങളിൽ പരിവർത്തിപ്പിക്കുവാൻ കേവലം സർഢക്കാരിന്റെ സാമ്പത്തിക മുതൽമുടക്കിലൂടെ മാത്രം കഴിയണമെന്നില്ല. വലിയ തോതിലുള്ള സാമൂഹിക വിഭവ സമാഹരണവും അതിന്റെ ഫലപ്രദവും സുതാര്യവുമായ വിനിയോഗവും അതിനുവേണ്ടതുണ്ട്. അതിന് നേതൃത്വമേകാൻ വികേന്ദ്രീകൃത ഭരണ സംവിധാനങ്ങൾക്ക് മാത്രമേ കഴിയൂ. അതികഠിനമായ ഈ പാത ഏറ്റെടുത്തുകൊണ്ടേ മതനിരപേക്ഷ വിദ്യാഭ്യാസ പരിസരവും മുഴുവൻ കുഞ്ഞുങ്ങളുടേയുടം കഴിവും താൽപര്യവും പരിഗണിക്കുന്ന പൊതുവിദ്യാഭ്യാസ ധാരയും നിലനിർത്താനും മെച്ചപ്പെടുത്താനും കഴിയൂ. ഇത്തരം ഒരു പൊതു വിദ്യാഭ്യാസ ധാര വികസിപ്പിക്കാൻ ആവശ്യമായ നേതൃത്വപരമായ ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കേണ്ടതുണ്ട്. എന്നാൽ അതിനാവശ്യമായ അധികാരങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് പൂർണ്ണമായും കൈമാറി കിട്ടിയിട്ടില്ല. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ രംഗത്തിന്റെയും മുഴുവൻ വിദ്യാർത്ഥികളുടെയും മികവിനായുള്ള പ്രവർത്തനപദ്ധതികൾക്കൊപ്പം ഞങ്ങൾക്ക് ലഭ്യമാകേണ്ട അധികാരങ്ങൾ കരഗതമാവാൻ വേണ്ട സാമൂഹിക രാഷ്ട്രീയ സമ്മർദ്ദങ്ങൾ വികസിപ്പിക്കുക എന്ന ഉത്തരവാദിത്വവും പ്രദേശിക സർക്കാരുകൾക്കുണ്ട്. പ്രാദേശിക സർക്കാരുകൾ ഈ ദിശയിൽ നടത്തുന്ന പ്രവർത്തനങ്ങളെ സഹായിച്ച് ശക്തിപ്പെടുത്തുക എന്നത് ഗുണമേന്മാ വിദ്യാഭ്യാസത്തിന് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനും വേണ്ടി നിലകൊള്ളുന്ന സമൂഹ വിഭാഗങ്ങളുടെ കടമയും ഉത്തരവാദിത്വവുമാണ്.

ഈ പശ്ചാത്തലത്തിലാണ് ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ രംഗം വിശകലനം ചെയ്യുന്നത്.

## സ്കൂളുകളെ കുറിച്ചുള്ള മറ്റ് വിശദാംശങ്ങൾ താഴെ പട്ടികകളിൽ കൊടുക്കുന്നു

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം 96-97 | 20-21 |
|---|---|---|---|---|
| 1. | ഗവ. യു.പി.സ്കൂൾ | സർക്കാർ | 375 | |
| 2. | സെന്റ് തോമസ് യു.പി,സ്കൂൾ പാറന്നൂർ | എയ്ഡഡ് | 148 | |
| 3. | ജി.യു.പി.എസ്. കേച്ചേരി | എയ്ഡഡ് | 656 | |
| 4. | ജി.എൽ.പി.എസ്. കേച്ചേരി | എയ്ഡഡ് | 566 | |
| 5. | എൽ.ഐ.ജി.എച്ച്.എസ്. ചൂണ്ടൽ | എയ്ഡഡ് | 1251 | |
| 6. | സെന്റ് ജോസഫ് എൽ.പി,എസ് ചിറനെല്ലൂർ | എയ്ഡഡ് | 139 | |
| 7. | എം.എം.എൽ.പി.എസ്. പട്ടിക്കര | എയ്ഡഡ് | 120 | |
| 8. | എൻ.എൻ.വി. എസ്. മണലി | എയ്ഡഡ് | 245 | |
| 9. | അൽ-അമീൻ എച്ച്.എസ്. കേച്ചേരി | എയ്ഡഡ് | 542 | |
| 10. | ഐ.ജി.യു.പി.സ്കൂൾ, ചൂണ്ടൽ | 31.3.94 ന് അനധികൃതമായി അടച്ചു | | |
| 11. | ഡി.പോൾ ഇ.എച്ച്.എസ്. ചൂണ്ടൽ | അൺ എയ്ഡഡ് | | |
| 12. | അസീസ്സി ഇ.യു.പി.എസ്. തലക്കോട്ടുകര | അൺ എയ്ഡഡ് | 559 | |
| 13. | മമ്പ ഉൽ ഹുദാ ഇ.യു.പി.എസ്. കേച്ചേരി | അൺ എയ്ഡഡ് | 189 | |
| 14. | വിദ്യാവിഹാർ സ്കൂൾ മഴുവഞ്ചേരി | | | |

# വിദ്യാഭ്യാസം, സംസ്കാരം, യുവജനകാര്യം

ചൂണ്ടലിൽ 1893ൽ സ്ഥാപിച്ച സർക്കാർ ലോവർ പ്രൈമറി സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ഇത് കൊച്ചി രാജ്യത്തെ തന്നെ ആദ്യത്തെ ചുരുക്കം ചില വിദ്യാലയങ്ങളിൽ ഒന്നാണ്. ഈ വിദ്യാലയം 1893 നു മുമ്പുതന്നെ സ്ഥാപിതമായിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. ഇന്നു നിലവിലുള്ള വിദ്യാലയങ്ങളിൽ ചൂണ്ടൽ ഗവ.യു.പി.സ്കൂൾ, കേച്ചേരി ഗവ.എൽ.പി.സ്കൂൾ, പാറന്നൂർ സെന്റ് തോമസ് യു.പി. സ്കൂൾ, കേച്ചേരി ജ്ഞാനപ്രകാശിനി യു.പി.സ്കൂൾ, ചിറനെല്ലൂർ സെന്റ് ജോസഫ് സ്കൂൾ എന്നിവ സ്വാതന്ത്ര്യ സമ്പാദനത്തിന് മുമ്പ് തന്നെ സ്ഥാപിതമായിട്ടുള്ളവയാണ്. ചുരുക്കത്തിൽ സ്വാതന്ത്ര്യ ലബ്ധിക്കുമംുമ്പുതന്നെ പൊതു വിദ്യാഭ്യാസ രംഗത്ത് ചൂണ്ടൽ ഏറെ മുമ്പിലായിരുന്നു. ചൂണ്ടലിൽ 1953ൽ ഫാ. ജി.എഫ്. ചൂണ്ടലിന്റെ സഹായത്തോടെ കർമലീത്ത് സന്യാസി സമൂഹം പ്രൈവറ്റ് യു.പി. സ്കൂൾ ആരുംഭിക്കുകയും 1965 ൽ ഹൈസ്കൂളാക്കി ഉയർത്തുകയും ചെയ്തതോടെ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ യാഥാർത്ഥ്യമായി. 1979ൽ ഈ വിദ്യാലയം എയ്ഡഡ് സ്കൂളായി ഉയർത്തുമ്പോൾ 857 വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. ഇന്ന് എൽ.ഐ.ജി. എച്ച് സ്കൂളിൽ 1020 വിദ്യാർത്ഥികൾ ഉണ്ട്. ഈ നാട്ടുകാരനും പുരോഹിതനുമായ ജി.എഫ്. ചൂണ്ടലിന്റെ ഈ രംഗത്തെ സേവനം സ്തുത്യർഹമാണ്. പ്രസ്തുത വിദ്യാലയം ആരംഭിക്കുന്നതിനു മുമ്പ് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ കുന്നംകുളം, മറ്റം, വേലൂർ സ്കൂളുകളിലേക്ക് കാൽനടയായി പോയിട്ടാണ് ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയിരുന്നത്. എന്നാൽ ഇന്ന് പഴയ സ്ഥിതിയിൽ നിന്നും വളരെയധികം മുന്നോട്ട് പോയിരിക്കുന്നു. ചൊവ്വന്നൂർ ബ്ലോക്കിൽ ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുനിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ 1996 ൽ 28000 ത്തിനടുത്തായിരുന്നു. ഇപ്പോൾ 2011 ൽ 32436 ആണ്. പഞ്ചായത്തിലെ 5 വയസ്സു കഴിഞ്ഞ വിദ്യാർത്ഥികൾ 100% വിദ്യാലയങ്ങളിൽ എത്തുന്നു. സാക്ഷരത 1996ൽ 96% ആയിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും നിരവധി കുട്ടികൾ മറ്റു പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലേക്കും മറ്റുപഞ്ചായത്തുകളിൽനിന്നും ഇവിടേയ്ക്കും വരുന്നുണ്ടെന്ന അശാസ്ത്രീയത നിലനിൽക്കുന്നു. 1996 ലെ നില അപേക്ഷിച്ച് ഇപ്പോൾ 10-ാം ക്ലാസ്സ് പാസ്സാകുന്ന കുട്ടുകളിൽ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തേക്കും, സാങ്കേതിക വിദ്യാഭ്യാസ രംഗത്തേക്കും പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഒന്നാം ക്ലാസ്സിൽ പഠനം ആരംഭിക്കുന്ന ഏതാണ്ട് 100 % ഇപ്പോൾ 10-ാം ക്ലാസ്സിൽ എത്തുന്നുണ്ട്. 10-ാം ക്ലാസ്സിലെ കൂട്ടത്തോൽവി ഇപ്പോൾ പഴങ്കഥയായിട്ടുണ്ട്. അതേ സമയം സർവ്വകലാശാല, പ്രൊഫഷണൽ തലങ്ങളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് പഠന വിഷയമാക്കേണ്ടതുണ്ട്. പഞ്ചായത്ത്ിൽ ആകെ എയ്ഡഡ് മേഖലയിൽ 2, അൺ എയ്ഡഡ് മേഖലയിൽ 4 ഹൈസ്കൂൾ ഉണ്ട്. എയ്ഡഡ് മേഖലയിൽ 2 സർക്കാർ മേഖലയിൽ ഒന്നും യു.പി. സ്കൂളുകളുണ്ട്. എൽ.പി. സ്കൂളുകൾ സർക്കാർ മേഖലയിൽ ഒന്നും, എയ്ഡഡ് മേഖലയിൽ 3 എണ്ണം ഉണ്ട്. ഒരെണ്ണം അംഗീകാരമില്ലാത്ത സ്കൂളും ഉണ്ട്. 2010ൽ അൽഅമീൻ ഹൈസ്കൂളിൽ ഹയർസെക്കന്ററി അനുവദിച്ചു. അൺ എയ്ഡഡ് വിഭാഗത്തിൽ രണ്ട് ഹയർസെക്കന്ററി സ്കൂൾ പ്രവർത്തിച്ചുവരുന്നു. 1996നു ശേഷം എയ്ഡഡ് സ്കൂളുകളോ സർക്കാർ സ്കൂളുകളോ പുതിയതായി ആരംഭിച്ചിട്ടില്ലെങ്കിലും അൺഎയ്ഡഡ് മേഖലയിൽ 2 പുതിയ സ്കൂളുകൾ ആരംഭിക്കുകയുണ്ടായി. അൺ എയ്ഡഡ് മേഖലയിൽ ആരംഭിച്ച സ്കൂളുകൾ എല്ലാം തന്നെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളാ

ണ്. ഭിന്ന ശേഷിക്കാർക്കുള്ള പ്രത്യേക സ്കൂൾ സ്വകാര്യ മേഖലയിൽ എരനെല്ലൂർ പള്ളിക്ക് സമീപം പ്രവർത്തിച്ചുവരുന്നു. 1996ൽ എയ്ഡഡ് സർക്കാർ മേഖലയിൽ 4034 കുട്ടികൾ പഠിച്ചിരുന്നെങ്കിൽ 2016 –2017ൽ അത് 2577 ആയി കുറഞ്ഞു. 1547 കുട്ടികളുടെ കുറവ് ഉണ്ടായി (36%). 1996ൽ ഈ മേഖലയിൽ 131 അദ്ധ്യാപകർ ഉണ്ടായിരുന്നു. 2016–17ൽ ഇത് 110 ആയി കുറഞ്ഞു (16%).

പഞ്ചായത്തിൽ മഴുവഞ്ചേരിയിൽ ഒരു പാരാ–മെഡിക്കൽ സ്ഥാപനം സഹകരണമേഖലയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വികേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ ഏറെ സഹായിച്ചിട്ടുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതിനനുസരിച്ച് മാനേജ്മെന്റുകളുടെ താല്പര്യവും കുറഞ്ഞുവരുന്നതിനാൽ ഭൗതിക സാഹചര്യങ്ങൾ വളരെ പരിതാപകരമാണ്. എന്നാൽ 1996ന് ശേഷമുള്ള അവസ്ഥ പരിശോധിച്ചാൽ പൊതുമേഖലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെട്ടു വരുന്നതായി കാണാം. സാമൂഹ്യ ഇടപെടലുകളും അധ്യാപകരുടെ താല്പര്യവും ആണ് ഇതിന് പ്രധാന കാരണം.

പൊതു വിദ്യാലയങ്ങളിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറഞ്ഞുവരികയാണ് എന്ന് അപഖ്യാതി പ്രചാരത്തിലുണ്ട്. ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് SSA അടക്കമുള്ള സംവിധാനങ്ങൾ, പാഠ്യപദ്ധതി പരിഷ്ക്കാരങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടും ഈ പ്രചാരണം മുഴുവനായി ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല.

ഈ സാഹചര്യത്തിലാണ് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ കേരള സർക്കാർ വിപുലമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നാണ് ഈ പദ്ധതിക്ക് പേര് നൽകിയിട്ടുള്ളത്. സർക്കാർ ഫണ്ടുകൾ മാത്രമല്ല സമൂഹത്തിന്റെ മൊത്തം ശ്രദ്ധയും താല്പര്യവും സമ്പത്തും സമാഹരിച്ചുകൊണ്ട് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക എന്നതാണ് ലക്ഷ്യം. ഇതിന്റെ ആദ്യപടിയായി സംസ്ഥാനതലം മുതൽ സ്കൂൾ തലം വരെ പൊതു വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും രക്ഷാകർത്താക്കളെയും പൊതുസമൂഹത്തെയും ഒരുമിപ്പിച്ചുകൊണ്ട് ഈ യജ്ഞം വിജയിപ്പിക്കാനുള്ള ഏകോപനത്തിന്റെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിരിക്കുന്നു.

20 വർഷം പിന്നിലേക്ക് നോക്കുമ്പോൾ അന്ന് ധാരാളമായി ഉണ്ടായിരുന്ന ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പാടെ അപ്രത്യക്ഷമായിരിക്കുന്നു. പകരം കംപ്യൂട്ടർ സെന്ററുകൾ സ്ഥാനം പിടിച്ചു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്യൂഷൻ സെന്ററുകൾ ഇപ്പോഴും കാണാം. കൂടാതെ നൃത്ത സംഗീത വിദ്യാലയങ്ങൾ, വാദ്യോപകരണ പരിശീലന കേന്ദ്രങ്ങൾ എന്നിവ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു.

1996ൽ പഞ്ചായത്ത് പ്രദേശത്ത് 6 ഗ്രാമീണ വായനശാലകളാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 8 ആയി വർദ്ധിച്ചു. 1996 ലെ നിലയിൽ നിന്ന് പ്രവർത്തനങ്ങൾ കുറെകൂടി മുന്നോട്ട് പോയിട്ടുണ്ടെ

ങ്കിലും പൂർണ്ണമായി എന്ന് പറഞ്ഞുകൂടാ. എല്ലാ വായനശാലകൾക്കും സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ട്. വായനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാനും, സാങ്കേതിക സൗകര്യങ്ങൾ ഉൾപ്പെടുത്താനും പ്രവർത്തനം വൈവിധ്യവൽക്കരിക്കാനും ഉള്ള ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. വിദ്യാലയങ്ങളിലെ ഗ്രന്ഥ ശാലാപ്രവർത്തനം പുരോഗതിയിലാണ്. സാധ്യതകൾ മുഴുവനായി ഉപയോഗപ്പെടുത്തി കുറെകൂടി കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. തുടർ സാക്ഷരതാ രംഗത്തെ പ്രവർത്തനവും കുറെകൂടി കാര്യ ക്ഷമമാക്കേണ്ടിയിരിക്കുന്നു.

ഈ അവസരത്തിൽ കംപ്യൂട്ടർ സാക്ഷരതയുടെ കാര്യം പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ദൈനം ദിന ജീവിതത്തിൽ കംപ്യൂട്ടർ പരിജ്ഞാനം അത്യാന്താപേക്ഷിതമായികൊണ്ടിരിക്കുകയാണ്. ഒരു കംപ്യൂ ട്ടർ സാക്ഷരതായജ്ഞം പഞ്ചായത്ത് ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹ്യ രംഗങ്ങളിൽ ചിലരെയെങ്കിലും നമുക്ക് അനുസ്മരിക്കാതെ പോകുന്നത് ശരിയല്ല. പ്രശസ്ത കവി യൂസഫി കേച്ചേരി, നിയമ പണ്ഡിതൻ എ.വി. മുഹമ്മദ്, ഫാ. ജി. എഫ് ചൂണ്ടൽ, മുൻ എം.എൽ.എ. കെ.പി. അരവിന്ദാക്ഷൻ, സാഹിത്യകാരനായ പി.ടി. ലാസർ, സംസ്കൃത പണ്ഡിതൻ ഭരത പിഷാരടി, ഡോ.രാധാകൃഷ്ണ കൈമൾ, പ്രശസ്ത പുട്ബോളർ ഫിറോസ് എന്നിവർ ഒക്കെത്തന്നെ കാലയവനികക്കുള്ളിൽ മറഞ്ഞു. വിദ്യാഭ്യാസ ആഫീസറായിരുന്ന കുഞ്ഞിറ്റി മാസ്റ്റർ വിഖ്യാത ചിത്രകാരനായ സി.എൻ. പറഞ്ചുകുട്ടി, എന്നിവർ ഇപ്പോഴും നമ്മുടെ കൂടെയുണ്ട്. യാത്രാ സാഹിത്യക്കാരൻ എം.കെ. രാമചന്ദ്രൻ, സിനി ആർട്ടിസ്റ്റ് ഇർഷാദ് തുടങ്ങി പുതുതലമുറയിലെ ഒട്ടേറെപേർ പ്രതീക്ഷ നൽകുന്നു.

സാംസ്കാരിക യുവജന ക്ഷേമ രംഗങ്ങളിൽ വളരെ കാര്യമായ പദ്ധതികൾ നടപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സ്പോർട്സ് ക്ലബ്ബുകൾ കുറയൊക്കെ നിലനിൽക്കുന്നുണ്ടെങ്കിലും ആർട്സ് ക്ലബ്ബുക ളുടെ പ്രവർത്തനം ശോചനീയമാണ്. നല്ല കലാകാരന്മാരും ആസ്വാദകരും കുറഞ്ഞുവരികയാണ്. കായി കരംദത്ത് ORPC പോലുള്ള ചില ക്ലബ്ബുകളുടെ പ്രവർത്തനം അഭിമാനകരമാണ്. ഫുട്ബോളിന്റെ മേഖ ലയിൽ കേച്ചേരിക്ക് ഒരു മേൽവിലാസമുണ്ടായിട്ടുണ്ട്.

പൊതു ഇടങ്ങളും സാംസ്കാരിക പരിപാടികളും കുഞ്ഞുവരുന്നത് അപകടകരമാണ്. സാംസ്കാ രിക യുവജന ക്ഷേമപ്രവർത്തനങ്ങൾക്ക് 13-ാം പഞ്ചവത്സര പദ്ധതിയിൽ പരമാവധി പ്രാധാന്യം നൽക ണമെന്നാണ് സർക്കാർ നിർദ്ദേശിക്കുന്നത്, എന്നാൽ നിലവിലുള്ള സബ്സിഡി നിർദ്ദേശങ്ങൾ ഇതിനു പര്യാപ്തമല്ല.

പൊതു വിദ്യാലയങ്ങളിൽ പ്രത്യേകിച്ച് എൽ.പി, യു.പി. സ്കൂളുകളിൽ കായിക പരിശീലനങ്ങൾക്ക് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. പരിശീലനം നൽകാനുള്ള സംവിധാനങ്ങളും ഇല്ല. പൊതു ജനസഹക രണത്തോടെ ഈ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

വായനശാലകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം ഊർജ്ജസ്വലമാക്കുക, യൂത്ത് ഗോഡിനേ റ്ററെ പഞ്ചായ്ത്തിൽ നിയമിക്കുക, പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ രൂപീകരിക്കുക, പ്രഖ്യാപിത ലക്ഷ്യങ്ങൾ തേടത്തക്കരീതിയിൽ കേരളോത്സവങ്ങളും മേളകളും, പ്രദർശനങ്ങളും സംഘടിപ്പിക്കുക, കലാപരിപാടികൾ അവതരിപ്പിക്കാനും, മികച്ച കലാപരിപാടികൾ ആസ്വദിക്കുന്നതിനും അവസം ഒരു

ക്കുക, ഫിലിം സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക, കായിക-കലാ പ്രതിഭകളെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക തുടങ്ങിയ പദ്ധതികളും പരിപാടികളുമാണ് ഗ്രാമ പഞ്ചായത്ത് മുന്നോട്ട് വെക്കുന്നത്.

## പ്രശ്നങ്ങൾ

1. ആധുനിക കാലഘട്ടത്തിനനുസരിച്ച് എല്ലാ വിദ്യാലയങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ വളരെ പിന്നോക്കാവസ്ഥയിലാണ്. ക്ലാസ്സ് മുറികൾ, ഫർണീച്ചർ, ലാബ്, ഗ്രന്ഥശാലയും വായനശാലയും, സ്റ്റാഫ് റൂം, കളിസ്ഥലം, ശുചിത്വ സംവിധാനങ്ങൾ തുടങ്ങി എല്ലാ രംഗങ്ങളിലും ന്യൂനതകളും അഭാവങ്ങളും നിലനിൽക്കുന്നു. ചുറ്റുമതിൽ, പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക്, കൃഷിസ്ഥലം, തുടങ്ങിയ സംവിധാനങ്ങളും ആവശ്യമാണ്.

2. അക്ഷരജ്ഞാനം, അക്കജ്ഞാനം, ഗണിതങ്ങളിലെയും, ഭാഷകളിലെയും അടിസ്ഥാന ശേഷി എന്നിവയിൽ പലകുട്ടികളും പിന്നിലാണ്.

3. അതാത് ക്ലാസ്സുകളിൽ ആർജിക്കേണ്ട ശേഷി ആർജിച്ചു എന്ന് ഉറപ്പ് വരുത്തുവാൻ കഴിയുന്നില്ല.
4. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ ക്ലാസ്മുറികളിൽ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ അപര്യാപ്തമാണ്.
5. അവയുടെ ഉപയോഗം കാര്യക്ഷമമാക്കാൻ ആവശ്യമായ പരിശീലനവും അനുഭവവും താല്പര്യവും അധ്യാപകർക്ക് വേണ്ടത്ര ഉണ്ടോ എന്ന് സംശയമാണ്.
6. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ താല്പര്യപൂർവ്വം ശ്രദ്ധിക്കാനും, ഇടപെടുവാനും ആവശ്യമായ പരിശീലനം വേണ്ടത്ര ലഭിക്കുന്നില്ല. താല്പര്യക്കുറവും പ്രകടമാണ്.
7. കുട്ടികളുടെ സാഹിത്യ, കലാ, കായിക രംഗങ്ങളിലെ അഭിരുചികൾ കണ്ടെത്തി പരിശീലിപ്പിക്കാനും, പ്രോത്സാഹിപ്പിക്കാനും, വേണ്ടത്ര സാഹചര്യങ്ങൾ ഇല്ല.
8. രക്ഷാകർത്താക്കൾ സമൂഹവും വിദ്യാലയവും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.
9. പരിസരങ്ങളിലെ വിവിധ രംഗങ്ങളിലുള്ള വിദഗ്ധരുടെയും കലാകാരന്മാരുടെയും സേവനം വേണ്ടത്ര ലഭ്യമാക്കുന്നില്ല.
10. SSA സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.
11. സ്കൂൾ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ മോണിറ്ററിങ്ങ് നടത്തുന്നില്ല.
12. PEC പ്രവർത്തനം ഉദ്ദേശ്യങ്ങൾക്ക് അനുസരിച്ച് നടക്കുന്നില്ല.
13. ഉച്ചഭക്ഷണ-പോഷകാഹാര പരിപാടികൾ ഏറെക്കുറെ തൃപ്തികരമായി നടക്കുന്നുണ്ട്. പക്ഷെ പ്രഭാത ഭക്ഷണ പരിപാടി എയ്ഡഡ് സ്കൂളികളിൽ ഏങ്ങിനെ നടപ്പിലാക്കാൻ സാധിക്കും എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു.
14. അത്തലറ്റിക് കോച്ചിങ്ങിന് പല സ്കൂളുകളിലും സൗകര്യങ്ങൾ ഇല്ല.
15. കുട്ടികളിൽ വ്യായാമ കാര്യങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ല.

## ദീർഘകാല പരിപ്രേക്ഷ്യം

1. വിദ്യാലയങ്ങൾ തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ആവശ്യമായ സാമ്പത്തികം അടക്കമുള്ള സഹായങ്ങൾ ലഭ്യമാക്കാൻ ത്രിതല പഞ്ചായത്തുകൾ, എം.എൽ.എ., എം.പി., സർക്കാർ, വ്യക്തികൾ, സ്ഥാപനങ്ങൾ, സമൂഹം എന്നിവയുടെ സേവനം

ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾക്ക് പഞ്ചായത്ത് നേതൃത്വം നൽകും.

2. സ്കൂൾ സംഘടനകൾ (PTA,SMC, OSA തുടങ്ങിയ) ശക്തമാക്കാൻ ആവശ്യമായ പരിപാടികൾ ആവിഷ്കരിക്കണം. ഇതിന് പ്രോത്സാഹനം നൽകത്തക്കരീതിയിൽ ഏറ്റവും നല്ല സംഘടനകളെ പഞ്ചായത്ത് തലത്തിൽ തിരഞ്ഞെടുക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്യും.
3. പഞ്ചായത്ത് തലത്തിൽ വിവിധ മേഖലയിൽ സേവനം നൽകാൻ താല്പര്യമുള്ള വൈദഗ്ധ്യം ഉള്ളവരെ കണ്ടെത്തി വിദ്യാലയങ്ങളുമായി ബന്ധിപ്പിക്കും.
4. കലാ, സാഹിത്യ, കായിക രംഗങ്ങളിൽ അഭിരുചി കണ്ടെത്താൻ വേണ്ടി ശാസ്ത്രീയ പരിപാടികൾ സംഘടിപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നല്കാൻ സംവിധാനം ഒരുക്കും.
5. പഠന കാര്യങ്ങളിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി മുന്നിലെത്തിക്കാൻ അവശ്യമായ സഹായ സംവിധാനങ്ങൾ നടപ്പാക്കും.
6. വിദ്യാലയ ആരോഗ്യപരിപാടി കൃത്യമായും കാര്യക്ഷമമായും നടപ്പിലാക്കും. കുട്ടികൾക്ക് ഹെൽത്ത് കാർഡ് നൽകുകയും അവശ്യമായ മറ്റ് പിന്തുണ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.
7. രക്ഷാകർത്താക്കൾക്കും, സമൂഹത്തിനും പൊതുവിദ്യാലയ സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തണം. ആവശ്യമായ പരിപാടികൾ ആകർഷകമായും സമയ ബന്ധിതമായും നടപ്പിലാക്കും.
8. വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പുകൾ ഉന്നത പഠന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നടത്തപ്പെടുന്ന പിരീക്ഷകൾക്ക് ആവശ്യമായ പരിശീലനം നൽകും.
9. 10 വർഷത്തിനുള്ളിൽ പഞ്ചായത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റും.
10. ഓരോ വർഷവും പൊതു വിദ്യാലയങ്ങളിലെ പ്രവേശനം 10 % എങ്കിലും വർദ്ധിപ്പിക്കാൻ സമയബ്ധിതമായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം.
11. അധ്യാപകരുടെയും വിവിധ രംഗങ്ങളിലെ വിദഗ്ധരുടെയും കലാകാരന്മാരുടെയും ,സംഘം രൂപീകരിക്കൽ (അധ്യാപക ബാങ്ക്).

### 1.11 : വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം – അടിസ്ഥാന വിവരങ്ങൾ
### (1) വിദ്യാലയങ്ങളും വിദ്യാർത്ഥികളും അദ്ധ്യാപകരും

| വിദ്യാലയങ്ങൾ | കുട്ടികളുടെ എണ്ണം ക്ലാസടിസ്ഥാനത്തിൽ | | | | | | | | | | | | | ആകെ | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പ്രീ പ്രൈമറി | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | | |
| 16+1 | 238 | 475 | 487 | 467 | 437 | 537 | 647 | 603 | 658 | 738 | 655 | 253 | 256 | 6214 | 130 + Unaided Trs |

**(3) അങ്കണവാടികളിലുള്ള കുട്ടികളുടെ എണ്ണം**

| അങ്കണവാടികളുടെ എണ്ണം | ആകെ കുട്ടികളുടെ എണ്ണം | | ആകെ |
|---|---|---|---|
| | ആൺ | പെൺ | |
| 30 | 181 | 186 | 367 |

## 2026–27 പദ്ധതിനിർദ്ദേശങ്ങൾ

1. കായിക വികസനത്തിന് വേണ്ടി സ്പോട്സ് കൌൺസിൽ രൂപീകരിക്കുക
2. പഞ്ചായത്തിന് പൊതുവായൊരു കളിസ്ഥലം
3. ജി.യു.പി.എസ് ചൂണ്ടൽ സ്ക്കൂൾ ഗ്രൌണ്ട് നവീകരണം
4. 5 വയസ്സ് മുതലുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം
5. ക്ലബ്ബുകളുടെ സേവനം സ്ക്കൂളുകൾക്കും നൽകുക
6. പഞ്ചായത്ത് തലത്തിൽ പി.എച്ച്.സി കോഴ്സ്
7. എല്ലാ വായനശാലകൾക്കും ഇന്റർനെറ്റ് സൌകര്യം
8. യുവതി യുവാക്കൾക്ക് തൊഴിൽമേള
9. യൂത്ത് ഐക്കൺ അവാർഡ്
10. ക്ലബ്ബുകളുടെ സേവനം, പ്രവർത്തനം എന്നിവ വിലയിരുത്തി പുരസ്ക്കാരം
11. ലഹരി വിരുദ്ധ ക്യാമ്പയിൻ ബോധവൽക്കരണ ക്ലാസ്സുകൾ
12. ഡിജിറ്റൽ ക്ലാസ്സ് റൂം ഫെസിലിറ്റി
13. ബാന്റ് സെറ്റ് ഇൻസ്ട്രുമെന്റും പരിശീലനം നൽകൽ
14. ആസ്ട്സ്, സ്പോർട്സ്, ക്രാഫ്റ്റ് (ആർ.പി സേവനം)
15. മാലിന്യസംസ്ക്കരണ യൂണിറ്റുകൾ
16. സ്പെഷ്യൽ എജ്യുക്കേഷണൽ സേവനം
17. ചൈൽഡ് ഫ്രണ്ട്ലി & ഓഫീസ് ഫർണീച്ചർ
18. ജി.യു.പി.എസ് സ്ക്കൂളിൽ, അടുക്കള, ഭക്ഷണശാല
19. ഇൻഡോർ ഗെയിംസ് കളിക്കുന്നതിനായി വെഹിക്കിൾ ഷെഡ് ക്ലോസ്സ് ചെയ്യുക
20. പ്രതിഭാപ്രോത്സഹനം
21. LSS, USS, NMM പരിശീലനം
22. GUPS ലേയ്ക്ക് സിഗനൽ ബോർഡ്, ആമ്പ്ളിഫെയർ
23. പ്രഭാതഭക്ഷണം വിതരണം
24. കുടിവെള്ളസൌകര്യത്തിനായി വാട്ടർഫിൽറ്റർ
25. സ്ക്കൂൾ കണ്ടിജൻസ് ചെലവുകൾക്ക് തുക അനുവദിക്കൽ

# 2025-26 വാർഷിക പദ്ധതി അവസ്ഥാരേഖ

| Project No | ProjectName | ProjType | ImplOfficerName | Tot | TotExp | Status |
|---|---|---|---|---|---|---|
| 19 | ചൂണ്ടൽ സബ് സെൻററ് റോഡ് റീടാറിംഗ് വാർഡ് 2 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 100000 | 0 | Tendered |
| 20 | പട്ടിക്കര കിഴക്കുമുറി റോഡ് മെയിൻറനൻസ് വാർഡ് 5 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 183531 | 0 | Completed |
| 22 | കുണ്ടാറ റോഡ് റീടാറിംഗ് വാർഡ് 9 | New | (തസ്വഭവ) | 448671 | 0 | Ongoing |
| 25 | പി എച്ച് സി മെയിന്റനൻസ് | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 458460 | 0 | Send to TS Details Entry |
| 31 | കണ്ടംചിറ സൂര്യഗ്രാമം റോഡ് മെയിൻറനൻസ് വാർഡ് 1 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 995913 | 995911 | Completed |
| 32 | നവജീവൻ മുതൽ സൂര്യഗ്രാമം സെൻററ് വരെ കാന നിർമ്മാണം വാർഡ് 1 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 400000 | 0 | Send to TS Details Entry |
| 37 | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് നിർമ്മാണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 156150 | 0 | Send to TS Details Entry |
| 42 | അൽ അമീൻ റോഡ് മെയിൻറനൻസ് | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 175000 | 0 | Send to TS Details Entry |
| 43 | സൌഹൃദ റോഡ് മെയിൻറനൻസ വാർഡ - 14 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 175000 | 0 | Send to TS Details Entry |
| 45 | ചെറുതോടുകളുടെ സംരക്ഷണം പാറന്നൂർ പെരുമണ്ണ് | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 600000 | 0 | Send to TS Details Entry |
| 46 | പാറന്നൂർ ചീപ്പിന് ഫൈബർ ഷട്ടർ സ്ഥാപിക്കൽ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 75000 | 0 | Send to TS Details Entry |
| 47 | ലാവിഷ് റോഡ് മെയിൻറനൻസ വാർഡ - 17 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 675000 | 0 | Tendered |
| 49 | കുരുത്തിച്ചാൽ റോഡ് ഐറിഷ് ഡ്രൈൻ നിർമ്മാണം വാർഡ് 3 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 260697 | 0 | Completed |
| 50 | ആയമുക്ക് ചിറനെല്ലൂർ റോഡ് ഐറിഷ് ഡ്രൈൻ വാർഡ് 7 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 431489 | 0 | Completed |
| 51 | മണലി തലക്കോട്ടുകര റോഡ് കാന നിർമ്മാണം വാർഡ് 8 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Send to TS Details Entry |
| 52 | തൂവാനൂർ വെട്ടുകാട് റോഡ് കാന നിർമ്മാണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 500000 | 0 | Tendered |
| 54 | പാറന്നൂർ നെല്ല് സംഭരണകേന്ദ്രം വഴി റീടാറിംഗ് വാർഡ് 3 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 300000 | 0 | Tendered |
| 55 | നടുവട്ടം പട്ടിക്കര റോഡ് മെയിൻറനൻസ വാർഡ് 4 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 650000 | 0 | Tendered |
| 56 | പറപ്പൂക്കാവ് കോളനി റോഡ് മെയിൻറനൻസ് വാർഡ് 4 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 250000 | 0 | Tendered |
| 101 | പട്ടിക്കര കുരുതിച്ചാൽ റോഡ് മെയിൻറനൻസ് വാർഡ് 5 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 498462 | 0 | Ongoing |
| 102 | പട്ടിക്കര കപ്രശ്ശേരി റോഡ് മെയിൻറനൻസ വാർഡ് 6 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 300000 | 0 | Tendered |
| 103 | ചിറനെല്ലൂർ ജറുസലേം റോഡ് മെയിൻറനൻസ് വാർഡ് 6 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 250000 | 0 | Tendered |
| 104 | ചിറനെല്ലൂർ ആശാരി റോഡ് മെയിൻറനൻസ് വാർഡ് 6 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 250000 | 0 | Tendered |
| 118 | ചന്ദ്രേട്ടൻ റോഡ് മെയിൻറനൻസ് വാർഡ് 7 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Tendered |
| 119 | മണലി ചിറനെല്ലൂർ റോഡ് റീടാറിംഗ് വാർഡ 8 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 400000 | 0 | Tendered |
| 130 | തലക്കോട്ടുകര മഴുവഞ്ചേരി റോഡ് റീടാറിംഗ് വാർഡ് 9 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 400000 | 0 | Tendered |
| 131 | മഴുവഞ്ചേരി പുത്തൂർ റോഡ് മെയിൻറനൻസ് രണ്ടാം ഘട്ടം വാർഡ് 10 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 250000 | 0 | Tendered |

| | | | | | | |
|---|---|---|---|---|---|---|
| 132 | എരനെല്ലൂർ മത്തനങ്ങാടി റോഡ് മെയിൻറനൻസ് വാർഡ് 11 ആൻഡ് 12 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 1455175 | 1455167 | Completed |
| 133 | പതിയൻ റോഡ് മെയിൻറനൻസ വാർഡ 13 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 300000 | 0 | Ongoing |
| 136 | പെരുമണ്ണ് കുടിവെള്ള പദ്ധതി ലൈൻ എക്സ്ററൻഷൻ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 100000 | 0 | Ongoing |
| 167 | കുരുതിച്ചാൽ റോഡിലെ കാനയ്ക്ക് സ്ലാബ് ഇടൽ വാർഡ് 3 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Tendered |
| 168 | മണലി ആയമുക്ക് റോഡിലുള്ള പൂത്തോട് സൈഡ് പ്രൊട്ടക്ഷൻ വാർഡ് 7 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Send to TS Details Entry |
| 169 | പെരുമണ്ണ് പെരിങ്ങിണി തോട് ഷട്ടർ സ്ഥാപിക്കൽ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 100000 | 0 | Send to TS Details Entry |
| 173 | ജാൻസി അങ്കണവാടിയിലേക്ക് ബോർവെൽ സ്ഥാപിക്കൽ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 500000 | 0 | Send to TS Details Entry |
| 174 | ഇട്ട്യേച്ചൻ റോഡ് സൈഡ് സംരക്ഷണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 500000 | 0 | Send to TS Details Entry |
| 175 | ചൈതന്യ റോഡ് ടാറിംഗ് വാർഡ് 18 | New | (തസ്വഭവ) | 439490 | 0 | Ongoing |
| 176 | ഹാജി അബ്ദുൾ റഹിമാൻ റോഡ് നിർമ്മാണം വാർഡ് 5 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 300000 | 0 | Tendered |
| 177 | പള്ളിത്തോട് സൈഡ് കെട്ടൽ വാർഡ് 3 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 400000 | 0 | Send to TS Details Entry |
| 178 | ചിറ മുതൽ കക്കട തോട് വരെ റോഡ് നിർമ്മാണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 100000 | 0 | Send to TS Details Entry |
| 179 | ആയുർവേദ ഹോസ്പിറ്റൽ അറ്റകുറ്റ പണി | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 100000 | 0 | Send to TS Details Entry |
| 180 | കുട്ടൻ തോട് സൈഡ് സംരക്ഷണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Send to TS Details Entry |
| 181 | മണലി കോളനി കുടിവെള്ളപദ്ധതി ടാങ്ക് നിർമ്മാണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 50000 | 0 | Send to TS Details Entry |
| 183 | ചിറപറമ്പ് പാടശേഖരം തോട് നിർമ്മാണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 647770 | 0 | Send to TS Details Entry |
| 196 | മണലി എൽ പി സ്ക്കൂൾ റോഡ് റീടാറിംഗ് വാർഡ് 8 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 298589 | 0 | Ongoing |
| 198 | റെനിൽ റോഡ് മെയിൻറനൻസ വാർഡ 14 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 135000 | 0 | Tendered |
| 200 | നെഹ്രുജി റോഡ് മെയിൻറനൻസ വാർഡ 14 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 175000 | 0 | Send to TS Details Entry |
| 201 | മേലേക്കാവ് അമ്പലം റോഡ് 3-0 ഘട്ടം മെയിൻറനൻസ് വാർഡ് 16 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Ongoing |
| 202 | വെട്ടുകാട് ട്യൂബ് ലൈറ്റ് റോഡ് മെയിൻറനൻസ് വാർഡ് 16 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 350000 | 0 | Ongoing |
| 203 | തായങ്കാവ് റോഡ് മെയിൻറോഡ മെയിൻറനൻസ് വാർഡ് 16 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 800000 | 417739 | Completed |
| 204 | മുസ്ലിം പള്ളി റോഡ് റീടാറിംഗ് വാർഡ് 18 | New | (തസ്വഭവ) | 500000 | 0 | Tendered |
| 205 | പട്ടിക്കര ചീപ്പ് റോഡ് മുതൽ പാറന്നൂർ ചിററോഡ് വരെ മെയിൻറനൻസ് വാർഡ് 6 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 100000 | 0 | Send to TS Details Entry |
| 209 | സെഞ്ച്വറി റോഡ് മെയിൻറനൻസ ആൻറ ഐറിഷ് ഡ്രൈൻ വാർഡ് 17 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 325000 | 0 | Tendered |
| 212 | രശ്മി അങ്കണവാടി ഹാൾ സീലിംഗ് | New | (തസ്വഭവ) | 250000 | 0 | Tendered |
| 255 | പെരുമണ്ണ് ചിറ പരിസരത്ത് ഓപ്പൺ ജിം സ്ഥാപിക്കൽ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 250000 | 0 | |
| 263 | പൊതുകിണർ അറ്റകുറ്റപണി | SO | (തസ്വഭവ) | 391160 | 356231 | Completed |
| 264 | ശാന്തിനഗർ റോഡ് മെയിന്റനൻസ് വാർഡ് 14 | SO | (തസ്വഭവ) | 220941 | 146823 | Completed |
| 265 | ആയമുക്ക് പുഴ റോഡ് മെയിൻറനൻസ വാർഡ് 7 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 272838 | 272836 | Completed |

| | | | | | | |
|---|---|---|---|---|---|---|
| 266 | മഴുവഞ്ചേരി പുത്തൂർ റോഡ് മെയിൻറനൻസ് വാർഡ് 10 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 266772 | 0 | Ongoing |
| 267 | മന സബ് റോഡ് നിർമ്മാണം വാർഡ് 1 | SO | (തസ്വഭവ) | 375215 | 369679 | Completed |
| 268 | ഗ്രാമീണ വായനശാലയ്ക്ക് റീഡിംഗ് റൂം നിർമ്മാണം-വാർഡ് 15 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 198961 | Completed |
| 269 | മണലി മദ്രസ്സ റോഡ് റെസ്റ്റോറേഷൻ വാർഡ് 7 | SO | (തസ്വഭവ) | 380000 | 363331 | Completed |
| 270 | ശാന്തിനഗര് റോഡ് റെസ്റ്റോറേഷൻ വാർഡ് 14 | SO | (തസ്വഭവ) | 240000 | 224523 | Completed |
| 271 | മഹാത്മാഗാന്ധി സബ് റോഡ് നിർമ്മാണം വാർഡ് 1 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 496065 | 480717 | Completed |
| 272 | കുന്നത്തങ്ങാടി റോഡ് ഡ്രൈനേജ് | SO | (തസ്വഭവ) | 130641 | 31388 | Completed |
| 273 | ചൂണ്ടൽ മേലേക്കാവ് അമ്പലം റോഡ് മെയിന്റനൻസ് വാർഡ് 16 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 251374 | 0 | Completed |
| 274 | പാറന്നൂർ റോഡ് മെയിൻറനൻസ ഏൻറ ഐെറിഷ് ഡ്രൈൻ വാർഡ് 3 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 489162 | 489161 | Completed |
| 275 | ഘടക സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ നവീകരണം | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 418000 | 0 | Ongoing |
| 276 | ഹാപ്പിനെസ്സ് പാർക്ക് -പെരുമണ്ണ് ചിറ | SO | (തസ്വഭവ) | 450000 | 341072 | Ongoing |
| 277 | പയ്യൂർ കുടിവെള്ളപദ്ധതി | SO | (തസ്വഭവ) | 370000 | 0 | Ongoing |
| 278 | ചൂണ്ടൽ കുടുംബാരോഗ്യകേന്ദ്രം അറ്റകുറ്റപണി ആൻഡ് മുറ്റം ഇന്റർലോക്ക് കട്ടവിരിക്കൽ | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 1065000 | 672107 | Completed |
| 279 | മണലി കുരിശുപള്ളി റോഡ് റീടാറിംഗ് വാർഡ 8 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 306013 | 306013 | Completed |
| 280 | കണിപ്പാലം മെയിന്റനൻസ് വാർഡ് 16 | SO | (തസ്വഭവ) | 50000 | 46547 | Completed |
| 281 | പെരുമല എസ് സി കോളനി റോഡ് മെയിന്റനൻസ് വാർഡ് 11 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 270629 | 270628 | Completed |
| 282 | കാർഷിക വിജ്ഞാനകേന്ദ്രത്തിന് ബോർവെൽ സ്ഥാപിക്കൽ ഇലക്ട്രിഫിക്കേഷൻ | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 250914 | 0 | Completed |
| 283 | തായങ്കാവ് 47ാം നമ്പർ അങ്കണവാടിയിലേക്ക് ബോർ വെൽ സ്ഥാപിക്കൽ | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Ongoing |
| 284 | പ്രവദ വായനശാലയ്ക്ക് ശൌചാലയം നിർമ്മിക്കൽ | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 330000 | 0 | Ongoing |
| 285 | കുഞ്ഞിത്തോട് വഴിയുടെ സബ് റോഡ് വാർഡ 3 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 180000 | 0 | Ongoing |
| 286 | ചിറനെല്ലൂർ റേഷൻ കട റോഡ് ഐറിഷ് ഡ്രൈൻ വാർഡ് 7 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 305000 | 293157 | Completed |
| 287 | ചിത്തിര റോഡ് മെയിന്റനൻസ് ആൻഡ് ഐറിഷ് ഡ്രൈൻ വാർഡ് 2 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 300000 | 0 | Ongoing |
| 288 | കാർഗിൽ 2 റോഡ് മെയിൻറനൻസ വാർഡ് 11 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 644736 | 644735 | Completed |
| 289 | ഇന്ദിരനഗർ റോഡ് റീടാറിംഗ് വാർഡ് 14 | SO | (തസ്വഭവ) | 350000 | 0 | Ongoing |
| 290 | എം സി എഫ് നവീകരണം | SO | (തസ്വഭവ) | 1188080 | 0 | Ongoing |
| 291 | ചക്കാലപറമ്പിൽ റോഡ് റെസ്റ്റോറേഷൻ | SO | (തസ്വഭവ) | 300000 | 270976 | Completed |
| 292 | ദേവി കമ്മറ്റി റോഡ് കോൺക്രീറ്റിംഗ് വാർഡ് 16 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 186700 | 183857 | Completed |
| 293 | കേച്ചേരി ജി എൽ പി സ്കൂൾ മെയിന്റനൻസും സ്റ്റേജ് നവീകരണവും | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 437100 | 0 | Ongoing |
| 294 | ചിറ റോഡ് മെയിന്റനൻസ് വാർഡ് 13 | SO | (തസ്വഭവ) | 174119 | 174118 | Completed |
| 295 | ജലരക്ഷ ജീവരക്ഷ ചേനകുളം നവീകരണം | SO | (തസ്വഭവ) | 956200 | 855265 | Completed |
| 296 | പഴയ ഇലക്ട്രിസിററി റോഡ് മെയിൻറനൻസ വാർഡ് 12 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 321248 | 321246 | Completed |
| 297 | ഹാപ്പിനെസ്സ് പാർക്ക്-പാറന്നൂർ-കുരുത്തിച്ചാൽ പച്ചതുരുത്ത് | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 300000 | 0 | Ongoing |
| 298 | അകംപാടം റോഡ് മെയിൻറനൻസ വാർഡ് 2 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 413899 | 391205 | Completed |
| 299 | വെട്ടുകാട് സബ് റോഡ് ടാറിംഗ് വാർഡ് 16 | SO | (തസ്വഭവ) | 321930 | 316426 | Completed |

| | | | | | | |
|---|---|---|---|---|---|---|
| 300 | നെടിയേത്ത് റോഡ് റെസ്റ്റോറേഷൻ വാർഡ് 1 | SO | (തസ്വഭവ) | 210000 | 0 | Ongoing |
| 301 | പഞ്ചായത്ത് ഓഫീസിലെ ടോയ് ലെറ്റ് നവീകരണവും അടിയന്തിര മെയിന്റനൻസും | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 53467 | 0 | Ongoing |
| 302 | തായങ്കാവ് ബ്രാഞ്ച് റോഡ് ആദ്യഭാഗം റോഡ് റീ ടാറിംഗ് വാർഡ് 17 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 81016 | 81014 | Completed |
| 303 | മണലി ചിറനെല്ലൂർ റോഡ് മെയിൻറനൻസ വാർഡ് 6 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 183154 | 182304 | Completed |
| 304 | പുതുവീട്ടിൽ റോഡ് മെയിൻറനൻസ വാർഡ് 6 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 119027 | 119027 | Completed |
| 305 | ഹോമിയോ ഡിസ്പെൻസറി മരാമത്ത് പ്രവൃത്തികൾ | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 273720 | 0 | Completed |
| 306 | റെനിൽ കോളനി കുടിവെള്ളപദ്ധതി ബോർവെൽ സ്ഥാപിക്കൽ വാർഡ് 14 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Ongoing |
| 307 | ചൂണ്ടൽ ജി യു പി സ്കൂൾ മെയിൻറനൻസ് | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 603300 | 487320 | Completed |
| 308 | അസിസ്ററൻറ എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം വാടക തുക നൽകൽ | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 414000 | 276000 | Ongoing |
| 309 | ആയമുക്ക് ചിറനെല്ലൂർ റോഡ് ഐറിഷ് ഡ്രൈൻ വാർഡ് 7 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 120000 | 105322 | Completed |
| 310 | പണിക്കർ സബ് റോഡ് നിർമ്മാണം വാർഡ് 3 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 137500 | 137435 | Completed |
| 311 | ആളൂർ റോഡിൽ നിന്ന് പിഷാരിക്കൽ റോഡ് റിടാറിംഗ് ആൻറ് ഐറിഷ് | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 460050 | 460042 | Completed |
| 312 | പോത്തുകുളം ഇടവഴി റോഡ് നിർമ്മാണം പൂർത്തീകരണം വാർഡ് 5 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 806625 | 709390 | Completed |
| 313 | ചക്കാലപറമ്പിൽ റോഡ് റീടാറിംഗ്-വാർഡ് 7 | SO | (തസ്വഭവ) | 270000 | 248781 | Completed |
| 314 | ചിറപറമ്പ് റോഡ് കാന നിർമ്മാണം | SO | (തസ്വഭവ) | 466102 | 0 | Ongoing |
| 315 | കുറ്റയ്ട്ടുകര റോഡ് റീടാറിംഗ് വാർഡ് 8 | SO | (തസ്വഭവ) | 618250 | 618250 | Completed |
| 316 | സെഞ്ചറി റോഡ് റീ ടാറിംഗ് വാർഡ് 17 | SO | (തസ്വഭവ) | 338407 | 338407 | Completed |
| 317 | ചീനായിൽ പാടത്തേയ്ക്കുള്ള റോഡ് റീടാറിംഗ് വാർഡ് 4 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 400000 | 0 | Ongoing |
| 318 | റെനിൽ കോളനി റോഡ് മെയിൻറനൻസ വാർഡ് 14 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 161159 | 160025 | Completed |
| 319 | പെരുമണ്ണ് അംഗൻവാടി നവികരണം | SO | (തസ്വഭവ) | 210310 | 0 | Ongoing |
| 320 | പതിയൻ റോഡ് റീ ടാറിങ് വാർഡ് 13 | SO | (തസ്വഭവ) | 215691 | 215691 | Completed |
| 321 | ചോട്ടിലപ്പാറ ചീപ്പ് ഷട്ടർ സംര്കഷണം-വാർഡ് 15 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 120000 | 0 | Ongoing |
| 322 | മണലി മദ്രസ്സ റോഡ് റീടാരിംഗ് വാർഡ് 7 | SO | (തസ്വഭവ) | 375718 | 251152 | Completed |
| 323 | ആയമുക്ക് ചിറനെല്ലൂർ റോഡ് റീടാറിംഗ് ഐറിഷ് ഡ്രൈൻ | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 47218 | 0 | Completed |
| 324 | ടേക്ക് എ ബ്രേക്ക് തുടർപ്രവർത്തനങ്ങൾ | SO | (തസ്വഭവ) | 158138 | 109503 | Completed |
| 325 | സ്വരാജ് റോഡ് പൂർത്തീകരണം വാർഡ് 18 | SO | (തസ്വഭവ) | 129592 | 129590 | Completed |
| 326 | വെളുത്തേടത്ത് റോഡ് മെയിൻറനൻസ വാർഡ് 7 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 196985 | 196984 | Completed |
| 327 | പഴയ ഇലക്ട്രിസിററി റോഡ് മെയിൻറനൻസ വാർഡ് 4 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 86394 | 86394 | Completed |
| 328 | തൂവ്വാന്നൂർ വെട്ടുക്കാട് റോഡ് മെയിന്റനൻസ് വാർഡ് 15 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 219525 | 168898 | Completed |
| 329 | നെടിയേടത്ത് റോഡ് മെയിൻറനൻസ വാർഡ് 1 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Ongoing |
| 330 | മേലേക്കാവ് കുടിവെള്ളപദ്ധതി | SO | (തസ്വഭവ) | 400000 | 0 | Ongoing |
| 331 | സുബ്രഹ്മുണ്യൻ സ്വാമിക്ഷേത്രം - പയ്യൂർ മന റോഡ് മെയിന്റനൻസ് വാര്ഡ് 18 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 478552 | 0 | Ongoing |
| 332 | ഇന്ദിര നഗർ റോഡ് റെസ്റ്റേറേഷൻ വാർഡ് 17 | SO | (തസ്വഭവ) | 315000 | 0 | Ongoing |

| | | | | | | |
|---|---|---|---|---|---|---|
| 333 | പറപ്പൂക്കാവ് അമ്പലം റോഡ് റീടാറിംഗ് ആന്റ് ഐറിഷ് | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 125688 | 0 | Ongoing |
| 334 | മനയ്ക്കൽ ഇടവഴി റോഡ് റീ ടാറിംഗ് വാർഡ് 15 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 306013 | 306013 | Completed |
| 335 | പാലയ്ക്കൽ റോഡ് മെയിൻറനൻസ വാർഡ് 17 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 174675 | 174674 | Completed |
| 336 | ചിറനെല്ലൂർ സ്കൂൾ റോഡ് മെയിൻറനൻസ് വാർഡ് 6 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 489385 | 486723 | Completed |
| 337 | കേച്ചേരി ചൂണ്ടൽ തലക്കോട്ടുകര സെൻററുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 65409 | 0 | Ongoing |
| 338 | തലക്കോട്ടുക്കര വായനശാല മെയിന്റനൻസ് വാർഡ് 9 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 50000 | 50000 | Completed |
| 339 | തൊമ്മിൽ രവി റോഡ് ടാറിംഗ് വാർഡ് 16 | SO | (തസ്വഭവ) | 563530 | 509825 | Completed |
| 340 | പൊതുസ്ഥാപനങ്ങളിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മാണം | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 22381 | 22381 | Completed |
| 341 | തലക്കോട്ടുകര ഞാലിക്കര റോഡ് മെയിൻറനൻസ് വാർഡ് 9 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 299174 | 299174 | Completed |
| 342 | പണിക്കർ റോഡ് നിർമ്മാണം വാർഡ് 18 | SO | (തസ്വഭവ) | 321917 | 300000 | Completed |
| 343 | അൽ അമീൻ സബ് റോഡ് നിർമ്മാണം വാർഡ് 14 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 495615 | 488528 | Completed |
| 344 | വിവിധ അങ്കണവാടികളുടെ മെയിൻറനൻസ് | SO | (തസ്വഭവ) | 500000 | 0 | Ongoing |
| 345 | തായങ്കാവ് ഓപ്പൺ ജിം-റൂഫ് സ്ഥാപിയ്ക്കൽ | SO | (തസ്വഭവ) | 128000 | 126205 | Completed |
| 346 | അകംപാടം റോഡ് കാന നിർമ്മാണം വാർഡ് 2 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 66000 | 56326 | Completed |
| 347 | വാഴാനി കനാൽ റോഡ് റീടാറിംഗ് വാർഡ് 9 | SO | (തസ്വഭവ) | 511760 | 511760 | Completed |
| 348 | പുത്തൂർ റോഡ് മെയിന്റനൻസ് വാർഡ് 10 | SO | (തസ്വഭവ) | 269310 | 0 | Ongoing |
| 349 | ബ്രദേഴ്സ് മന റോഡ് കാന നിർമ്മാണം വാർഡ് 17 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 329510 | 0 | Ongoing |
| 350 | ഹാപ്പിനെസ്സ് പാർക്ക് -പാറന്നൂർ ചിറ -അടിസ്ഥാനസൌകര്യമൊരുക്കൽ | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 1000000 | 957575 | Completed |
| 351 | ജവാൻ റോഡ് പാലയ്ക്കൽ റോഡ് റീടാറിംഗ് വാർഡ് 17 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 273242 | 273241 | Completed |
| 352 | പറപ്പൂർ റോഡ് രണ്ടാമത്തെ സബ് റോഡ് മെയിൻറനൻസ് വാർഡ് 4 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 50000 | 50000 | Completed |
| 353 | ബഡ്സ് സ്കൂളിന് കണ്ടെത്തിയ സ്ഥലത്ത് ചുറ്റുമതിൽ കുടിവെള്ളം സൌകര്യം തുടങ്ങിയ ഭൌതിക സാഹചര്യം ഒരുക്കൽ | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 899000 | 0 | Ongoing |
| 354 | കാർഗിൽ 1 റോഡ് മെയിൻറനൻസ വാർഡ് 11 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 645768 | 641820 | Completed |
| 355 | 16ാം വാർഡ് 47ാം നമ്പർ അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മാണം | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 193000 | 0 | Ongoing |
| 356 | സെന്റ് ആന്റണീസ് റോഡ് ടാറിംഗ് -വാർഡ് 17 | SO | (തസ്വഭവ) | 301011 | 0 | Ongoing |
| 357 | സൂര്യഗ്രാമം കണ്ടം ചിറ റോഡ് ഡ്രൈനേജ്-വാർഡ് 1 | SO | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 352248 | 0 | Ongoing |
| 362 | ഡെസ്റ്റിനേഷൻ ചലഞ്ച് - പാറന്നൂർ ചിറ നവീകരണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 10050000 | 5510164 | Ongoing |
| 363 | പൊതു കിണർ സംരക്ഷണം | SO | (തസ്വഭവ) | 310163 | 0 | Ongoing |
| 364 | ഏരുകുളം കുടിവെള്ള പദ്ധതി | SO | (തസ്വഭവ) | 801933 | 0 | Ongoing |
| 366 | തൂവ്വാന്നൂർ കുടിവെള്ളപദ്ധതി | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 400000 | 0 | Send to TS Details Entry |
| 367 | മൈത്രി റോഡ് നിർമ്മാണം വാർഡ് 10 | New | (തസ്വഭവ) | 655000 | 0 | Ongoing |
| 368 | ഉഷസ്സ് റോഡ് നിർമ്മാണം വാർഡ് 10 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 655000 | 0 | Send to TS Details Entry |
| 369 | തായങ്കാവ് ഇടവഴി കാന നിർമ്മാണം വാർഡ് 16 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 705000 | 0 | Ongoing |

| | | | | | | |
|---|---|---|---|---|---|---|
| 370 | പി എച് സി കുളം നിർമാണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 900000 | 0 | Send to TS Details Entry |
| 371 | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം | New | (തസ്വഭവ) | 100000000 | 0 | Sent for AS |
| 379 | തലക്കോട്ടുക്കര സബ്സെന്റർ-കെട്ടിടനിർമ്മാണം | New | (തസ്വഭവ) | 3017301 | 1775728 | Ongoing |
| 380 | കേച്ചേരി ഗ്രാമീണ വായനശാല റാക്ക് സ്ഥാപിക്കൽ മെയിന്റനൻസ് | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 175000 | 0 | Send to TS Details Entry |
| 381 | കുറ്റിക്കാട്ടുകര ബൈപാസ് റോഡ് മെയിന്റനൻസ് | New | (തസ്വഭവ) | 426940 | 0 | Tendered |
| 382 | പിഎച്ച്സി മെയിൻ സെന്റർ പട്ടിക്കര പൂർത്തീകരണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 316100 | 0 | Ongoing |
| 386 | കരിമ്പനക്കൽ റോഡ് ടാറിംഗ് വാർഡ് 13 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 780000 | 0 | Send to TS Details Entry |
| 387 | അകംപാടം റോഡ് ടാറിംഗ് വാർഡ് 2 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 600000 | 0 | Send to TS Details Entry |
| 389 | ഏറാട്ടുകുളം മോട്ടോർ ഷെഡ് നിർമ്മാണം വാർഡ് 9 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Send to TS Details Entry |
| 391 | കണ്ടൻചിറ കണ്ടേരി റോഡ് കട്ട വിരിക്കൽ | New | (തസ്വഭവ) | 300000 | 0 | Tendered |
| 392 | ഹിൽ ഗാർഡൻ റോഡ് മെയിന്റനൻസ് | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 550000 | 0 | Send to TS Details Entry |
| 393 | സൂര്യ ഗ്രാമം കണ്ടൻചിറ റോഡ് പൂർത്തീകരണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 250000 | 0 | Tendered |
| 394 | ദുബായ് റോഡ് മെയിന്റനൻസ് വാർഡ് 4 | New | (തസ്വഭവ) | 100000 | 0 | Tendered |
| 395 | പോസ്റ്റ് ഓഫീസ് റോഡ് മെയിന്റനൻസ് വാർഡ് 12 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 500000 | 0 | Send to TS Details Entry |
| 396 | അൽ അമീൻ റോഡ് റീസ്റ്റോറേഷൻ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 250000 | 0 | Send to TS Details Entry |
| 397 | സൌഹൃദ റോഡ് റീസ്റ്റോറേഷൻ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 275000 | 0 | Send to TS Details Entry |
| 400 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം പെയിന്റിംഗ് അനുബന്ധ പ്രവർത്തനങ്ങൾ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 50000 | 0 | Send to TS Details Entry |
| 407 | നെടിയേടത്ത് റോഡ് സെക്കണ്ട് റീച്ച് പൂർത്തീകരണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 120000 | 0 | Send to TS Details Entry |
| 408 | അസിഎഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 100000 | 0 | Send to TS Details Entry |
| 409 | സെന്റ് ആന്റണീസ് റോഡ് പൂർത്തീകരണം വാർഡ് 17 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 150000 | 0 | Send to TS Details Entry |
| 410 | കെആർ നാരായണൻ കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് എസ്സിപി | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 500000 | 0 | Send to TS Details Entry |
| 411 | ഏഴുപുര കുടിവെള്ളപദ്ധതി വാർഡ് 20 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 600000 | 0 | Send to TS Details Entry |
| 412 | അംബേദ്കർ റോഡ് കുടിവെള്ളപദ്ധതി വാർഡ് 18 | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 254195 | 0 | Send to TS Details Entry |
| 413 | പുത്തൂർ റോഡ് റീസ്റ്റോറേഷൻ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 264000 | 0 | Send to TS Details Entry |
| 414 | പട്ടിക്കര കിഴക്കുമുറി കനാൽ റോഡ് മെയിന്റനൻസ് | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 80000 | 0 | Send to TS Details Entry |
| 415 | പട്ടിക്കര കിഴക്കുമുറി കനാൽ റോഡ് റീസ്റ്റോറേഷൻ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 120000 | 0 | Send to TS Details Entry |
| 417 | വെട്ടുക്കാട് യുവസേന റോഡ് കുടിവെള്ളപദ്ധതി പൂർത്തീകരണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 422300 | 0 | Send to TS Details Entry |
| 419 | ചൂണ്ടൽകുന്ന് അങ്കണവാടി സ്മാർട്ട് അങ്കണവാടി ആക്കൽ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 600000 | 0 | Send to TS Details Entry |
| 420 | എരനെല്ലൂർ അമ്പലം കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ റിപ്പയർ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 50000 | 0 | Send to TS Details Entry |
| 421 | വാർഡ് 1 ലെ സമുദായപുര കുടിവെള്ളടാങ്ക് ഉയർത്തൽ | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 | 0 | Send to TS Details Entry |
| 422 | എരനെല്ലൂർ ഭരണിക്കുളം പൊതുകിണർ സംരക്ഷണം | New | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 100000 | 0 | Send to TS Details Entry |

# ഉപസംഹാരം

രണ്ടര പതിറ്റാണ്ട് പൂർത്തീകരിച്ച ജനകീയാസൂത്രണം പ്രസ്ഥാനത്തിന്റെ നേട്ട കോട്ടങ്ങൾ സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടാണ് പതിനാലാം പദ്ധതിയുടെ മുന്നൊരുക്കങ്ങൾ ആരംഭിക്കുന്നത്. 5 പഞ്ചവത്സര പദ്ധതികളിലായി നിരവധി വികസന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടന്നിട്ടുണ്ട്. എന്നാൽ കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് പുതിയ പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നു. പ്രശ്നങ്ങളുടെ സ്വഭാവമനുസരിച്ചാണ് പരിഹാരങ്ങൾ നിർദ്ദേശിക്കേണ്ടത്. അതിവേഗം നഗരവൽക്കരിക്കുന്ന പ്രദേശമാണ് നമ്മുടേത്. ജനങ്ങളുടെ ജീവിത ക്രമത്തിലും ഇതനുസരിച്ച് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ നാം അഭിമുഖീകരിച്ച വികസന പ്രശ്നങ്ങളല്ല 14-ാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുമ്പോൾ നാം നേരിടുന്നത്. പുതിയ കാലഘട്ടിത്തിലെ പുത്തൻ വെല്ലുവിളികളെ നേരിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കേണ്ടത്. കഴിഞ്ഞ 25 വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങളെ വിലയിരുത്തുവാനുള്ള ഒരു ശ്രമമാണ് ഈ രേഖയിലൂടെ നടത്തിയിട്ടുള്ളത്. ഇത് പൂർണ്ണമല്ല. കൂടുതൽ ചർച്ചകളിലൂടെ വിപുലപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ അവസ്ഥാരേഖ തയ്യാറാക്കുന്നതിനായി ഞങ്ങളോട് സഹകരിച്ച ഏവരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ അവസ്ഥാരേഖ സമർപ്പിക്കുന്നു.

അഭിവാദ്യങ്ങളോടെ,

ആസൂത്രണ സമിതി